THE MALANKARA SABHA

മലങ്കരസഭ

ഡിസംബർ 2016

The Official Media of Malankara Orthodox Syrian Church

Rs : 15

HAPPY CHRISTMAS AND PROSPEROUS NEW YEAR 2017

VISIT OF H.H. ABUNE MATHIAS PATRIARCH OF ETHIOPIA

മലങ്കരയുടെ വലിയ ബാവാ
പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ
(കുറിച്ചി ബാവായുടെ) 53-ാം ഓർമ്മപ്പെരുന്നാൾ
കുറിച്ചി വലിയ പള്ളിയിൽ

2017 ജനുവരി 1, 2
(ഞായർ, തിങ്കൾ)
തീയതികളിൽ





പ. ബസേലിയോസ് മാർത്തോമ്മാ
പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ



ഡോ. യൂഹാനോൻ മാർദിയസ്ക്കറോസ്
മെത്രാപ്പോലീത്താ

ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ പെരുന്നാൾ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കുന്നു. സഭയിലെ അഭിവന്ദ്യ തിരുമേനിമാരും, മറ്റ് സാമുദായിക-രാഷ്ട്രീയ നേതാക്കന്മാരും പങ്കെടുക്കുന്നു.

ഡോ. ജോഷ്വാ മാർ നിക്കോദിമോസ്
മെത്രാപ്പോലീത്താ

- അഖിലമലങ്കര പ്രസംഗമത്സരം
- എക്യുമെനിക്കൽ റാലി
- പെരുന്നാൾ റാസ
- വി. മൂന്നിന്മേൽ കുർബ്ബാന
- പ. ഗീവർഗീസ് ദ്വിതീയൻ അനുസ്മരണ പൊതുസമ്മേളനം
- തീർത്ഥാടക സംഗമം
- ശ്രാദ്ധ സദ്യ ◆ തീർത്ഥയാത്ര

- പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മദ്ധ്യസ്ഥതയിൽ നാനാജാതി മതസ്ഥർക്ക് അനുഭവസാക്ഷ്യമായ ഈ പുണ്യഭൂമി, അനുഗ്രഹത്തിന്റെ തീർത്ഥാടന കേന്ദ്രമായി പരിലസിക്കുന്നു...
- പരിശുദ്ധ ബാവായുടെ മാതൃദേവാലയത്തിൽ ആദ്യവെള്ളിയാഴ്ചകളിൽ താല്പര്യമുള്ള വൈദികരെ വി. കുർബ്ബാന അർപ്പിക്കുവാൻ ക്ഷണിക്കുന്നു.

ഫാ. വി.എം.ഏബ്രഹാം വാഴയ്ക്കൽ,
(വികാരി & ദേവലോകം പെരുനാൾ
ജന. കൺവീനർ)
ഫോൺ: 9446384402

ST. PETERS & ST. PAUL'S ORTHODOX CHURCH (KURICHY VALIYAPALLY), NEELAMPEROOR P.O., KURICHY-686534

kurichybava@yahoo.com, www.facebook.com/Kurichy-Valiyapally

മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 12, പുസ്തകം 70, ഡിസംബർ 2016

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ
53-ാം ഓർമ്മ
(ദേവലോകം അരമനയിൽ) ജനു. 3)

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

അകം



ഡോ. മാത്യൂസ് മാർ സേവേറിയോസ് 4
മഹാപുരോഹിത സന്ദേശം 5
എഡിറ്റോറിയൽ 6
ഡീക്കൻ ജേക്കബ് എൻ വർഗീസ് 12
ഫാ. ഡോ. വർഗീസ് കെ. ജോഷ്വ 14
ഡീക്കൻ ജോബ് സാം മാത്യു 15
പ്രൊഫ. വിപിൻ കെ. വർഗീസ് 18
വർഗീസ് ജോൺ തോട്ടപ്പുഴ 22
ഫാ.ഡോ. റ്റി. ജെ. ജോഷ്വ 29
ഫാ. എം. കെ. കുര്യൻ 34
ഡോ. എം.എസ്. അലക്സാണ്ടർ 34
ഫാ. ഡോ. റെജി ഗീവർഗീസ്, മുട്ടം 38
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം 41
എ.കെ. ജോസഫ് 43
ഫാ. ജോസ് തോമസ് 45
കെ. വി. മാമ്മൻ കോട്ടയ്ക്കൽ 47



ORDER OF ST. THOMAS PRESENTED TO H.H. ABUNE MATHIAS PATRIARCH OF ETHIOPIA

എത്യോപ്യൻ പാത്രിയർക്കീസ് പ. ആബൂനാ മത്ഥിയാസ് പ്രഥമൻ ബാവായ്ക്ക് ഓർഡർ ഓഫ് സെ. തോമസ് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയം പഴയ സെമിനാരിയിൽ വച്ച് നൽകുന്നു

എത്യോപ്യൻ പാത്രിയർക്കീസ് പരിശുദ്ധ ആബൂനാ മത്ഥിയാസ് പ്രഥമന് ഓർഡർ ഓഫ് സെ. തോമസ് നൽകിയതിനു ശേഷം : കോട്ടയം പഴയ സെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും അഭിവന്ദ്യ പിതാക്കന്മാരും

മലങ്കരസഭ

10 ഡിസംബർ 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

Cover & Graphic Designing:-
Jinto Kurichy @
Malankara Sabha

Cover :
Thiruvalla Paliyekkara Pally

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
13 മാസം : 200 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



ഡോ. മാത്യൂസ് മാർ സേവേറിയോസ്
മെത്രാപ്പോലീത്താ

ദൈവം കരുണയുടെ ഉറവിടമാണ്. മനുഷ്യനും അങ്ങിനെ ആയിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. സഹോദര സ്നേഹം വാക്കുകളിലല്ല പ്രവൃത്തിയിലാണ് നാം വെളിപ്പെടുത്തേണ്ടത്. എന്റെ കൈവശം ഉപയോഗിക്കാതിരിക്കുന്ന പണവും സമ്പാദ്യങ്ങളും മറ്റാർക്കോ ഉള്ളതാണെന്നും അത് കയ്യിൽ ഇരിക്കുന്നിടത്തോളം ഞാൻ ഒരു മോഷ്ടാവാണെന്നും മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോക്യയിലെ തെയോഫിലോസ് എന്ന സഭാ പിതാവ് പറഞ്ഞത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. നമ്മുടെ സ്വാർത്ഥത അതു കേൾക്കാതിരിക്കുവാൻ നമ്മുടെ കാതുകൾ അടച്ചുകളയുന്നു എന്ന സത്യം നിഷേധിക്കാനാവില്ലല്ലോ.

മനുഷ്യന് ഈ ലോകത്തിൽ ദൈവം തന്നിരിക്കുന്ന വിഭവശേഷി എല്ലാവരും പങ്കിട്ടെടുക്കുകയാണെങ്കിൽ ലോകത്തിൽ ദാരിദ്ര്യം ഇല്ലായിരിക്കുമെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതു നാം കാര്യമായി ചിന്തിക്കേണ്ടതല്ലേ?. കോടിക്കണക്കിനു പണം നമ്മുടെ പേരിൽ സ്വദേശ വിദേശ ബാങ്കുകളിലായി നിക്ഷേപത്തിലിരിക്കുമ്പോൾ നമ്മുടെ സമസൃഷ്ടങ്ങളായ സഹോദരങ്ങൾ ചികിത്സയ്ക്കു പണമില്ലാത്തതിനാൽ മരിക്കുകയോ വിദ്യാഭ്യാസത്തിനു പണമില്ലാത്തതിനാൽ സാദ്ധ്യതകൾ നഷ്ടപ്പെടുകയോ, പണമില്ലാത്തതിനാൽ ഇടിഞ്ഞു പൊളിഞ്ഞു ചോരുന്ന പുരയിൽ താമസിക്കേണ്ടിവരുകയോ ചെയ്യുന്നതെങ്കിൽ നാം നീതി പുലർത്തുന്ന വരാണോ എന്ന് ചിന്തിക്കേണ്ടതല്ലേ? അട്ടപ്പാടിമലകളിലെ 192 ഊരുകളിൽ ഭക്ഷണ ദാരിദ്ര്യം മൂലം ജനങ്ങൾ മരിക്കുമ്പോൾ അതിന്റെ പതിന്മടങ്ങ് ആളുകൾ നമ്മുടെ നാട്ടുമ്പുറങ്ങളിൽ ഭക്ഷണം കൂടുതൽ തുടർച്ചയായി കഴിച്ചതിനാൽ മരണത്തെ നേരിടുന്നത് നമ്മുടെ ചിന്തയിലുണ്ടോ?.

വിവിധ തരത്തിൽ സാമ്പത്തികമായും ശാരീരികമായും മാനസികമായും പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുവാനുള്ള സാമൂഹ്യപ്രതിബദ്ധത കണക്കിലെടുത്തുകൊണ്ടാണ് കണ്ടനാടു വെസ്റ്റ് ഭദ്രാസനം 1993 മുതൽ ഈ രംഗത്തുപ്രവർത്തിക്കുന്നത്. കഴിഞ്ഞ 14 വർഷങ്ങൾ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി, പ്രതിഭാ ചാരിറ്റബിൾ ട്രസ്റ്റ് എന്നീ പ്രസ്ഥാനങ്ങളിൽക്കൂടി ഈ ഭദ്രാസനത്തിന് ചെറുതായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് മനോഗുണവാന്മാരായ അനേകരിൽക്കൂടി ദൈവം കനിഞ്ഞു നൽകിയ അത്ഭുത കൃപമൂലമാണ്.

നിലവിലുള്ള 14 ജീവകാരുണ്യ പ്രസ്ഥാനങ്ങൾ ഒരുവിധം ഭംഗിയായി നടക്കുന്നതിനാലാവാം 15-ാമതും 16-ാമതുമായി രണ്ടു പ്രസ്ഥാനങ്ങൾക്കുകൂടി ഈ ഭദ്രാസനത്തെ ഉപയോഗിക്കുവാൻ ദൈവം മുതിരുന്നത്. കോലഞ്ചേരി പ്രസാദം സെന്റർ ആസ്ഥാനമായി പാവപ്പെട്ട രോഗികൾക്കുവേണ്ടിയുള്ള ഒരു സൗജന്യ ക്ലിനിക് 15-ാമത്തെ പദ്ധതിയാണ്. സമൂഹത്തിന്റെ സൃഷ്ടി പരമായ പ്രവർത്തനങ്ങളിൽ നിന്നു വിരമിച്ചു വിശ്രമജീവിതം നയിക്കുന്ന പൗരന്മാർക്കുവേണ്ടി ഒരു വിശ്രമ ജീവിത കേന്ദ്രം പോത്താനിക്കാട് പൈങ്ങോട്ടൂർ ഗ്രാമപ്രദേശത്ത് ഒരു സഭാ സ്നേഹി സൗജന്യമായി നൽകുന്ന പത്തേക്കർ സ്ഥലത്ത് നിർമ്മിക്കുന്നതാണ് 16-ാമത്തെ നമ്മുടെ സംരംഭം. ജാതിമതഭേദമെന്യേ, സാമ്പത്തിക വ്യത്യാസങ്ങളില്ലാതെ എല്ലാവർക്കും ഇവിടെ പ്രവേശനം നൽകുവാൻ ഉദ്ദേശിക്കുന്നു.

സ്നേഹിതരെ, നിങ്ങളുടെ ഇതുവരെയുള്ള കൈത്താങ്ങലിന് ദൈവം പ്രതിഫലം നൽകട്ടെ. തുടർന്നും നിങ്ങളുടെ സഹായഹസ്തങ്ങൾ കുറുകിപ്പോകയില്ലയെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. നമുക്ക് ഒരുമിച്ചു ഈ രംഗത്ത് ദൈവ കരുണയിൽ ആശ്രയിച്ചു മുന്നോട്ടുപോവാം. ഈ സംരംഭത്തിൽ മുന്നിട്ടു പ്രവർത്തിക്കുന്ന എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെ മനോഹരമായ സുദിനങ്ങളിൽ കാരുണ്യപ്രവർത്തനങ്ങൾക്ക് ഹൃദയം തുറന്നു സഹായിക്കുവാൻ ഏവർക്കും കഴിയട്ടെ.

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

ലോകത്തിന്റെ രക്ഷകനായി പിറന്ന യേശുവിന്റെ ജനനപ്പെരുന്നാൾ നാം ആഘോഷിക്കുകയാണ്. വലിയ സന്തോഷവും ആഹ്ലാദവും പകരുന്ന ഒരു പെരുന്നാളാണിത്. ക്രിസ്തുവിന്റെ ജനനം ഏറ്റവും ലളിതവും ദരിദ്രരോട് അനുരൂപപ്പെട്ടതുമായിരുന്നു. മനുഷ്യനെ സ്നേഹിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം തെരഞ്ഞെടുത്ത ഒരു മാർഗ്ഗമായിരുന്നു സ്വപുത്രനെ ലോകത്തിലേക്ക് അയയ്ക്കുക എന്നത്. മനുഷ്യകുലത്തിന്റെ രക്ഷകനായ യേശുവിന്റെ ജനനം വളരെ സങ്കടകരമായ പശ്ചാത്തലത്തിലായിരുന്നു നടന്നത്. ബേദ്ലഹേമിൽ മനുഷ്യരാരും ഈ പൈതലിന് ജനിക്കുവാൻ തക്കവണ്ണം ഒരിടം കൊടുത്തില്ല. വഴിയമ്പലങ്ങളിലോ സത്രങ്ങളിലോ അതിന് അവസരവും ഉണ്ടായില്ല. അങ്ങനെ വിഷമിച്ചിരിക്കുന്ന സന്ദർഭത്തിലാണ് മൃഗങ്ങളുടെ തൊഴുത്തിൽ, പുൽക്കൂട്ടിൽ ഗർഭിണിയായ മറിയം പൈതലിനെ പ്രസവിക്കുന്നത്. ഈ ജനനം ലോകത്തിനുള്ള വലിയ സന്ദേശമാണ് പങ്കിടുന്നത്.

സർവ്വജനത്തിനും ഉണ്ടാകാനുള്ള മഹാസന്തോഷമാണെന്നു മാലാഖമാർ പാടി. ക്രിസ്മസ് മഹാദാനമാണ്, കാരണം ദൈവം ലോകത്തെ സ്നേഹിച്ച് അതിന്റെ രക്ഷയ്ക്കായി പുത്രനെ നൽകി. ലോകത്തിന്റെ രക്ഷകൻ ജനിച്ചത് പശുത്തൊഴുത്തിൽ. കച്ചവടലാഭവും യാന്ത്രിക ജീവിതവും കൊടികുത്തിവാഴുന്ന സ്വാർത്ഥതയും ഉള്ളിടങ്ങളിൽ യേശു തിരസ്കൃതനാവുകയാണ്. ആയുസ്സ് മുഴുവൻ സ്വന്തം മക്കൾക്കുവേണ്ടി ജീവത്യാഗം ചെയ്ത മാതാപിതാക്കൾ മക്കളാൽ തിരസ്കരിക്കപ്പെടുമ്പോൾ, രോഗികളും അഗതികളും ചൂഷിതരും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു തിരസ്ക്കരിക്കപ്പെടുമ്പോൾ അവിടെയെല്ലാം യേശുവും തിരസ്കരിക്കപ്പെടുന്നു.

ദിവ്യമായ ശാന്തിയും നീതിയും സുരക്ഷിതത്വവും ആവശ്യമുള്ളവർ തങ്ങളുടെ ഹൃദയങ്ങളിൽ ഒരിടം യേശുവിന് നൽകിയാൽ ക്രിസ്മസ് അനുഗ്രഹമാകും. ദാരിദ്ര്യത്തേയും ലാളിത്യത്തേയും സ്നേഹിച്ച യേശുവിന്റെ ജീവിതവും സന്ദേശവും ലോകത്തിന് പകർന്നു...?

ക്രിസ്തുമസ് സന്തോഷമാണെങ്കിലും ആഹ്ലാദിക്കുന്നവരേക്കാൾ കൂടുതൽ നൊമ്പരങ്ങളും വേദനകളും രോഗ ദുഃഖങ്ങളും അനുഭവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് എന്നത് നാം തിരിച്ചറിയണം. എത്രയോ മനുഷ്യർ വീടുകൾ നഷ്ടപ്പെട്ട്, ആരോഗ്യം നഷ്ടപ്പെട്ട് ജനിച്ച ഭൂമിയിൽ നിന്നും പാലായനം ചെയ്ത് ജീവരക്ഷയ്ക്കുവേണ്ടി ഓടിപ്പോകുന്നു.

ക്രിസ്തുമസ് എല്ലാവരേയും ഉൾക്കൊള്ളുവാനും ദരിദ്രരോടും പാവപ്പെട്ടവരോടും കരുണ കാണിക്കുവാനുമായി നമ്മുടെ മനസ്സിൽ വെളിച്ചം ഉണ്ടാകണം. ക്രിസ്തു വെളിച്ചമായിരുന്നു. ആ വെളിച്ചം നമ്മുടെ മനസ്സിലേക്ക് ധാരാളമായി കടന്നു കയറണം. ഈ ക്രിസ്തുമസ് വേളയിൽ സ്വർഗ്ഗീയ മാലാഖമാരുടെ സമാധാന ആശംസ മനുഷ്യഹൃദയങ്ങളിൽ പുനർജനിക്കണം.

മനുഷ്യമനസ്സുകളിലെ ഇരുട്ടിന് പകരമായി വെളിച്ചം ഉണ്ടായി ലോകത്തിന് മുഴുവൻ വെളിച്ചമായി തീരുവാൻ ഏവർക്കും കഴിയണം. എല്ലാവർക്കും ക്രിസ്തുമസ് മംഗളങ്ങളും നവവത്സര ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

CHRISTMAS

ശാന്തിയുടെ മഹോത്സവം



Glory to God
PEACE ON EARTH

ക്രിസ്തുമസ്
എല്ലാവർക്കും
അനുഗ്രഹപ്രദമായ
ക്രിസ്തുമസ്
പുതുവർഷ ആശംസകൾ

'
അനന്തമായ ആഹ്ലാദവും ആനന്ദവും ഏതെങ്കിലും വിജയത്തിൽ നിന്നോ നേട്ടത്തിൽ നിന്നോ ഉണ്ടാകുന്നതല്ല. അത് വസിക്കുന്നത് മനുഷ്യമനസ്സിലും ഹൃദയത്തിലുമാണ് ആത്യന്തികമായ ആഹ്ലാദത്തിന്റെ ഉറവിടം അവരവരിൽ തന്നെയാണ്.

- ദലൈലാമ (The Book of Joy, 2016)

* * *

അത്യുന്നതമായ ആഹ്ലാദം ജീവിതത്തിൽ ലഭ്യമാകുന്നത് കാരുണ്യ പ്രവൃത്തികളിലൂടെയാണ്. ദൈവം കൂട്ടായ്മയും കാരുണ്യവും ഇഷ്ടപ്പെടുന്നു. ജീവിതത്തിൽ പരീക്ഷണങ്ങളും പ്രതിസന്ധികളും വർദ്ധിക്കുമ്പോൾ കാരുണ്യത്തിന്റെ മഹത്വം തിരിച്ചറിയും.

- ബിഷപ്പ് ഡെസ്മണ്ട് റ്റുറ്റു (The Book of Joy, 2016)

* * *

തിരസ്കരിക്കപ്പെട്ടവന്റെ വേദനയുടെ പേരാണ് പ്രവാസം. കുടിയിറക്കപ്പെട്ടവന്റെ അവസാന അത്താണിയാണ് പ്രവാസം. നിഷ്കാസിതന്റെ വിലാപമാണ് പ്രവാസം. Exile, Migration, Refuge എന്നീ മൂന്ന് അവസ്ഥകൾക്കും കൂടി മലയാളി പ്രവാസം എന്ന ഒറ്റപ്പദം ഉപയോഗിക്കുന്നതിൽ ഒരു വലിയ അപരാധമുണ്ട്.

- ബെന്യാമിൻ (കുടിയേറ്റം; 2016)

ദൈവം മനുഷ്യനായിത്തീർന്ന മഹോത്സവമാണ് ക്രിസ്തുമസ്. ദൈവസ്നേഹത്തിന്റെ അതിരുകളില്ലാത്ത കാഴ്ചയാണ് വെളിപ്പെടുന്നത്. വചനം ജഡമായി തീർന്നു (യോഹ. 1:14). മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ശരീരം ധരിച്ച് മനുഷ്യനായിത്തീർന്നു. ഇത് സഭയുടെ വിശ്വാസ പ്രഖ്യാപനം കൂടിയാണ്. മനുഷ്യൻ ദൈവികതയിലേക്ക് വളരണം എന്ന സന്ദേശമാണ് യേശുവിന്റെ ജനനപ്പെരുന്നാൾ വിളംബരം ചെയ്യുന്നത്. ക്രിസ്തുവിൽ പുതുമനുഷ്യനായിത്തീർന്ന് ദൈവികതയിലേക്ക് നിരന്തരം വളർന്നു വരണമെന്ന് പൗരസ്ത്യ ഗുരുക്കന്മാർ പഠിപ്പിക്കുന്നു. *മനുഷ്യനായ ദൈവം* എന്നതിൽ ദൈവമായിത്തീരുന്ന മനുഷ്യൻ എന്ന ദർശനവും ഉൾക്കൊള്ളുന്നു എന്ന് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വ്യാഖ്യാനിക്കുന്നു. *ദൈവമായി തീരുക* എന്നതിന് ദൈവികരിക്കപ്പെടുക, ദൈവസ്വരൂപമാകുക, ദൈവമക്കളാകുക എന്നും ദൈവികരണത്തിലേക്ക് വളരുക എന്നും അർത്ഥം. ഭൗതിക പ്രലോഭനങ്ങളിൽ നിന്ന് ഒഴിഞ്ഞ് നന്മയിലും വിശുദ്ധിയിലും വളരുന്ന ജീവിതക്രമം ദൈവികതയിലേക്കുള്ള വളർച്ചയാണ്. ഇതിൽ സ്നേഹവും ത്യാഗവും ഉൾച്ചേരുന്നു. ശാന്തിയിലും സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായി സമ്പൂർണ്ണ മനുഷ്യത്വത്തിലേക്കുള്ള ആത്മീയ വളർച്ചയാകണം ക്രിസ്തുമസിന്റെ ആത്മീയത.

ദൈവസ്നേഹവും സന്തോഷവും പങ്കിടുന്ന ക്രിസ്തുമസ് സന്മനസ്സുള്ളവരുടെ കൂട്ടായ്മയാണ്. ഇത് പ്രത്യാശയുടെ പുതിയ ആകാശവും ഭൂമിയും ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണ്. ക്രിസ്തുമസ് സകല മനുഷ്യർക്കും രക്ഷാകരമായ വെളിച്ചം ഉദിച്ച (തീത്തോസ് 2:11) സുദിനം. ആത്മശരീര മനസുകൾക്ക് ആഹ്ലാദവും സ്വർഗീയ ശാന്തിയും പകരുന്ന മഹത്വദിനം. ശാന്തിയും സ്നേഹവും സന്തോഷവും പകരുന്ന ദൈവസ്നേഹത്തിന്റെ അനുഭവമാണ് ക്രിസ്തുമസ്. മരണത്തിനും ജീവനുമിടയിൽ വിശ്വശാന്തി പകരുവാൻ വിളിക്കപ്പെടുന്ന ദൗത്യമാണ് ക്രിസ്തുമസ്. അനന്തമായ ദൈവ കൃപയും ക്ഷമയും സൗഖ്യവും പങ്കിടിലും ലഭ്യമാകുന്ന സദ്വാർത്ത, ഉൾക്കൊള്ളാൻ തിരസ്കൃതരായ ആട്ടിടയർക്ക് അവസരം ലഭിച്ചു. ഇത് ദൈവികമായ രഹസ്യമെന്ന് പിതാക്കന്മാർ പ്രാർത്ഥനകളിൽ എഴുതി.

നക്ഷത്രത്തെ അനുഗമിച്ച വിദ്വാന്മാർ എത്തിച്ചേരുന്നത് കാലിത്തൊഴുത്തിലാണ്. അവിടെയാണ് സമാധാന പ്രഭുവിനെ കണ്ടെത്തുന്നത്. സ്വർഗ്ഗീയ ഗീതങ്ങളും സന്ദേശങ്ങളും കാഴ്ചകളും ഉൾക്കൊണ്ട ആഹ്ലാദകരമായ സന്ദർഭങ്ങൾക്ക് ശേഷം ശിശുവായ യേശുവിനെ നശിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ തന്ത്രങ്ങളാണ് അവർ തിരിച്ചറിയുന്നത്. നിസ്സഹായനായ ജോസഫും മറിയവും യേശുവിനെക്കൊണ്ട് മിസ്രേമിലേക്ക് ഓടിപ്പോകുകയാണ്. ഹേരോദാവ് യേശുവിനെ കൊല്ലുവാൻ അന്വേഷിക്കുന്നു (മത്താ. 2:13).

EDITORIAL

യഹൂദന്മാർക്ക് രാജാവായി പിറന്നവൻ എന്ന ബോധ്യമാണ് ഹേരോദാവിനെ കോപിഷ്ഠനാക്കിയത്. ഹേരോദാവിന് ഒരു ബദൽ അധികാരിയെക്കുറിച്ച് ആലോചിക്കുക അസാധ്യമായിരുന്നു. അതിനാൽ രണ്ടു വയസ്സിന് താഴെയുള്ള ആൺകുട്ടികളെ ഒക്കെയും ബേത്‌ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും ആളയച്ചു കൊല്ലിച്ചു (മത്താ. 2:16). ക്രൂരനായ ഭരണാധികാരിയുടെ ധിക്കാരത്തിന്റെ ബാക്കിപത്രമാണ് നിഷ്കളങ്ക ബാല്യങ്ങളുടെ അന്ത്യം.യേശുവിന്റെ ജീവൻ രക്ഷിക്കുവാൻ ജോസഫും മറിയമും സഹിച്ച വേദനകൾ എത്രയധികം!

ദുഷ്കർമ്മിയായ ഹേരോദാ രാജാവിന്റെ നിർദ്ദയ വാഴ്ചയിൽ പിടഞ്ഞു വീണ ജീവനുകൾ അനവധിയാണ്. അധികാരികളും ഭരണകൂടവും പക്ഷപാതത്തോടെ എടുക്കുന്ന സ്വാർത്ഥ തീരുമാനങ്ങൾക്ക് ഇരയാകുന്നത് നിസ്സഹായരായിരിക്കും. പണവും അധികാരവും ലഭ്യമാകുമ്പോൾ ജനാധിപത്യ വിരുദ്ധ നിയമ നിർമ്മാണങ്ങളും പ്രബോധനങ്ങളും നടപ്പാക്കുന്ന ഭരണകൂട വ്യവസ്ഥിതിയാണുള്ളത്. ഇതിനെ പ്രതിരോധിക്കുവനുള്ള ആർജ്ജവവും ചൈതന്യവും ശിഥിലമാക്കപ്പെടുന്ന പൊതുസമൂഹത്തിന്റെ നിസ്സംഗതയാണ് ശക്തിപ്പെട്ടത്. ഇന്നും ക്രിയാത്മക ബദലുകളെ തകർക്കുന്ന ഹെരോദ്യദർശനത്തിന്റെ ഇരകൾ ബലഹീനരും തിരസ്കൃതരുമായിരിക്കും.

ബേത്‌ലഹേമിൽ ഉയർന്ന അമ്മമാരുടെയും കുട്ടികളുടെയും കരച്ചിലും നിലവിളിയും (മത്താ. 2:17) ഇപ്പോഴും വിവിധ തരത്തിൽ ഭൂമുഖത്ത് ശക്തിപ്പെടുകയാണ്. നിഷ്ഠുരരായ ഭരണകർത്താക്കളുടെ പീഡനം മൂലം കുടിയിറങ്ങി അഭയാർത്ഥികളാകുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. ഭൂമിയിൽ 113 പേരിൽ ഒരാൾ അഭയാർത്ഥിയാണെന്ന് യു.എൻന്റെ 2016-ലെ സ്ഥിതി വിവര കണക്ക് വിളിച്ചറിയിക്കുന്നു. 65 മില്യൺ ജനങ്ങൾ, ചിതറിപ്പാർക്കുന്ന, അഭയാർത്ഥികളാണ്. ഇത്രയധികം അഭയാർത്ഥികളുടെ എണ്ണം ലോകത്ത് വർദ്ധിക്കുന്നത് ആദ്യമായാണ്. നെയ്തെടുത്ത സ്വപ്നങ്ങൾ വാരിക്കൂട്ടി ജനങ്ങൾ പടിയിറങ്ങി ഓടി ഒളിക്കേണ്ടിവരുന്ന സാഹചര്യം ഓരോ രാഷ്ട്രവും നേരിടുന്ന വെല്ലുവിളിയാണ്. സിറിയയിലെ ആലപ്പോയിൽ കഴിഞ്ഞ ഒരാഴ്ചക്കുള്ളിൽ നാൽപ്പതിനായിരം പേരെ മാറ്റി പാർപ്പിച്ചു. ഇതിൽ 20,000 പേർ കുട്ടികളായിരുന്നു. യുദ്ധം, രാഷ്ട്രീയ തിരസ്ക്കാരം, കലാപം, പകർച്ചവ്യാധി, കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ക്ഷോഭം, ഭീകരത എന്നിവയാൽ കുടിയിറക്കപ്പെടുന്നവർ അനേകരാണ്. മനുഷ്യന്റെ അന്തസ്സും, സ്വാതന്ത്ര്യവും ജീവിതവും തിരസ്ക്കരിക്കുന്ന അഭയാർത്ഥി ജീവിതത്തിന്റെ കണ്ണീർക്കഥകൾ അനവധിയാണ്. ഓരോ ക്രിസ്തുമസും അഭയാർത്ഥികളുടെ ജീവിതാവസ്ഥയുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ്. പ്രാണരക്ഷാർത്ഥം യേശുവിനേയും കൂട്ടിയുള്ള കുതിപ്പാണ് ജോസഫും മറിയവും ഏറ്റെടുത്തത്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള *ഇമ്മാനുവേലിനെ* മാറോട് ചേർത്തുള്ള യാത്ര തീർത്തും കനൽ വഴികളായിരുന്നു. യേശുവിന്റെ ജനനത്തിന് മുമ്പും പിമ്പും പ്രവാസത്തിന്റെ മരണമുഖങ്ങളിലൂടെയുള്ള യാത്ര വിസ്മരിക്കുവാൻ കഴിയുമോ?

ദേശാന്തരികളും അഭയാർത്ഥികളുമായി കഴിയുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇവരിൽ അനേകർ വൃദ്ധനായ ജോസഫ്, മറിയം, ശിശുവായ യേശു എന്നിവരെപ്പോലെ പ്രായഭേദമെന്യേ പലായനം ചെയ്യുവാൻ വിധിക്കപ്പെടുന്നു. സ്ത്രീത്വത്തിന്റെ അന്തസ്സ് സംരക്ഷിക്കുവാൻ ഒരിടം തേടിയ നീതിമാനായ ജോസഫിനെപ്പോലെ അന്തിയുറങ്ങുവാൻ കാലിത്തൊഴുത്തെങ്കിലും അന്വേഷിക്കുന്ന കുടുംബങ്ങൾ ഇന്ന് എത്രയധികം ഉണ്ട്. സാമൂഹ്യബോധവും ഉത്തരവാദിത്വവും വിളിച്ചറിയിക്കുന്ന ക്രിസ്തുമസിൽ പണവും അധികാരവും മഹത്വവും ലഭ്യമാകാത്തവരേക്കൂടി അന്വേഷിക്കുവാൻ കഴിയണം. തലചായിക്കുവാൻ ഇടം നഷ്ടപ്പെടുന്നവർക്ക് ശാന്തിയും കാരുണ്യവും സാന്ത്വനവും പകരുവാൻ സാധിക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്തുമസ്. ക്രിസ്തുമസ് സ്നേഹത്തിന്റെ നേർക്കാഴ്ചയാണ് (1 യോഹ. 3:9) രക്ഷയുടെ സദ്വാർത്തയാണ് (മത്താ. 1:21). അത് പ്രകാശത്തിന്റെ ഉത്സവമാണ് (യോഹ. 1:9, മത്താ. 4:16).

'ഭയപ്പെടേണ്ട' എന്ന സദ്‌വാർത്തയും ശാന്തി സംഗീതത്തിന്റെ ഇരമ്പലും അസ്തമിക്കുന്നിന് മുമ്പ് മരണ താഴ്‌വരയിൽകൂടി യാത്ര ചെയ്യേണ്ടിവന്ന കുടുംബം ഉൾക്കൊണ്ടത് അതിജീവിനത്തിന്റെ ആത്മീയതയാണ്. ദൈവം നമ്മോടുകൂടെയുള്ള പ്രവാസമായതിനാൽ പ്രതിസന്ധികൾ തീർത്ത് പ്രത്യാശയുടെ തീരത്ത് എത്തുന്നു. ദൈവപ്രസാദമുള്ള മനുഷ്യർ കനൽ വഴികളിലും സമാധാനം കണ്ടെത്തുന്നു. സ്നേഹവും ത്യാഗവും നീതിയും സന്തോഷത്തിന്റെ ഇരിപ്പിടങ്ങളാണ്. ക്രിസ്തുമസ് മഹാത്യാഗത്തിൽ നിന്നുളവാകുന്ന ആഹ്ലാദമാണ്. അത് ശാന്തിയുടെയും സ്നേഹത്തിന്റേതുമാണ്. ദൈവസ്നേഹത്തിന്റെ കാരുണ്യസ്പർശം അതിർത്തികളില്ലാത്ത സ്നേഹമായിത്തീരുമ്പോൾ ക്രിസ്തുമസിന്റെ അനുഭവം മനുഷ്യ ഹൃദയങ്ങളിൽ പുനർജനിക്കും. സമൂഹത്തിൽ എളിയവരേയും ബലഹീനരേയും ഒറ്റപ്പെട്ടവരേയും ചേർത്തു നിർത്തുന്നത് (മത്താ. 25:40) ദൈവസ്നേഹത്തിന്റെ വശ്യതയാണ്.

“ദൈവകൃപയുടെ നീർച്ചാലുകൾ രുചിച്ചറിഞ്ഞ്
സ്നേഹത്തിന്റെ പ്രകാശവും കാരുണ്യത്തിന്റെ സ്പർശവും
പങ്കിടലും ജീവിതത്തിൽ യാഥാർത്ഥ്യമാക്കണം. സമൂഹത്തിന്
പ്രകാശമായി തീരുമ്പോൾ മാത്രമേ തിരുപ്പിറവിയുടെ
മഹത്വം പങ്കിടുവാൻകഴിയൂ.”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

സ്നേഹ സ്പർശം മഹാ ദൗത്യം

എത്യോപ്യൻ പാത്രിയർക്കീസ് പരിശുദ്ധ ആബൂനാ മത്ഥിയാസ്

കാൻസർ രോഗികൾക്ക് കൈത്താങ്ങാകുവാൻ മലങ്കര ഓർത്തഡോക്സ് സഭ ആരംഭിച്ച സ്നേഹസ്പർശം പദ്ധതി കോട്ടയത്ത് എത്യോപ്യൻ ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ആബൂനാ മത്ഥിയാസ് പാത്രിയർക്കീസ് ബാവാ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടയം: അർബുദ രോഗികൾക്കു കൈതാങ്ങാകാൻ സഭ ആവിഷ്ക്കരിച്ച സ്നേഹസ്പർശം മഹാ ദൗത്യമാണെന്ന് എത്യോപ്യൻ ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ആബൂനാ മത്ഥിയാസ് പാത്രിയർക്കീസ് ബാവാ പ്രസ്താവിച്ചു. സ്നേഹസ്പർശം പദ്ധതി ഉദ്ഘാടനം ചെയ്ത് കോട്ടയത്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഹജീവികളോടു കരുണയും കരുതലും കാണിക്കാനുള്ള ഉത്തരവാദിത്തം എല്ലാവർക്കും ഉണ്ടെന്നും ആ മഹാദൗത്യമാണു സ്നേഹസ്പർശം പരിപാടിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭ നിർവ്വഹിക്കുന്നതെന്നും പാത്രിയർക്കീസ് ബാവാ പറഞ്ഞു. സഭ ഇതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലം അനുഗ്രഹങ്ങളായി തിരികെ ലഭിക്കുമെന്നും മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്കെന്നും പ്രചോദനമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സഭയ്ക്കിത് ആത്മസാക്ഷാത്കാരത്തിന്റെ നിമിഷമാണെന്നു സമ്മേളനത്തിൽ അധ്യക്ഷനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. സ്നേഹസ്പർശം ഒരു ദിവസം കൊണ്ട് അവസാനിക്കുന്ന പദ്ധതിയല്ലെന്നും പരമാവധി ആളുകൾക്കു സഹായം എത്തിക്കാനാണു സഭ ശ്രമിക്കുന്നതെന്നും ബാവാ പറഞ്ഞു.

പാവപ്പെട്ട രോഗികൾക്ക് എങ്ങനെ മികച്ച ചികിൽസ ലഭ്യമാക്കാം എന്ന ചിന്തയിൽ നിന്നാണ് സ്നേഹസ്പർശം പദ്ധതി ഉരുത്തിരിഞ്ഞതെന്നു ബാവാ പറഞ്ഞു. രോഗത്തിന്റെ മുൻകൂട്ടിയുള്ള കണ്ടെത്തൽ, മികച്ച ചികിൽസ, പാവപ്പെട്ട രോഗികൾക്കു കൈത്താങ്ങാവുക എന്നീ മൂന്നു ലക്ഷ്യങ്ങളാണു പദ്ധതിക്കുള്ളത്. ഒട്ടേറെപ്പേരുടെ കണ്ണുനീരും ത്യാഗവും പദ്ധതിക്കു പിന്നിലുണ്ട്. സ്നേഹസ്പർശം പദ്ധതി നടപ്പാക്കുന്നതോടെ മികച്ച ചികിൽസയിലേക്കുള്ള ദൂരം വളരെക്കുറയും. പാവപ്പെട്ട രോഗികൾക്കു സാമ്പത്തിക സഹായം കൂടി ലഭ്യമാക്കാൻ കഴിയുന്നതോടെ വലിയൊരു മാറ്റം സമൂഹത്തിലുണ്ടാക്കാമെന്നു പ്രതീക്ഷിക്കുന്നു.

ഇതൊരിക്കലും ലാഭമുണ്ടാക്കാനുള്ള പദ്ധതിയല്ല. ഗായിക ചിത്രയാണ് പദ്ധതിയുമായി സഹകരിക്കുന്നതിൽ ഒരു പ്രമുഖയായ വ്യക്തി. ചിത്രയുടെ സഹകരണം ലാഭമുണ്ടാക്കാനോ പണം സ്വരൂപിക്കാനോ ഉള്ള വഴിയായി സഭ കാണുന്നില്ല. അതുകൊണ്ടുതന്നെയാണു ചിത്രയുടെ ഗാനസന്ധ്യക്കു ടിക്കറ്റ് ഏർപ്പെടുത്താതിരുന്നതും അദ്ദേഹം പറഞ്ഞു.

നമ്മുടെ കയ്യിലുള്ള പത്തു രൂപയിൽ ഒരു രൂപ സാധുക്കൾക്കുള്ളതാണ്. ആ ക്രിസ്തീയ തത്വമാണു സ്നേഹ സ്പർശം പരിപാടിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു ബാവാ പറഞ്ഞു.

2012-ൽ എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന സമ്മേളനത്തിൽ മലങ്കരസഭ 100 കോടി രൂപയുടെ സന്നദ്ധ പ്രവർത്തനങ്ങൾ ചെയ്യുമെന്നു പ്രഖ്യാപിച്ചിരുന്നു. പ്രസംഗിക്കുന്നിന് അഞ്ചു മിനിറ്റ് മുൻപു മാത്രം മനസ്സിൽ വന്ന ചിന്തയായിരുന്നു അത്.

പരുമലയിൽ ആശുപത്രി തുടങ്ങിയ സമയത്ത് വല്ലാതെ ബുദ്ധിമുട്ടിയിട്ടുണ്ട്. പക്ഷേ ഒരു ഘട്ടം കഴിഞ്ഞപ്പോൾ നൂലാമാലകളെല്ലാം അഴിഞ്ഞു



പരുമല കാൻസർ സെന്റർ കൂദാശ

പദ്ധതി വേഗത്തിലായി. മുട്ടുന്ന വാതിലുകളെല്ലാം തുറന്നു. അദൃശ്യമായ അനുഗ്രഹങ്ങൾ പദ്ധതിക്കു മേലുള്ളതിനാൽ പരുമല ആശുപത്രിയിലെ ഒരു ഉപകരണവും ഔട്ട്സോ ഴ്സ് ചെയ്യേണ്ടിവന്നില്ല. കാരണം ആ കമ്പനികൾ ഇതിന്റെ പേരിൽ രോഗികളെ പിഴിയും. അതുകൊണ്ട് ആശുപത്രി ഉപകരണങ്ങൾ മുഴുവൻ സഭ തന്നെ വാങ്ങി. ഇത് മികച്ച ചികിൽസ ഏറ്റവും കുറഞ്ഞ നിരക്കിൽ രോഗികളിലെത്തിക്കാൻ വേണ്ടിയാണെന്നു പ. ബാവ പറഞ്ഞു.

ശരീരത്തെ ബാധിക്കുന്ന കാൻസറിനേക്കാളും മാരകം മനസിനെ ബാധിക്കുന്ന കാൻസറാണെന്നും അതു സുഖപ്പെടാനുള്ള ഏറ്റവും നല്ല മരുന്നു സ്നേഹസ്പർശം പോലെയുള്ള പരിപാടികളാണെന്നും മുഖ്യപ്രഭാഷണം നടത്തിയ കാൻസർ രോഗ വിദഗ്ധൻ ഡോ. വി. പി. ഗംഗാധരൻ പറഞ്ഞു.

ഗായിക കെ.എസ്. ചിത്രയെയും ഡോ. വി.പി. ഗംഗാധരനെയും സ്നേഹസ്പർശം പുരസ്ക്കാരം നൽകി ആദരിച്ചു. സ്നേഹസ്പർശം പദ്ധതിക്കുള്ള ആദ്യ സംഭാവന കുര്യൻ ജോൺ മേളാംപറമ്പിൽ നിന്നു ഡോ. മാത്യുസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഏറ്റുവാങ്ങി.

കോട്ടയം അതിരൂപതാ ആർച്ച് ബിഷപ്പ് മാർ മാത്യൂ മൂലക്കാട്ട്, സി.എസ്.ഐ. ഡപ്യൂട്ടി മോഡറേറ്റർ ബിഷപ്പ് തോമസ് കെ. ഉമ്മൻ, സ്നേഹസ്പർശം പദ്ധതി പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ, ഫാ. എം.സി. പൗലോസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ജോൺ ചിറത്തലാട്ട്, ഫാ. മോഹൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. കെ.എസ്. ചിത്രയുടെ നേതൃത്വത്തിലുള്ള സംഘം സംഗീതാർച്ചന അവതരിപ്പിച്ചു. ഫാ. ഡോ. എം.പി. ജോർജ്, ജൂണിയ അന്ന ചാക്കോ എന്നിവർ ഗാനങ്ങൾ ആലപിച്ചു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സപ്തതിയോടനുബന്ധിച്ചാണ് ഈ കാരുണ്യ പദ്ധതി നടപ്പാക്കുന്നത്.

കുന്നംകുളത്തു നടന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ചരമ ദ്വിശതാബ്ദി മഹാസമ്മേളനം എത്യോപ്യൻ പാത്രിയർക്കീസ് പ. ആബൂനാ മത്ഥിയാസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

എത്യോപ്യൻ പാത്രിയർക്കീസ് പരിശുദ്ധ ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിനെ സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് വിഭാഗം പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള സംഘം നെടുമ്പാശ്ശേരി എയർപോർട്ടിൽ സ്വീകരിച്ചപ്പോൾ.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് – I

ചരമ ദ്വിശതാബ്ദി സമാപനം



കുന്നംകുളം: പ്രതിസന്ധികളിൽ ഉഴറിയിരുന്ന മലങ്കര സഭയെ ദിശാബോധത്തോട നയിക്കുകയും നാടിന്റെ നവോത്ഥാനത്തിന് അടിത്തറ പാകുകയും ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദി ആഗോള സമാപനം വൻസമൂഹത്തെ സാക്ഷി നിർത്തി എത്യോപ്യൻ പാത്രിയർക്കീസ് പരിശുദ്ധ ആബൂന മത്ഥിയാസ് പാത്രിയർക്കീസ് ബാവാ ഉദ്ഘാടനം ചെയ്തു. മാർ ദിവന്നാസിയോസിന്റെ ജന്മനാടായ കുന്നംകുളത്ത് നടന്ന മഹാസമ്മേളനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ ജീവിതം യുവജനങ്ങൾക്ക് പുത്തൻ ഊർജമാണെന്ന് പരിശുദ്ധ ആബൂന മത്ഥിയാസ് പാത്രിയർക്കീസ് ബാവാ പറഞ്ഞു. വാങ്ങിപ്പോയ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾ ലോകമെമ്പാടുമുള്ള സഭാവിശ്വാസികളെ ഒരുമിപ്പിക്കുന്നു. അവരുടെ ജീവിതാനുഭവങ്ങളാണ് മാറുന്ന ലോകത്തിൽ സഭയുടെ മുഖമുദ്ര. ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന സഭകൾ തമ്മിലുള്ള ഐക്യത്തിന് ഇത്തരം സന്ദർഭങ്ങൾ കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

സഭയെ സ്വന്തം ജീവനേക്കാൾ സ്നേഹിച്ചയാളാണ് ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ എന്ന് കാതോലിക്കാ ബാവാ പറഞ്ഞു. അനേകം പ്രതിബന്ധങ്ങൾക്കിടയിലും സഭയ്ക്ക് പോറലേൽക്കാതെ കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ മഹത്തായ ദീർഘവീക്ഷണത്തിന്റെ ഫലമാണ് പഴയ സമിനാരിയെന്നും അനുസ്മരിച്ചു.

ഓർത്തഡോക്സ് സഭ എന്നും മതനിരപേക്ഷമായ നിലപാടുകളാണ് എടുത്തിട്ടുള്ളതെന്ന് മന്ത്രി എ. സി. മൊയ്തീൻ പറഞ്ഞു. മത ന്യൂനപക്ഷങ്ങൾക്കും ദലിതർക്കുമെതിരെ രാജ്യത്ത് ഭീഷണിയുയർന്നു വരുന്ന കാലത്ത് ഇത്തരം നിലപാടുകൾ പ്രസക്തമാണെന്നും അദ്ദേഹം പറഞ്ഞു. ദ്വിശതാബ്ദി സ്മരണിക എത്യോപ്യൻ അംബാസിഡർ അസ്ഫാ ഡിങ്കാമോ പ്രകാശനം ചെയ്തു. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ്, മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. എം. പി. ജോർജ്, ഫാ. ഡോ. കെ. എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമനെ മലങ്കര മെത്രാപ്പോലീത്തയായി വാഴിച്ച പഴഞ്ഞി സെ. മേരീസ് കത്തീഡ്രലിലെത്തിയ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കും എത്യോപ്യൻ പാത്രിയർക്കീസ് ബാവായ്ക്കും സ്വീകരണം നൽകി. ആർത്താറ്റ് സെ. മേരീസ് കത്തീഡ്രലിലും സന്ദർശനം നടത്തി.

* * *

കേരളത്തിലെത്തിയ എത്യോപ്യൻ ഓർത്തഡോക്സ് സഭ തലവൻ പരിശുദ്ധ ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിനും സംഘത്തിനും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. എത്യോപ്യൻ പാത്രിയർക്കീസിനൊപ്പം ആർച്ച് ബിഷപ്പുമാരായ എസയ്യാ, സവീറോസ്, ഫാ. കിദാന മെറിയം, ഫാ. കിറോസ്, ഫാ. മുസിയേ, ഇന്ത്യയിലെ എത്യോപ്യൻ അംബാസഡർ അസിഫ ഡിങ്കാമോ, കോൺസൽ ജനറൽ മെസ്ഹിൻ ഗബ്രാമറിയം തുടങ്ങിയവരുമുണ്ടായിരുന്നു.

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ നേതൃത്വത്തിൽ പാത്രിയർക്കീസ് സംഘത്തെ സ്വീകരിച്ചു. ആർത്താറ്റ്, പഴഞ്ഞി, കോട്ടയം, കുഴിമറ്റം, പരുമല, നിരണം, ബോംബെ എന്നിവടങ്ങളിലെ വിവിധ പരിപാടികൾക്ക് മുഖ്യ അതിഥിയായിരുന്നു. ■

എത്യോപ്യൻ പാത്രിയർക്കീസിന് സ്വീകരണം

കോട്ടയം: മാർ ഏലിയാ കത്തീഡ്രലിൽ എത്തിയ എത്യോപ്യൻ ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ആബൂനാ മത്ഥിയാസ് പാത്രിയർക്കീസ് ബാവായ്ക്കു സ്വീകരണം നൽകി. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടും സഭയിലെ മെത്രാപ്പോലീത്തന്മാരോടും ഒപ്പം എത്തിയ പാത്രിയർക്കീസിനെയും സംഘത്തെയും പള്ളിയിലേക്ക് വികാരി ഫാ. മോഹൻ ജോസഫിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും ചേർന്ന് മദ്ബഹായിൽ ധൂപാർപ്പണം നടത്തി.

* * *

കുഴിമറ്റം: ദൈവാശ്രയമുള്ള തലമുറ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് എത്യോപ്യൻ പാത്രിയർക്കീസ് പരിശുദ്ധ ആബൂന മത്ഥിയാസ് പാത്രിയർക്കീസ് ഒന്നാമൻ. കുഴിമറ്റം സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിലെ സെ. ജോർജ് മോഡൽ സൺഡേ സ്ക്കൂൾ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള മഹാസമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ടി. ജെ. ജോഷ്വാ, ജോസഫ് റമ്പാൻ, വികാരി ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്, ജനറൽ കൺവീനർ ബാബുക്കുട്ടി ഈപ്പൻ എന്നിവർ പ്രസംഗിച്ചു. ശതാബ്ദി സ്മാരകമായി നിർമ്മിക്കുന്ന ഭവനത്തിന്റെ ശില പാത്രിയർക്കീസ് ബാവാ ആശിർവദിച്ചു. ദീർഘകാലം സൺഡേസ്ക്കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ച ടി.വി. കുര്യനെ ആദരിച്ചു. ■



നിർധനരായ കാൻസർ രോഗികൾക്കു ചികിൽസ ഉറപ്പാക്കുന്ന ഓർത്തഡോക്സ് സഭയുടെ സ്നേഹ സ്പർശം പദ്ധതിയിലേക്ക് സംഭാവനയായി ഗായിക കെ. എസ്. ചിത്ര തന്റെ സ്വർണമോതിരം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് നൽകുന്നു. ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ, ഫാ. സി. ജോൺ ചിറത്തലാട്ട് എന്നിവർ സമീപം.

വെളിച്ചം പകരുന്ന പദ്ധതി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്നേഹ സ്പർശം പദ്ധതിയിലേക്ക് ആദ്യ സംഭാവന നൽകി ഗായിക കെ. എസ്. ചിത്ര. തന്റെ കയ്യിൽ കിടന്ന സ്വർണ്ണമോതിരം സഭയ്ക്കു സംഭാവനയായി നൽകിയാണു ചിത്ര പദ്ധതിയുടെ ഭാഗമായത്

തന്റെ അച്ഛനും അമ്മയും കാൻസർ ബാധിതരായാണു മരിച്ചതെന്നും പദ്ധതിയെപ്പറ്റി അറിഞ്ഞപ്പോൾ തന്നെ, പദ്ധതിയുടെ ഭാഗമാകണമെന്നാണ് ആഗ്രഹിച്ചതെന്നും ചിത്ര പറഞ്ഞു. പണമില്ലാത്തതുമൂലം ചികിൽസ നടത്താൻ കഴിയാത്ത രോഗികളുണ്ട് ഈ നാട്ടിൽ. അവർക്കു തീർച്ചയായും സഹായകമാകുന്നതാണ് ഓർത്തഡോക്സ് സഭയുടെ ഈ കാരുണ്യ പദ്ധതി. സ്നേഹ സ്പർശം പദ്ധതി വേദന അനുഭവിക്കുന്ന ഒട്ടേറെ രോഗികൾക്കു പ്രതീക്ഷയുടെ വെളിച്ചം പകരും. പലർക്കും പുതുജീവിതം തന്നെ ലഭിക്കും. കാതോലിക്കാ ബാവാ തിരുമേനി ഇക്കാര്യത്തെപ്പറ്റി എന്നോടു പറഞ്ഞപ്പോൾ ഇതുമായി സഹകരിക്കാനും കോട്ടയത്ത് വരാനും എനിക്കു കൂടുതൽ ആലോചിക്കേണ്ടി വന്നില്ല എന്ന് കെ.എസ്. ചിത്ര പറഞ്ഞു.



കുഴിമറ്റം സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന സമ്മേളനം

ബേദ്‌ലഹേമിലെ കാലിത്തൊഴുത്ത്

■ ഡീക്കൻ ജേക്കബ് എൻ. വറുഗീസ്



ക്രിസ്തുമസ് ലോകത്തിന്റെ മുമ്പിൽ വെയ്ക്കുന്ന ഒരു അടയാളമാണ് കാലിത്തൊഴുത്ത്. ബേത്‌ലഹേമിൽ ജനിച്ച യേശുവിനെ തിരിച്ചറിയാനുള്ള അടയാളമായിട്ടാണ് സുവിശേഷകൻ കാലിത്തൊഴുത്ത് അവതരിപ്പിക്കുന്നത്.

> നിങ്ങൾക്ക് അടയാളമോ ശീലകൾ ചുറ്റി കാലിത്തൊഴുത്തിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.
> വി. ലൂക്കോസ് 2:12

വീണ്ടും ഒരു ക്രിസ്തുമസ് കാലം. വർണ്ണാഭമായ അലങ്കാരങ്ങൾ. ക്രിസ്മസ് ഗാനങ്ങളാൽ ശബ്ദമുഖരിതം. വി. ലൂക്കോസ് യേശുവിന്റെ ജനന വിവരണങ്ങളിലൂടെ പുതിയ യുഗം ആരംഭിച്ചു എന്നുപറയുന്നു. ഈ പുതിയ യുഗത്തെ വരവേൽക്കാൻ പുതിയ ദർശനവും ശൈലിയും അനിവാര്യമാണ്.

യേശുവിന്റെ ജനന സംഭവത്തിലെ ഓരോ അംശത്തിലും നിറഞ്ഞുനിൽക്കുന്ന പുതിയ ജീവിത ദർശനത്തെ സുവിശേഷകന്മാർ വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും അവതരിപ്പിക്കുന്നു. യേശുവിന്റെ ജനനത്തിന് എന്തുകൊണ്ടാണ് കാലിത്തൊഴുത്ത് തിരഞ്ഞെടുത്തത്? കാലിത്തൊഴുത്തു പകർന്നു നൽകുന്ന ജീവിത ദർശനങ്ങൾ എന്തൊക്കെയാണ്.

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന പുൽത്തൊട്ടി/ കാലിത്തൊഴുത്ത് ഒരു അടയാളമാണ്. കാലിത്തൊഴുത്ത് എന്നതിന് പഴയനിയമത്തിൽ *എബൂസ്* (ebu's) എന്നും പുതിയ നിയമത്തിൽ *ഫാന്റ്നേ* എന്നും ഉപയോഗിച്ചിരിക്കുന്നു. ഫാന്റ്നേ എന്ന പദം ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ലൂക്കോസിന്റെ സുവിശേഷത്തിൽ 2-ാം അദ്ധ്യായത്തിൽ 3 പ്രാവശ്യവും 13-ാം അദ്ധ്യായത്തിൽ ഒരു പ്രാവശ്യവും ഉണ്ട്. യെഹൂദന്മാരുടെ വീടുകളെ രണ്ടു തട്ടായി തിരിച്ചിരിക്കുന്നു. മുകളിലത്തെ തട്ട് മനുഷ്യർക്കും താഴത്തെത് മൃഗങ്ങൾക്കും ആണ്. അതിൽ തന്നെ പുൽത്തൊട്ടിയും ഉണ്ട്. എബൂസിന്റെ ധാതുവിന് തീറ്റകൊടുക്കുക എന്നാണർത്ഥം. പഴയനിയമത്തിൽ പുൽത്തൊട്ടിയെന്നും പുതിയനിയമത്തിൽ പശുത്തൊട്ടി എന്നും പരിഭാഷ. എബൂസിന് സെപ്റ്റുജന്റിൽ ഫാന്റ്നേ എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്ന്. പശുക്കൾക്ക് വൈക്കോൽ കൊടുക്കുന്ന സ്ഥലമല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. വഴിയമ്പലങ്ങൾക്ക് വലിയ ലായമുണ്ട്. അതിന്റെ താരതമ്യേന മധ്യഭാഗത്ത് ആളുകൾ വിശ്രമിക്കുകയും മൃഗങ്ങളെ കെട്ടുകയും പതിവായിരുന്നു. ചരിത്രകാരനായ ജോസഫീസും ഇതിനെപ്പറ്റി പരാമർശിക്കുമ്പോൾ പറയുന്നത് നാലുവശവും തുറന്നതായി കാണാം എന്നാണ്.

1. ക്രിസ്തുമസ് : തുറക്കപ്പെടലിന്റെ അനുഭവം

കാലിത്തൊഴുത്ത് എളിമയുടെയും

വിനയത്തിന്റെയും നിദർശനമാണ്. നാലുവശവും തുറക്കപ്പെട്ട്, തുറസ്സായ സ്ഥലത്ത് നിൽക്കുന്ന കാലിത്തൊഴുത്ത് ഭൂമിയെ ആകമാനം ഉൾക്കൊള്ളാൻ തുറക്കപ്പെട്ട സ്വർഗ്ഗത്തിന്റെ പ്രതീകം കൂടിയാണ്. നാലുവശവും തുറക്കപ്പെട്ട കാലിത്തൊഴുത്തിൽ ആർക്കും കടന്നുവരാം. യേശുവിനെ നമസ്ക്കരിക്കുവാൻ ആഗ്രഹിക്കുന്ന *ഏവർക്കും ഒരുപോലെ വരാൻ നാലുവശവും തുറക്കപ്പെട്ടസ്ഥലം. ദൂതന്മാരുടെ ഗാനവും അർത്ഥവത്താണ്. ഇതാ, സർവ്വജനത്തിനും ഉള്ള മഹാസന്തോഷം.* യേശുവിന്റെ മരണവും നഗരവാതിലിന് പുറത്ത് തുറസ്സായ സ്ഥലത്ത് ക്രൂശിന്മേൽ തൂക്കപ്പെടുകയായിരുന്നുവല്ലോ. സകല ജനതക്കും ഉൾപ്രവേശിക്കത്തക്കവിധം സ്വയം തുറക്കപ്പെട്ടതാണ് ക്രിസ്തു. മനുഷ്യരുടെ എല്ലാവിധ അടഞ്ഞ മനോഭാവങ്ങളെയും വെല്ലുവിളിയ്ക്കുന്നതാണ് കാലിത്തൊഴുത്ത്. സ്വാർത്ഥതയാൽ അടയ്ക്കപ്പെട്ട വാതിലിനുള്ളിൽ കഴിയുന്നവർക്ക് കാലിത്തൊഴുത്തിന്റെ സന്ദേശം ഉൾക്കൊള്ളാൻ കഴിയുന്നതല്ല. മറ്റുള്ളവർക്ക് വേണ്ടി സ്വയം തുറക്കപ്പെടുമ്പോഴാണ് ക്രിസ്തുമസ് അർത്ഥപൂർണമാകുന്നത്.

2. ക്രിസ്തുമസ് : സുരക്ഷിതത്വമില്ലായ്മയിലെ സുരക്ഷിതത്വം

കാലിത്തൊഴുത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നത് യേശുവിന്റെ സുരക്ഷിതത്വമില്ലായ്മയും ഹെരോദാവിന്റെ അരമനയിലെ സുരക്ഷിതത്വവും തമ്മിലുള്ള അന്തരമാണ്. ലോകത്തിന്റെ കണ്ണിൽ നാലുവശവും ബലവത്തായി ഉറപ്പിക്കപ്പെട്ട ഹെരോദാവിന്റെ അരമനയായിരുന്നു സുരക്ഷിതത്വം. കൊടിയ തണുപ്പിൽ തുറസ്സായ സ്ഥലത്തു സ്ഥിതിചെയ്യുന്ന കാലിത്തൊഴുത്ത് അരക്ഷിതവും. മനുഷ്യന്റെ നിഗമനങ്ങളും കണക്കുകൂട്ടലും തെറ്റാണെന്ന് കാലിത്തൊഴുത്ത് ഓർമ്മപ്പെടുത്തുന്നു. മനുഷ്യൻ സുരക്ഷിതമെന്ന് കരുതുന്നവയിൽ കുടികൊള്ളുന്ന, സുരക്ഷിതത്വമില്ലായ്മ പലപ്പോഴും നാം മനസിലാക്കുന്നില്ല. നമ്മൾ മുഴുവനും ഭൗതിക ലോകവുമായി ഇഴുകി ചേർന്നിരിക്കുന്നതിനാൽ സുരക്ഷിതത്വമില്ലായ്മ തിരിച്ചറിയാതെ പോകുന്നു. സകലതും ഭദ്രമെന്നും സുരക്ഷിതമെന്നും കരുതിയ ഹെരോദാവ് യേശുവിന്റെ ജനനത്തിൽ പതറുന്നു.

ആന്ത്യതികമായ സുരക്ഷിതത്വം എവിടെയാണ്?. ധനത്തിലും അധികാരത്തിലും പ്രതാപത്തിലും ആണോ? അതോ വിനയത്തിലും ലാളിത്യത്തിലും കരുതലിലും ആണോ? ദൈവം ദൈവമാകുന്നത് സ്വയം നൽകുന്നതിലൂടെയാണ്. ഈ അർത്ഥത്തിലാണ് ദൈവം സ്നേഹമാകുന്നത്. സ്നേഹത്തിന്റെ സജീവതയാണല്ലോ സ്വയം തുറന്ന് നൽകുന്നത്. ക്രിസ്തുവിൽ വെളിപ്പെട്ടത് ആ സ്നേഹമാണ്, ദൈവിക സ്നേഹം (Agape). അത് സ്വയം ത്യജിച്ച് മറ്റൊന്നിന് സജീവത നൽകുന്നതാണ്. നിരുപാധിക സ്നേഹം ഈ സജീവ സ്നേഹത്തിന്റെ പ്രതീകമാണ് അതു വെളിപ്പെടുത്തുന്നത്. നാലുവശവും തുറക്കപ്പെട്ട കാലിത്തൊഴുത്തിലാണ്. ലോകം തരുന്ന അധികാരത്തിലും പ്രതാപത്തിലും സമ്പത്തിലുമാണോ നാം സുരക്ഷിതത്വം കണ്ടെത്തുന്നത്? ഇത്തരത്തിലുള്ള എല്ലാ തെറ്റായ മൂല്യങ്ങളെയും വെല്ലുവിളിക്കുന്നതാണ് കാലിത്തൊഴുത്ത്. ദൈവം തരുന്ന സുരക്ഷിതത്വമില്ലായ്മയിലാണ് യഥാർത്ഥ സുരക്ഷിതത്വം.

3. ക്രിസ്തുമസ്: എളിമയിലേക്കുള്ള വളർച്ചയാണ്

കാലിത്തൊഴുത്ത് ഏറ്റവും നിസാരവും പരിമിതവുമാണ്. അത് സ്വീകരിപ്പാനുള്ള സന്നദ്ധതയുടെ പ്രതീകമാണ്. small is beautiful എന്ന ദർശനത്തിന്റെ സാക്ഷാത്ക്കാരമാണ്. പ്രതാപവാനായ, ഒരുവന്റെ പ്രത്യക്ഷതയല്ല, ദൈവം തന്റെ ജഢധാരണത്തിന് സ്വീകരിച്ചത്. മറിച്ച് ഒരു ശിശുവായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. മറ്റേതു ശിശുവിനെപോലെയും, ദുർബലനായ, ദാരിദ്ര്യത്തിന്റെ ആഴങ്ങളാണ് നേടിയത്. ദൈവം മനുഷ്യരുടെ മുമ്പിൽ പ്രകടിപ്പിക്കാൻ ആഗ്രഹിച്ചത് സ്നേഹവും ലാളിത്യവുമാണ്. പ്രതാപവും ശക്തിയും മഹത്വവുംകൊണ്ട് ദൈവം മനുഷ്യരെ വിസ്മയ ഭരിതരാക്കുന്നില്ല. എങ്ങനെയും എന്തും സ്വരൂപിക്കാനും ആർജ്ജിക്കാനുമുള്ള മനുഷ്യന്റെ ആർത്തി സംസ്ക്കാരത്തിന് എതിരെയുള്ള അടയാളമാണ് കാലിത്തൊഴുത്ത്. മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കി തീർക്കുന്നത് ലാളിത്യത്തോടുള്ള ജീവിതമാണ്. ചെറിയവരെയും എളിയവരെയും സ്നേഹിക്കുന്നതിനുള്ള സന്നദ്ധത അതിൽ ഉൾക്കൊള്ളുന്നു.

വളർന്നുവരുന്ന വാണിജ്യ സംസ്ക്കാരം എന്തെല്ലാം പുതിയ മോഹങ്ങളാണ് മനുഷ്യരിൽ ജനിപ്പിക്കുന്നത്. ഏറ്റവും കൂടുതൽ ആർജ്ജിക്കുക! ഇപ്പോൾ ജീവിതലക്ഷ്യം പരമസുഖം തേടലാണ്. അതുകൊണ്ട് എന്തുമാർഗ്ഗവും സ്വീകരിച്ചു പണം സമ്പാദിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ അടിസ്ഥാനഭാവങ്ങളായ സ്നേഹം, അനുകമ്പ, സമത്വം, സാഹോദര്യം, കരുതൽ മുതലായ വികാരങ്ങൾക്ക് ഇന്ന് വലിയ പ്രസക്തിയില്ല. ഏറിവരുന്ന ഇത്തരംവികലദർശനങ്ങളുടെ മദ്ധ്യേയാണ് കാലിത്തൊഴുത്തിന്റെ സന്ദേശം: ബേത്‌ലഹേമിൽ ജനിച്ച യേശുവിനെ തിരിച്ചറിയാനുള്ള അടയാളമായിട്ടാണ് സുവിശേഷകൻ കാലിത്തൊഴുത്ത് അവതരിപ്പിക്കുന്നത് (ലൂക്കോ. 2:12). ■

മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം

പ്രീപബ്ളിക്കേഷൻ ആരംഭിച്ചിരിക്കുന്നു.

അവസാന തീയതി 2017 ജനുവരി 31

പ്രകാശനം 2017 ഫെബ്രുവരി 23

1000 പേജുകൾ, നൂറിലധികം ശീർഷകങ്ങൾ

മുഖ വില 1000 രൂപ, പ്രീ പബ്ളിക്കേഷൻ 650 രൂപ

For Booking

MOC BOOKS.KOTTAYAM-0481 2561305; MOC BOOKS.PARUMALA-8606675702; OTS BOOK SHOP.OLD SEMINARY-0481 2566526 ; MGOCSM BOOK SHOP. KOTTAYAM-0481 2567338; ST.THOMAS BOOK DEPOT. PATHANAMTHITTA-9446686034; ST.PAULS BOOK SHOP.MAVELIKARA; OSSAE BOOK SHOP.DEVALOKAM; SREYAS BOOK SHOP.ADOOR.; JMB BOOK SHOP. KOLENCHERRY.; M C BOOK HOUSE.HARIPAD; SAHAI BOOK SHOP.MALLAPPALLY; BETHANY ARAMANA BOOK SHOP.THIRUVILLA; BETHEL ARAMANA BOOK SHOP.CHENGANNUR; NILACKAL ARAMANA BOOK SHOP.RANNY; MAR EPPIPHANIOUS MEMORIAL BOOK CENTRE.KOLLAM; MGOCSM BOOK SHOP.TRIVANDRUM; DIOCESAN BOOK CENTRE. MUVATTUPUZHA; MARTHA MARIYAM BOOK CENTRE.KANJIKUZHY; MARTHAMARIYAM BOOK SHOP. ALENCHERRY; ST.MARYS ARTHAT CATHEDRAL BOOK SHOP. KUNNAMKULAM

പുതുവർഷ ചിന്തകൾ

■ ഫാ. ഡോ. വർഗ്ഗീസ് കെ. ജോഷ്വ,
മാർ ബസേലിയോസ് ദയറാ, ഞാലിയാകുഴി

അതിജീവനത്തിന്റെ ആഘോഷം

നല്ല മഴക്കാലത്ത് നിറയെ കുഴികളുള്ള റോഡിലൂടെയുള്ള ഒരു ബൈക്കു സവാരി അവസാനിപ്പിക്കുന്ന നിമിഷം ഒന്നാലോചിച്ചു നോക്കു. തകർത്തു പെയ്യുന്ന മഴ സൃഷ്ടിക്കുന്ന തടസ്സം ഒരു ഭാഗത്ത്. വെള്ളം കെട്ടിക്കിടക്കുന്ന റോഡിലെ അപകടകരങ്ങളായ കുഴികൾ മറ്റൊരിടത്ത്. അതും പോരാതെ എതിരെ വരുന്ന വാഹനങ്ങളുണ്ടാക്കുന്ന പിരിമുറുക്കം വേറൊരിടത്ത്. അവസാനം ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ വല്ലാത്തൊരാശ്വാസമാണ് തോന്നുന്നത്. ഏതാണ്ടിതേപോലുള്ള ഒരനുഭവമാണ് ഒരു വർഷം ജീവിച്ചുതീർത്തു കഴിയുമ്പോൾ പലരുടേയും മനസ്സിൽ. സംഘർഷഭരിതമായ എത്രയോ രാപകലുകൾ, വീണുപോയതും വീണുപോയി എന്നു തോന്നിക്കുന്നതുമായ എത്രയോ നിമിഷങ്ങൾ. അവിടെ നിന്നെല്ലാം ഉയർത്തെഴുന്നേറ്റു വന്ന അത്ഭുത നിമിഷങ്ങൾ. ഈ ഒരു തലത്തിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ പുതുവർഷം തീർച്ചയായും ഒരാഘോഷം തന്നെയാണ്. അതിജീവനത്തിന്റെ ആഘോഷം! വിജയിയുടെ ആത്മസംതൃപ്തി! ആത്മാഭിമാനത്തിന്റെ മന്ദഹാസം! പിന്നിട്ട പാതയിലേക്കു തിരിഞ്ഞു നോക്കി പരാജയങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളുകയും വിജയങ്ങളിൽ നന്ദിയുള്ളവരായിരിക്കുകയും വേണം. അത്ഭുതകരമായി വഴി നടത്തിയ ദൈവത്തിന് നന്ദി കരേറ്റാം.

പ്രത്യാശയുടെ പൂക്കാലം

ദുഃസ്വപ്നങ്ങൾ നിറഞ്ഞ ഭീതിതകമായ രാവിനു ശേഷം ചക്രവാളത്തിലെ സൂര്യന്റെ കതിരുകൾ നൽകുന്ന പ്രത്യാശയുടെ പ്രഭാതം പോലെയാണ് ഓരോ പുതുവർഷവും. പലതും പിറക്കും മുമ്പെ അണഞ്ഞുപോകാറുണ്ടെങ്കിലും ഓരോ പുതുവർഷത്തിലും നാം പല തീരുമാനങ്ങളും എടുക്കാറുണ്ട്. ഇപ്രകാരമുള്ള തീരുമാനങ്ങൾ പുതുവർഷം നമ്മുടെ ഉള്ളിലുണർത്തുന്ന പ്രത്യാശയെയാണ് സൂചിപ്പിക്കുന്നത്, അനന്തമായ തുരങ്കത്തിനുശേഷം പ്രകാശത്തിന്റെ കിരണങ്ങൾ കാണുംപോലെ. ഒരർത്ഥത്തിൽ, ഈ ഒരു പ്രത്യാശയാണ് നമ്മളിൽ പലരുടേയും ജീവന്റെ ആധാരം തന്നെ. അഥവാ, ഇന്നല്ലെങ്കിൽ നാളെ എന്റെയീ സ്ഥിതി മാറുമായിരിക്കും എന്ന പ്രത്യാശയാണ് ഇന്നും നാം ജീവനോടിരിക്കുവാൻ കാരണം. അപ്രിയമായതു പ്രതീക്ഷിക്കുകയും പ്രിയമായത് പ്രത്യാശിക്കുകയും ചെയ്യാം. അകാലത്തിൽ കരിഞ്ഞു വീഴുമെങ്കിലും ഈ പുതുവർഷത്തിലും പുതിയ തീരുമാനങ്ങൾ നമുക്കെടുക്കാം. അതായിരിക്കട്ടെ പുതിയ വർഷത്തിൽ നമ്മുടെ ചാലക ശക്തി. ഒരു പ്രത്യാശയുടെ പൂക്കാലം നമുക്കു തീർക്കാം.

ഉണർന്നിരിക്കുക സമയവും അവസരങ്ങളും വിലയേറിയതാണ്

സമയവും അവസരങ്ങളും നമുക്കുവേണ്ടി കാത്തു നിൽക്കുകയില്ല. സമയത്തിനു മുമ്പേ ഓടി ലക്ഷ്യ സ്ഥാനത്തെത്തുന്നവർക്കാണ് കിരീടം ലഭിക്കുക. അതുപോലെ, ലഭിക്കുന്ന അവസരങ്ങൾ തക്കത്തിൽ വിനിയോഗിക്കുന്നവരാണ് യഥാർത്ഥ ജ്ഞാനികൾ. അവസരങ്ങൾക്കായി കാത്തുനിൽക്കാതെ അവസരങ്ങളെ തേടിപ്പോയി അർദ്ധാവസരങ്ങൾപോലും മുതലാക്കുകയാണ് വേണ്ടത്. അലസത മടിയനെ കൂടുതൽ ദരിദ്രനാക്കുന്നു. തക്കസമയത്ത് പ്രവർത്തനോന്മുഖനായിരുന്നില്ലെങ്കിൽ അന്യൻ (സാത്താൻ) നിന്നെത്തന്നെ കവർന്നെടുക്കും. ആത്മീകാന്ധതയും ഉറക്കവും മനുഷ്യനെ അധമനാക്കുന്നു. ആന്തരീക പ്രകാശമുള്ളവൻ തനിക്കു ചുറ്റുമുള്ളവരെ പ്രകാശിപ്പിക്കുന്നു. ദൈവം തരുന്ന ദാനങ്ങൾ അലസതമൂലം തിരസ്കരിക്കപ്പെടരുത്. അത് നിന്നെപ്പിന്നീട് ആഞ്ഞ് കൊത്തും. എത്ര ആഗ്രഹിച്ചാലും കരഗതമാകില്ല. അതിനാൽ ജാഗ്രതയുള്ളവരായിരിക്കുക.

അകത്തുള്ള ധനം പുറത്തുള്ള ധനത്തേക്കൾ ശ്രേഷ്ഠമാണ്

ജീവിതവിജയത്തെ ഒരാളുടെ ഭൗതിക സമ്പത്തിനേയും സ്ഥാനപ്രൗഢിയേയും അടിസ്ഥാനപ്പെടുത്തി കണക്കാക്കുന്ന ഒരുലോകത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ഈ ലോകത്തിലെ വസ്തുവകകളല്ല ഒരുവന്റെ ജീവന്റെ ആധാരമെന്ന് തമ്പുരാൻ പലവുരു അരുളിച്ചെയ്തിട്ടുണ്ട്. ലോകത്തിലെ ധനംകൊണ്ട് ഒരുമനുഷ്യനും തൃപ്തനാകുന്നില്ല. എത്രകിട്ടിയാലും വീണ്ടും വീണ്ടും ആർജ്ജിക്കുവാൻ ആഗ്രഹിച്ചുകൊണ്ടേയിരിക്കും. എന്നാൽ സ്വന്ത ജീവനെക്കണ്ടെത്തുന്നവർ അവരിലുള്ള ക്രിസ്തുവിനെക്കണ്ടെത്തുകയാണ്. അവനെ കണ്ടെത്തിയാൽപ്പിന്നെ വി. പൗലോസിനെപ്പോലെ ഈ ലോകത്തിലെ ധനമെല്ലാം ചവറായി എണ്ണും. നിന്റെ ഉള്ളിലെ ക്രസ്തുവിനെ കണ്ടെത്തുക. അതിന് നിന്നിലേക്കുതന്നെ എപ്പോഴും നോക്കുക. കറുത്തപാടുകൾ തുടച്ചുനീക്കുക. നിനക്കു വ്യക്തമായിക്കാണാം ക്രിസ്തുവിനെ. അവൻ വാസ്തവമായി നിന്നിലുണ്ട് നിശ്ചയം. അവൻ തങ്കത്തിലും ഏറെപ്പൊന്നിലും വിലയേറിയവനാണ്. നിന്റെ ഉള്ള് അവന്റെ പ്രകാശം കൊണ്ട് നിറയുമ്പോൾ നിന്റെ മുഖവും അവനേപ്പോലെ പ്രകാശിക്കും. ക്രിസ്തുവിലുള്ള സംതൃപ്തിയായിരിക്കട്ടെ നിന്റെ ധനം. ■

പരീക്ഷാ ഒരുക്ക ധ്യാനം

പരുമല: അഖില മലങ്കര പ്രാർത്ഥനാ യോഗത്തിന്റെ ആഭിമുഖ്യത്തിൽ പരീക്ഷാ ഒരുക്ക ധ്യാനം 2017 ജനുവരി 14 ശനിയാഴ്ച പരുമല പള്ളിയിൽ നടത്തും.

ശാന്തിനിറയുന്ന ക്രിസ്തുമസ്

■ ഡീക്കൻ. ജോബ് സാം മാത്യു, കൊടുമൺ

സർവ്വപ്രപഞ്ചത്തോടുമുള്ള നിരുപാധിക ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ് ദൈവത്തിന്റെ മനുഷ്യാവതാരം. അതിനാൽ ക്രിസ്മസ് സ്നേഹനിർഭരമായ മാനവശുശ്രൂഷയ്ക്കും പരസ്പരകരുതലിനും നമ്മെ ആഹ്വാനം ചെയ്യുന്നു.

സർവ്വപ്രപഞ്ചത്തിന്റെയും രക്ഷയ്ക്കായി ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചു. അങ്ങനെ എല്ലാവരും രക്ഷിക്കപ്പെടണമെന്ന ദൈവിക പദ്ധതി യേശുക്രിസ്തുവിലൂടെ ചരിത്രത്തിൽ വെളിപ്പെട്ടു. (1 തീമോ. 2:4). ദൈവസ്നേഹത്തിന്റെ പ്രകാശമാണ് ദൈവപുത്രന്റെ മനുഷ്യാവതാരം (യോഹ. 3:16). ഇന്ന് ലോക ജനത ക്രിസ്തുമസ് ആഘോഷിക്കുന്നു. എന്നാൽ ആഘോഷങ്ങളുടെ ഭൗതികവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം നമ്മോട് സംവേദിക്കുന്നതെന്താണ്.

1. ക്രിസ്തുമസ്: ദൈവസ്നേഹവും സാർവത്രിക സന്തോഷവും

പാപം മൂലം മനുഷ്യകുലത്തിനുണ്ടായ മുറിവ് അതീവ ഗുരുതരമായിരുന്നു. (മീഖാ 7:2, ഹോശയ 4:2, സങ്കീ. 14:3). അതിനാൽ നാശത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരുന്ന മനുഷ്യകുലത്തെ വീണ്ടെടുക്കാൻ ദൈവം മനുഷ്യാവതാരമെടുത്തു. പിതാവാം ദൈവത്തെ ലോകത്തിനു വെളിപ്പെടുത്താൻ പുത്രനാം ദൈവം ഭൂമിയിലെത്തി. ദൈവപുത്രനാൽ മനുഷ്യവംശത്തെ രമ്യതയുടെയും സ്നേഹത്തിന്റെയും വിനയത്തിന്റെയും സ്വയം പരിത്യാഗത്തിന്റെയും പാഠങ്ങൾ അഭ്യസിപ്പിച്ചു. ദൈവത്തിന് മനുഷ്യനും പ്രപഞ്ചത്തിനും നൽകാവുന്നതിൽ വച്ച് ഏറ്റവും വലിയ ദാനമാണ് മനുഷ്യാവതാരത്തിലൂടെ നൽകിയത്. മനുഷ്യന്റെ ബൗദ്ധിക തലങ്ങൾക്ക് ഉപരിയായവൻ ചരിത്രത്തിന്റെ ഭാഗമായിത്തീർന്നു. ചരിത്രത്തിൽ ജീവിച്ച മനുഷ്യനായ യേശു ദൈവപുത്രനാണ്, ദൈവപുത്രൻ മനുഷ്യനായ യേശുവാണ്.

ദൈവം സ്നേഹമാണ്. ഒരേ സമയം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ യേശുക്രിസ്തു, മനുഷ്യ പ്രകൃതിയുടെ എല്ലാ പരിമിതികൾക്കും വിധേയനായി മനുഷ്യാവതാരം ചെയ്തു. സ്വയം ശൂന്യവത്ക്കരിച്ച (kenosis) ക്രിസ്തു ശൈലിയെ മാതൃകയാക്കാൻ പൗലോസ് അപ്പോസ്തോലൻ ആഹ്വാനം ചെയ്യുന്നു (ഫിലി. 2:5-9). യറുശലേമിലെ വി. കൂറിലോസ് (315-386) അദ്ദേഹത്തിന്റെ വിശ്വാസ പ്രബോധനത്തിൽ പറയുന്നു: അവിടുന്ന് ആയിരിക്കുന്ന രീതിയിൽ ദർശിക്കുന്നതിനോ, അവനിൽ സന്തുഷ്ടരാകുന്നതിനോ നമ്മെക്കൊണ്ട് കഴിയാഞ്ഞതിനാൽ നാം അവനിൽ സന്തുഷ്ടരാകുവാൻ നമ്മുടെ അവസ്ഥയിലേക്ക്

ബേത്‌ലഹേം



അപ്പത്തിന്റെ ഭവനം എന്ന് അർത്ഥമുള്ള ബേത്‌ലഹേം ക്രൈസ്തവ, യഹൂദാ, മുഹമ്മദീയ ചരിത്രത്തിൽ അത്യധികം പ്രാധാന്യമേറിയ സ്ഥലമാണ്. യരുശലേമിൽനിന്നും തെക്കോട്ട് ഹെബ്രോനിലേക്കുള്ള വഴിയെ യാത്ര ചെയ്താൽ 9 കിലോമീറ്റർ തെക്കാണ് ബേത്‌ലഹേം. സമുദ്രനിരപ്പിൽനിന്നും ഏകദേശം 790 മീറ്റർ ഉയരത്തിൽ ഈ പ്രദേശം കിടക്കുന്നു. യേശുക്രിസ്തുവിന്റെ ജന്മസ്ഥലമായതിനാൽ ക്രിസ്ത്യാനികളുടെ അതിപ്രധാനമായ പുണ്യസ്ഥലങ്ങളിൽ ഒന്നാണിത്. യഹൂദാ ഗോത്രത്തിൽ ഉൾപ്പെട്ട സ്ഥലമായിതിനെ കണക്കാക്കുന്നു. ഏഫ്രേമ്യർ ഇവിടെ താമസം ഉറപ്പിച്ചിരുന്നതിനാലാണ് എഫ്രാത്ത് എന്ന് ബൈബിളിൽ വിശേഷിപ്പിക്കുന്നത്.

യാക്കോബ് പർദൻ ആരാമിൽ നിന്നും മടങ്ങിവരുന്ന വഴി എഫ്രാത്തിൽ എത്തുന്നതിനു മുമ്പ് ഭാര്യയായ റാഹേൽ മരണമടഞ്ഞു. ഇതു ബൈബിളിൽ പരാമർശിക്കുന്നു. ബന്യാമിന്റെ പ്രസവത്തോടുകൂടി മരണമടഞ്ഞു എന്ന് ഉൽപത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നൊവോമിയുടെയും എലിമലേക്കിന്റെയും സ്വന്ത നാടായിരുന്നു ഇത്. വിധവയായ രൂത്തിനെ വിവാഹം കഴിച്ച ബോവസ് അതായത് ദാവീദിന്റെ പിതാവായ യിശ്ശായിയുടെ വല്യച്ചൻ ബേത്‌ലഹേമ്യനായിരുന്നു. യിസ്രായേലിനെ ഭരി

അവിടുന്ന് ഇറങ്ങിവന്നു. നമ്മുടെ മനുഷ്യസ്വഭാവത്തിലൂടെ നാം രക്ഷിക്കപ്പെടേണ്ടതിനായി കർത്താവ് നമ്മിൽ നിന്നും നമ്മുടെ സാദൃശ്യം സ്വീകരിച്ചു (12:15). ഇതേ ആശയം ലയോൺസിലെ വി. ഐറേനിയോസും (എ.ഡി. 296-373) പഠിപ്പിക്കുന്നുണ്ട്.

"....തൻ സാമ്യം നാം പൂണ്ടിടുവാൻ
നമ്മുടെ സാമ്യമവൻ പൂണ്ടു;
നമ്മേതൻ പിതൃസുതരാക്കി
പാവനറൂഹായൊടു ചേർപ്പാൻ
മാനവരൂപം സ്വയമേറ്റാൻ"
(സ്ലീബാ നമസ്ക്കാരം, പ്രഭാതം)

വെറുമൊരു മനുഷ്യനല്ല, മനുഷ്യനായിത്തീർന്ന ദൈവപുത്രനാണ് നമുക്കായി കുരിശിലെ മരണത്തോളം വനീതനായി ദൈവ്സനേഹം പ്രകടിപ്പിച്ചത്. സർവ ജനത്തിനുമുള്ള മഹാസന്തോഷമാണ് രക്ഷകന്റെ മനുഷ്യാവതാരം.

2. ക്രിസ്തുമസ്: ലാളിത്യത്തിന്റെ ആഘോഷമാണ്

നന്മകൾ പങ്കുവയ്ക്കാനുള്ള ക്ഷണമാണ് മനുഷ്യാവതാരം. വിശ്വാസികളുടെ മനസ്സിൽ എക്കാലവും പച്ചപിടിച്ച് നിൽക്കുന്ന ആത്മീയ അനുഭൂതിയാണ് കർത്താവിന്റെ ജനന വിവരണങ്ങൾ (മത്താ. 1:18-2:23, ലൂക്കോ. 1:5-2:20) നൽകുന്നത്. അനേകം തലമുറകളുടെ പ്രതീക്ഷകളുടെയും തയ്യാറെടുപ്പുകളുടെയും ഫലമായിരുന്നു യേശുവിന്റെ ജനനം. ദൈവപുത്രന്റെ മനുഷ്യാവതാരം പ്രവചനങ്ങളുടെ പൂർത്തീകരണവും പുതിയ യുഗത്തിന്റെ തുടക്കവുമാണ് (യെശ. 7:14, മീഖാ. 5:2).

ദൈവിക പദ്ധതിയിൽ വി. കന്യക മറിയാമും തച്ചനായ യൗസേഫും സുപ്രധാന പങ്കാണ് വഹിച്ചത്. വിനയപുരസരം ദൈവകൃപയിൽ ആശ്രയിച്ച് അവർ ഈ ദൗത്യത്തിന്റെ ഭാഗഭാക്കുകളായി പ്രതിസന്ധികളും നിലയ്ക്കാത്ത ഓട്ടവും അവരെ നസ്രേത്തിലെ പശുതൊട്ടിയിൽ എത്തിക്കുന്നു (ലൂക്കോ. 2:2-7). ദൈവിക ദൗത്യങ്ങൾ നമ്മെ ഏൽപ്പിക്കുമ്പോൾ പൂർണ്ണ സമർപ്പണവും ത്യാഗപൂർണ്ണമായ ജീവിതവും നിഷ്കളങ്കമായ ഭക്തിയുമാണ് നമ്മിൽ നിന്നും ഉണ്ടാകേണ്ടത്. മനുഷ്യാവതാരത്തിന് ഏറ്റവും സുപ്രധാന സഹകർമ്മം ലഭിച്ചത് കന്യകമറിയാമിൽ നന്നാണ് (ലൂക്കോ. 1:38).

പ്രവാചകന്മാരും നീതിമാന്മാരും കാണുവാനും കേൾക്കുവാനും ആഗ്രഹിച്ച സദ്‌വാർത്ത ജ്ഞാനികളിൽ നിന്നും വിവേകികളിൽ നിന്നും മറച്ച് സാധാരണക്കാർക്ക് ദൈവം വെളിപ്പെടുത്തി. അക്കാലത്തെ ഇസ്രയേൽ സമൂഹത്തിലെ നിസ്സാരരും ദരിദ്രരുമായ ഇടയന്മാരോടാണ് രക്ഷകൻ പിറന്ന സദ്‌വാർത്ത ആദ്യം അറിയിക്കുന്നത്. (ലൂക്കോ. 2:8-20). അവർ ഏറ്റവും വലിയ സദ്‌വാർത്തയുടെ ശ്രോതാക്കളും സാക്ഷികളും പ്രഘോഷകരും ആയിത്തീർന്നു.

പൊതുസമൂഹത്തിന്റെ ധാരാളിത്തങ്ങളിൽ നിന്നും, ആഡംബരങ്ങളിൽ നിന്നുമകന്നാണ് രക്ഷകന്റെ ജനനമുണ്ടായത്. നക്ഷത്രത്തെ ലക്ഷ്യമാക്കി സഞ്ചരിച്ച വിദ്വാന്മാർക്ക് ലക്ഷ്യത്തിൽ എത്തുന്നതിൽ ആദ്യം പരാജയമുണ്ടായി. കാരണം അവർ അന്വേഷിച്ചത് രാജശിശുവിനേയാണ്. യേശു യഹോവയുടെ കഷ്ടത അനുഭവിക്കുന്ന ദാസനാണ്. സമ്പത്തിന്റെയും വിജ്ഞാനത്തിന്റെയും മാനദണ്ഡ അടിസ്ഥാനത്തിൽ ക്രിസ്തുവിനെ ദർശിക്കാൻ കഴിയില്ല. എന്നാൽ സമർപ്പണബോധത്തോടും ദൈവകൃപയിൽ ആശ്രയിച്ച് പാതകളെ ക്രമീകരിക്കുമ്പോഴും വിപരീത ശക്തികളെ തരണം ചെയ്ത് മശിഹാദർശനം സാധ്യമാക്കുന്നു. കല്ലടാവിലെ ക്രിസ്തുദർശനം വിദ്വാന്മാരുടെ ദർശനങ്ങൾക്ക് പുതിയ ദിശാബോധം നൽകി. പഴയ ശൈലികളെ ഉപേക്ഷിച്ച് ദൈവിക വഴി

ക്കുവാൻ യോഗ്യനായ രാജാവിനെ ശമുവേൽ തിരയുന്നതും, ദാവീദിനെ കണ്ടെത്തി അഭിഷേകം ചെയ്തതും ബേത്‌ലഹേമിലാണ്. അതുമൂലം ദാവീദിന്റെ പട്ടണം എന്ന് ഇതിനു പേരായി (ലൂക്കോസ് 2:5, 6) യേശുക്രിസ്തു ജനിച്ച സ്ഥലം എന്നതാണ് ബേത്‌ലഹേമിന്റെ മുഖ്യ ആകർഷണം. (മത്താ. 2:1) മീഖാ പ്രവാചകൻ ദിവ്യദർശനം കണ്ടത് മീഖാ: 5, 2 ൽ എഴുതിയിരിക്കുന്നത് ഇങ്ങനെ "നീയോ ബേത്‌ലഹേം എഫ്രാത്തേ, നീ യഹൂദ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രയേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നും ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേ ഉള്ളതും പുരാതനമായതും തന്നേ." യേശുവിന്റെ ജനനത്തോടുകൂടി ഇത് അക്ഷരംപ്രതി സംഭവിച്ചു.

ജനസംഖ്യാരേഖ രേഖപ്പെടുത്തുന്നതിന് അല്ലെങ്കിൽ കാനേഷുമാരി കണക്കെടുപ്പിനു ജോസഫ് പിതൃസ്ഥലത്തേക്ക് ചെല്ലേണ്ടിയിരുന്നുവെന്നു ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു. (ലൂക്കോ. 2: 1-5) വഴിയമ്പലത്തിൽ സ്ഥലമില്ലാതിരുന്നതിനാൽ വി. മറിയം യേശുവിനെ പ്രസവിച്ച ശേഷം പുൽത്തൊട്ടിയിൽ കിടത്തി. ആട്ടിടയർ പുൽത്തൊട്ടിയിൽ കിടത്തിയിരുന്ന ശിശുവിനെ കണ്ടെന്നു വി. ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്നു. വിദ്വാന്മാർ പൈതലിനെ ബേത്‌ലഹേമിലെ ഒരു വീട്ടിൽ കണ്ടു നമസ്കരിച്ചു എന്നു വി. മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. പഴയകാലത്തും ബേത്‌ലഹേം തിരക്കുള്ള സ്ഥലമായിരുന്നു.

ക്രിസ്തുമതം ഭൂമുഖത്തുനിന്നും തുടച്ചുമാറ്റുവാൻ ഉറച്ച തീരുമാനം റോമൻ ചക്രവർത്തി എ.ഡി.135 ൽ എടുത്തിരുന്നു. യേശു ജനിച്ചുവീണ ഗുഹ മണ്ണിട്ടുമൂടി അതിനു മുകളിൽ അദോനി ദേവിക്ക് കാവ് ഉണ്ടാക്കി. എന്നാൽ അതേ റോമൻ സാമ്രാജ്യത്തിന്റ ചക്രവർത്തി പിൽക്കാലത്ത് ക്രിസ്തുമതം ആ സാമ്രാജ്യത്തിന്റെ ദേശീയ മതമായി പ്രഖ്യാപിച്ചു. യേശുവിനെ വി. മറിയം പ്രസവിച്ചതു ബേത്‌ലഹേമിലെ ഒരു ഗുഹയിൽ ആയിരുന്നു എന്ന വാദഗതി പ്രചരിച്ചിരുന്നതിനാൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാതാവ് ഹെലേനാ എ.ഡി. 324 ൽ അവിടം സന്ദർശിച്ചിരുന്നു. ഗുഹയുടെ മുകളിൽ ദേവാലയം പണിയണമെന്ന് ആ മഹതി ആഗ്രഹം അറിയിച്ചതിനാൽ എ.ഡി. 330 ൽ മകൻ അവിടെ ദേവാലയം പണിതു. ആ പള്ളിക്ക് തിരുപ്പിറവി ദേവാലയം അല്ലെങ്കിൽ Church of Nativity എന്ന് പിൽക്കാലത്ത് പേരായി ത്തീർന്നു.

– ഫാ. ജോൺ ശങ്കരത്തിൽ,
അഡ്വ. വർഗീസ് പി. തോമസ് ■

സീയോൻ സഞ്ചാരിയുടെ അനുഭവങ്ങൾ

ഫാ. ജോൺ ശങ്കരത്തിൽ / അഡ്വ. വർഗീസ് പി. വർഗീസ്



എം.ഒ.സി. പബ്ലിക്കേഷൻസ്,
വില : 200, പേജ് : 260

യിൽ സഞ്ചരിക്കാനുള്ള പ്രേരണ നൽകി. (മത്താ. 2:1-12). ക്രിസ്തുദർശനം നമ്മുടെ ജീവിതത്തിന് പുതിയ മാനം നൽകും. നമ്മുടെ മനോഭാവവും കാഴ്ചപ്പാടും ചിന്തയും സ്വഭാവവും താത്പര്യവും മൂല്യബോധവും മാറ്റി, പുതിയ സൃഷ്ടിയായി പരിണമിക്കും.

അർത്ഥസമ്പുഷ്ഠവും ആദ്ധ്യാത്മിക ചൈതന്യവും നിറഞ്ഞു നിൽക്കുന്ന ജനനപ്പെരുന്നാൾ ശുശ്രൂഷ വിശ്വാസികൾക്ക് നവ്യാനുഭൂതികൾ പകരുന്ന അവസരമാണ്. ക്രിസ്തു രഹസ്യങ്ങളിലെ ക്രിയാത്മ പങ്കാളിത്തത്തിലേക്കുള്ള ക്ഷണമാണ് ഈ പെരുന്നാൾ നൽകുന്നത്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായി ഒരുക്കപ്പെടുന്നതിനും ക്രിസ്തു സന്ദേശത്തിന്റെ വാഹകരാകാൻ ആത്മവിശുദ്ധിയോടെ തയ്യാറാകുന്നതിനും നോമ്പ് ഇടയാകുന്നു.

സകല ജനതയ്ക്കുമായി നൽകപ്പെട്ട സദ്വാർത്ത തിരിച്ചറിയുകയും അത് പങ്കുവയ്ക്കുകയും ചെയ്യുക എന്ന ദൗത്യം ഓരോ ക്രൈസ്തവനിലും നിക്ഷിപ്തമാണ് (മത്താ. 28:20). ദൈവം നൽകിയ അനുഗ്രഹങ്ങളെ ആവശ്യക്കാരുമായി പങ്കുവയ്ക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്.

പ്രാർത്ഥന: ദൈവമായ കർത്താവേ! കന്യകമറിയാമിൽ നിന്നുള്ള നിന്റെ ജനനദിവസത്തെ ബഹുമാനിക്കുവാനും നിന്റെ ജനത്തിന്റെ മാതൃകയെ ഞങ്ങളുടെ ഉള്ളിൽ ആഘോഷിക്കുവാനും ജീവപ്രദമായ നിന്റെ സ്ലീബായെ പുകഴ്ത്തുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

(ജനനപ്പെരുന്നാൾ സ്ലീബാ ആഘോഷം). ■

For Favours Received





Lissy Raju

13-ാം ഓർമ്മ, 17-12-2016



Rev. Fr. P.V. Daniel

PULIVELIL HOUSE
Amakkunnu, Konni

"ആചാര്യേശാ മശിഹാ കൂദാശകൾ
അർപ്പിച്ചോരീ-
ആചാര്യനേകുക പുണ്യം
നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

വി. മാർത്തോമ്മാ ശ്ലീഹായുടെ പട്ടത്വം വേദപുസ്തക വെളിച്ചത്തിൽ

■ പ്രൊഫ. വിപിൻ കെ. വർഗീസ്, പാമ്പാടി

ഏറ്റവും വിദൂരദേശമായ ഇന്ത്യയിലേക്കും പേർഷ്യയിലേക്കും യേശുക്രിസ്തു തന്നെയാണ് വി. തോമായെ അയച്ചതെന്നാണ് പാരമ്പര്യം ഉദ്ഘോഷിക്കുന്നത്. ഈ വിധത്തിൽ യാതൊരു അധികാരവും ഇല്ലാത്ത ഒരാളെ യേശു തന്റെ പ്രേക്ഷിതപ്രവർത്തനത്തിന് നിയോഗിക്കുമോ?

ഈ ഡിസംബർ 21 ന് നാം നമ്മെ കർത്താവിൽ ജനിപ്പിച്ച മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഒരു വാർഷികം കൂടി ആചരിക്കുകയാണല്ലോ? മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിക്ക് പല വിഷമസന്ധികളെയും ഒരുകാലത്ത് നേരിടേണ്ടിവന്നുവെങ്കിലും ശ്ലീഹായുടെ അനുഗ്രഹം മൂലം സഭ അതിനെ തരണം ചെയ്തു. അന്ത്യോഖ്യായുടെ പാത്രിയർക്കീസായിരുന്ന പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതിയൻ ബാവ അദ്ദേഹത്തിന്റെ 203/70 എന്ന വിവാദപരമായ കല്പനയിലൂടെ മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്തു. അദ്ദേഹത്തിന്റെ അനുയായികളായ യാക്കോബായ സഭാമക്കൾ തങ്ങളുടെ ആദ്യപിതാവിന് ഒരു പ്രത്യേകവിശേഷണം കൂടി നൽകി. 'സംശയാലുവായ തോമസ്' ഇവ രണ്ടും വേദവെളിച്ചത്തിൽ എത്രത്തോളം ശരിയാണെന്ന് പരിശോധിക്കുവാനാണ് ഈ ലേഖനത്തിൽ പരിശ്രമിക്കുന്നത്.

ആദ്യം സംശയാലുവായ തോമയെക്കുറിച്ചും യാതൊരു സംശയവും ഇല്ല എന്നു പ്രഖ്യാപിക്കപ്പെടുന്ന മറ്റു ശ്ലീഹന്മാരെക്കുറിച്ചും വി. വേദപുസ്തകം എന്തു പറയുന്നു എന്ന് പരിശോധിക്കാം. യേശുക്രിസ്തു മനുഷ്യനായി ശ്ലീഹന്മാരോടൊപ്പം ഈ ലോകത്തിൽ ജീവിച്ച കാലത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് നാല് സുവിശേഷ ഭാഗങ്ങളിലാണ്. യേശുക്രിസ്തുവിന്റെ കബറടക്കത്തിനുശേഷം നടന്ന സംഭവങ്ങൾ വി. മത്തായി 28: 16, 17 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. അതിപ്രകാരമാണ്. "എന്നാൽ പതിനൊന്നു ശിഷ്യൻമാർ ഗലീലയിൽ യേശു അവരോടു കല്പിച്ചിരുന്ന മലെക്ക് പോയി അവനെ കണ്ടപ്പോൾ അവനെ നമസ്ക്കരിച്ചു. ചിലരോ സംശയിച്ചു". ഇവിടെ യേശുക്രിസ്തുവിന്റെ കല്പനപ്രകാരം മലയിലേക്ക് പോകുന്നതായി കാണുന്നു. അവർ അവിടെവച്ച് യേശുക്രിസ്തുവിനെ നമസ്ക്കരിച്ചു. അവരിൽ ചിലർ യേശുവിനെ സംശയിച്ചതായും രേഖപ്പെടുത്തുന്നു. ഇവിടെ ചിലർ എന്നു ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് തന്നെ ഒന്നിലധികം പേർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സംശയിച്ചിരിക്കാം. തോമാശ്ലീഹാ ഉയിർത്തെഴുന്നേറ്റ കർത്താവിനെ കാണാതെ വിശ്വസിക്കുകയില്ല എന്നാണ് പറഞ്ഞതെന്നും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

വി. മർക്കോസ് 16 : 9–14 ൽ ഇപ്രകാരം പറയുന്നു. "അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഉയർത്തെഴുന്നേറ്റിട്ട് താൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയക്കു ആദ്യം പ്രത്യക്ഷനായി.



വര: ഫാ.ഡോ. ജോർജി ജോസഫ്, അടൂർ

അവൾ ചെന്നു അവനോടുകൂടെ ഇരുന്നവനായി ദു:ഖിച്ചും കരഞ്ഞും കൊണ്ടിരിക്കുന്നവരോട് അറിയിച്ചു. അവൻ ജീവനോടിരിക്കുന്നു എന്നും അവൾ അവനെ കണ്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല. പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്ക് പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷനായി. അവർ പോയി ശേഷമുള്ളവരോട് അറിയിച്ചു. അവരുടെ വാക്കും അവർ വിശ്വസിച്ചി

ല്ല. പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷനായി. തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും ശാസിച്ചു. ഇവിടെ മഗ്ദലക്കാരത്തി മറിയയ്ക്കും മറ്റു രണ്ടുപേർക്കും യേശു ഉയിർത്തെഴുന്നേറ്റ ശേഷം പ്രത്യക്ഷനായി. ഇവർ തങ്ങൾക്ക് പ്രത്യക്ഷനായ യേശുവിനെപ്പറ്റി മറ്റുള്ളവരോട് പറഞ്ഞെങ്കിലും അവർ വിശ്വസിച്ചില്ല. പൊതുവായിട്ടാണ് ശേഷമുള്ളവർ എന്നും അവനോടുകൂടെ കൂടെ ഇരുന്നവരായി ദു:ഖിച്ചും കരഞ്ഞും കൊണ്ടിരുന്നവർ എന്നും പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതിൽ പതിനൊന്ന് ശിഷ്യൻമാർ (യൂദാ ഒഴികെയുള്ളവർ) ഉൾപ്പെട്ടിരുന്നുവെന്ന് പിന്നീടുള്ള വാക്യം വ്യക്തമാക്കുന്നു. താൻ ഉയിർത്തെഴുന്നേറ്റു എന്ന മറിയയുടെയും മറ്റ് രണ്ടുപേരുടെയും വാക്കുകളെ വിശ്വസിക്കാത്ത പതിനൊരുവരെ യേശു ശാസിക്കുന്നു.

വി. ലൂക്കോസ് 24:8-11 ൽ ഇപ്രകാരം പറയുന്നു. "അവർ അവന്റെ വാക്കു ഓർത്തു കല്ലറ വിട്ടു മടങ്ങിപ്പോയി. പതിനൊരുവർ മുതലായ എല്ലാവരോടും ഇതു ഒക്കെയും അറിയിച്ചു. അവർ ആരെന്നാൽ മഗ്ദലക്കാരത്തി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ എന്നിവർ തന്നെ. അവരോടുകൂടെയുള്ള മറ്റു സ്ത്രീകളും അത് അപ്പോസ്തോലന്മാരോടു പറഞ്ഞു. ഈ വാക്ക് അവർക്കു വെറും കഥ പോലെ തോന്നി. അവരെ വിശ്വസിച്ചില്ല." ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ചു മഗ്ദലക്കാരത്തി മറിയയും മറ്റു സ്ത്രീകളും ശ്ലീഹന്മാരോടു പറഞ്ഞുവെങ്കിലും അവർ അവരുടെ വാക്ക് വിശ്വസിച്ചില്ല എന്നാണ് വി. ലൂക്കോസ് രേഖപ്പെടുത്തുന്നത്.

തോമാ ശ്ലീഹായുടെ അവിശ്വാസത്തെക്കുറിച്ച് വി. യോഹന്നാൻ 20: 24, 25 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. " എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റേശിഷ്യൻമാർ അവനോട് ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുത് കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്നു അവൻ അവരോട് പറഞ്ഞു. ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നത് ക്രിസ്തുവിനെ നേരിൽ കാണാതെ വിശ്വസിക്കയില്ല എന്നതാണ് തോമാശ്ലീഹാ പറഞ്ഞത്.

വി. യോഹന്നാൻ, മാർത്തോമ്മാ ശ്ലീഹായെ മാത്രം സംശയാലുവായി രേഖപ്പെടുത്തുമ്പോൾ വി. മർക്കോസും വി. ലൂക്കോസും ശിഷ്യസമൂഹത്തെ (11 പേരെയും) മുഴുവനായും സംശയാലുക്കൾ ആയി രേഖപ്പെടുത്തുന്നു. വി. മത്തായി ശിഷ്യൻമാരിൽ ചിലർ ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിട്ടു കണ്ടെങ്കിലും സംശയിച്ചതായും രേഖപ്പെടുത്തുന്നു. ഈ രീതിയിൽ ഉയിർത്തെഴുന്നേറ്റ യേശുവിനെ സംബന്ധിച്ച് ശിഷ്യൻമാർ എടുത്ത നിലപാടിനെക്കുറിച്ച് വ്യക്തമായി സാക്ഷിക്കുമ്പോൾ മാർത്തോമാ ശ്ലീഹായെ മാത്രം 'സംശയാലു' എന്ന് വിളിച്ച് ആക്ഷേപിക്കുന്നത് ശരിയാണോ എന്ന് അങ്ങനെ ചെയ്യുന്നവർ ചിന്തിക്കേണ്ടത് അനിവാര്യമാണ്.

മാർത്തോമാ ശ്ലീഹായുടെ പൗരോഹിത്യത്തെ സംബന്ധിച്ച് വി. വേദപുസ്തകം എന്തു പറയുന്നു എന്നും പരിശോധിക്കാം. മാർത്തോമാ ശ്ലീഹായ്ക്ക് പട്ടത്വം ഇല്ല എന്ന് പറയുന്നതിന് അടിസ്ഥാനമായി എടുക്കുന്ന വേദഭാഗം വി. യോഹന്നാൻ 20:21-24 വാക്യങ്ങളാണ്. "യേശു പിന്നെയും അവരോട് നിങ്ങൾക്ക് സമാധാനം, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെ മേൽ ഊതി. അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല." പൗരോഹിത്യ അധികാരമായ പാപമോചനാധികാരവും പരിശുദ്ധാത്മാവിനെയും ശിഷ്യന്മാർക്ക് പ്രദാനം ചെയ്തപ്പോൾ മാർത്തോമാ ശ്ലീഹാ ഉണ്ടായിരുന്നില്ല. അതുകൊണ്ട് മാർത്തോമാ ശ്ലീഹായ്ക്ക് പൗരോഹിത്യം ഇല്ല എന്നു പറയുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ശിഷ്യസമൂഹത്തിനു മുഴുവനായും ആണ് ഈ അധികാരം നൽകുന്നത്. അതായത് ഓരോ ശിഷ്യന്റെയും പേരെടുത്ത് പറഞ്ഞ് ഒരു അധികാരവും നൽകുന്നില്ല. അതുകൊണ്ടുതന്നെ മാർത്തോമാ ശ്ലീഹാ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിന് മുഴുവനായും ലഭിച്ച അധികാരം അദ്ദേഹത്തിനും ലഭിക്കുന്നതിൽ അസ്വഭാവികത ഒന്നും ഇല്ല.

മാർത്തോമാ ശ്ലീഹാ മാത്രമല്ല സംശയാലു എന്നും മാർത്തോമാ ശ്ലീഹായ്ക്കു ശ്ലൈഹിക സിംഹാസനവും പട്ടത്വവും ഉണ്ട് എന്നും വേദപുസ്തകം തന്നെ സാക്ഷിക്കുന്നു.

ഇതിന് അനുകൂലമായ ഒരു തെളിവ് പഴയനിയമത്തിൽ ഉണ്ട്. സംഖ്യാപുസ്തകം 11:24-29 വാക്യങ്ങൾ ഇതേ സാഹചര്യം വ്യക്തമാക്കുന്നു. "അങ്ങനെ മോശെ ചെന്നു യഹോവയുടെ വചനങ്ങളെ ജനത്തോടു പറഞ്ഞു. ജനത്തിന്റെ മൂപ്പന്മാരിൽ എഴുപതു പുരുഷന്മാരെ കൂട്ടി കൂടാരത്തിന്റെ ചുറ്റിലും നിറുത്തി. എന്നാറെ യഹോവ ഒരു മേഘത്തിൽ ഇറങ്ങി അവനോട് അരുളിച്ചെയ്തു. അവൻമേലുള്ള ആത്മാവിൽ കുറെ എടുത്തു മൂപ്പന്മാരായ ആ എഴുപതു പുരുഷന്മാർക്കു കൊടുത്തു. ആത്മാവ് അവരുടെ മേൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു. പിന്നെ അങ്ങനെ ചെയ്തില്ല താനും. എന്നാൽ ആ പുരുഷന്മാരിൽ രണ്ടുപേർ

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ AD 54-ൽ സ്ഥാപിതവും
വിശുദ്ധന്റെ തിരുശേഷിപ്പിടവും മാർത്തോമ്മൻ
തീർത്ഥാടന കേന്ദ്രവുമായ
നിരണം പള്ളിയിൽ
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ
2016 ഡിസംബർ
11 മുതൽ 21 വരെ
പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനിയും
അഭി. തിരുമേനിമാരും കാർമ്മികത്വം വഹിക്കുന്നു
പെരുന്നാൾ വിളംബര റാലി * കൊടിഘോഷ യാത്ര * കൊടിയേറ്റ് * പരിസ്ഥിതി സമ്മേളനം
* അനുഗ്രഹ സംഗമം * തിരുവചന ശുശ്രൂഷ * ഭദ്രാസന മർത്തമറിയം സമ്മേളനം
* എം.ജി.ഒ.സി.എസ്.എം സമ്മേളനം * വിദ്യാർത്ഥി കലാസംഗമം * സുവിശേഷ സംഘ ധ്യാനം
* വൈദിക സംഗമം * മാർത്തോമ്മൻ പൈതൃക സമ്മേളനം * ഭക്തിനിർഭരമായ പ്രദക്ഷിണം
* ശ്ലൈഹിക വാഴ്‌വ് * വി. അഞ്ചിന്മേൽ കുർബാന * വെച്ചൂട്ട്
St. Marys Orthodox Church, Niranam P.O, Thiruvalla • Tel: 0469 2711 510

പാളയത്തിൽ തന്നെ താമസിച്ചിരുന്നു. ഒരുത്തനു എൽദാദ് എന്നും മറ്റവനു മേദാദ് എന്നും പേർ. ആത്മാവ് അവരുടെ മേലും ആവസിച്ചു. അവരും പേരെഴുതിയവരിൽ ഉള്ളവർ ആയിരുന്നു എങ്കിലും കൂടാരത്തിലേക്ക് ചെന്നിരുന്നില്ല. അവർ പാളയത്തിൽവച്ച് പ്രവചിച്ചു. അപ്പോൾ ഒരു ബാല്യക്കാരൻ മോശെയുടെ അടുക്കൽ ഓടിച്ചെന്നു. എൽദാദും മേദാദും പാളയത്തിൽ വച്ചു പ്രവചിക്കുന്നു എന്നു അറിയിച്ചു. എന്നാറെ നൂന്റെ മകനായി ബാല്യം മുതൽ മോശെയുടെ ശുശ്രൂഷകനായിരുന്ന യോശുവ എന്റെ യജമാനനായ മോശയെ അവരെ വിരോധിക്കണമെ എന്നു പറഞ്ഞു. മോശെ അവനോടു എന്നെ വിചാരിച്ചു നീ അസൂയപ്പെടുന്നുവോ? യഹോവയുടെ ജനം ഒക്കെയും പ്രവാചകന്മാരാകയും യഹോവ തന്റെ ആത്മാവിനെ അവരുടെമേൽ പകരുകയും ചെയ്തതെങ്കിൽ കൊള്ളായിരുന്നു എന്നു പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നുവെങ്കിലും പാളയത്തിനു പുറത്തു വരാതെയിരുന്ന 2 പേർക്കും മറ്റുള്ളവർക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മാവിനെ ലഭിച്ചതായും അവർ ഇരുവരും മറ്റുള്ളവയെപ്പോലെ പ്രവചിച്ചതായും വേദപുസ്തകം സാക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ട മാർത്തോമാ ശ്ലീഹായ്ക്കും പൗരോഹിത്യവും പാപമോചനാധികാരവും ലഭിച്ചു എന്നത് സ്പഷ്ടമാണ്.

ഇതു കൂടാതെ വി. യോഹന്നാന്റെ സുവിശേഷം 16:7 ൽ ഇപ്രകാരം പറയുന്നു. "ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. ഇതു യേശു തന്റെ ശിഷ്യന്മാരോടു പറയുന്നതാണ് ഇവിടെ കാര്യസ്ഥൻ എന്നുപറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. ഇവിടെ യേശു എടുത്തു പറയുന്ന ഒരു വസ്തുത യേശു പോയില്ല എങ്കിൽ പരിശുദ്ധാത്മാവ് വരികയില്ല എന്നാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം മാത്രമേ പരിശുദ്ധാത്മാവ് ആവസിക്കുകയുള്ളൂ എന്നും ഇതിൽ നിന്നും മനസ്സിലാക്കാം. അപ്പോസ്തോലപ്രവൃത്തികൾ 2:1-4 വരെയുള്ള ഭാഗത്ത് പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിന്റെ മേൽ ആവസിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവം സ്വർഗാരോഹണത്തിനുശേഷം ആണ് നടക്കുന്നത്.

ഈ വേദഭാഗങ്ങൾ എല്ലാം പഠിക്കുമ്പോൾ മാർത്തോമാ ശ്ലീഹായിലും പരിശുദ്ധാത്മാവ് ആവസിച്ചു എന്നും അദ്ദേഹത്തിനും വൈദികസ്ഥാനം ഉണ്ടായിരുന്നു എന്നും മനസ്സിലാക്കാം. പിന്നീടുള്ള ഒരു പ്രധാന വസ്തുത സിംഹാസനത്തെ സംബന്ധിച്ച് ആണ്. കർത്തൃശ്ലീഹന്മാരിൽ ആർക്കെങ്കിലും സിംഹാസനം (കസേര) സ്ഥാപിച്ച് അതിലുപവിഷ്ഠരായി ആത്മീകഭരണം നിർവ്വഹിക്കുവാൻ തക്കതായ ഒരു സാഹചര്യം ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നില്ല. അതിനുള്ള ഏറ്റവും വലിയ തെളിവാണ് വി. യോഹന്നാൻ ഒഴികെ ഒരു ശ്ലീഹായ്ക്കും സ്വാഭാവികമരണം പ്രാപിക്കുവാൻ കഴിഞ്ഞില്ല എന്നുള്ളത്. അവർ എല്ലാവരും രക്തസാക്ഷികൾ ആകുകയായിരുന്നു. സിംഹാസനം ശ്ലീഹന്മാർക്ക് മാത്രമേ ഉള്ളോ? ഈജിപ്റ്റിലെ കോപ്റ്റിക് ഓർത്തഡോക്സ് സഭാതലവൻ വി. മർക്കോസിന്റെ ശ്ലൈഹികസിംഹാസനത്തിന്റെ പോപ്പ് ആണ്. മർക്കോസ് പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായിരുന്നില്ല. അപ്പോൾ എന്താണ് ശ്ലൈഹികസിംഹാസനം? യേശുക്രിസ്തു ശ്ലീഹന്മാർക്ക് നൽകിയ പാപമോചന അധികാരവും പട്ടത്വ അധികാരവും ആണ് ശ്ലൈഹികസിംഹാസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ അധികാരങ്ങൾ ഇപ്പോഴത്തെ മേൽപ്പട്ടക്കാരിലും വൈദികരിലും എത്തിയത് ശ്ലൈഹികൈവെയ്പ്പ് വഴിയാണ്. വി. മർക്കോസിന് സിംഹാസനം ഉണ്ടെങ്കിൽ വി. തോമസ് അപ്പോസ്തോലന് അതില്ല എന്നു പറയുവാൻ സാധിക്കുമോ?

ഏറ്റവും വിദൂരദേശമായ ഇന്ത്യയിലേക്കും പേർഷ്യയിലേക്കും യേശുക്രിസ്തു തന്നെയാണ് വി. തോമായെ അയച്ചതെന്നാണ് പാരമ്പര്യം ഉദ്ഘോഷിക്കുന്നത്. ഈ വിധത്തിൽ യാതൊരു അധികാരവും ഇല്ലാത്ത ഒരാളെ യേശു തന്റെ പ്രേക്ഷിതപ്രവർത്തനത്തിന് നിയോഗിക്കുമോ? ഇത്തരം യാതൊരു അധികാരവും ഇല്ലായിരുന്നുവെങ്കിൽ പേർഷ്യയിലും ഇന്ത്യയിലും പിന്തുടർച്ചാ അധികാരമുള്ള വൈദികമേലദ്ധ്യക്ഷന്മാരെ മാർത്തോമാ ശ്ലീഹാ നിയമിക്കുമോ? മാർത്തോമാ ശ്ലീഹാ മാത്രമല്ല സംശയാലു എന്നും മാർത്തോമാ ശ്ലീഹാ യ്ക്കു ശ്ലൈഹികസിംഹാസനവും പട്ടത്വവും ഉണ്ട് എന്നും വേദപുസ്തകം തന്നെ സാക്ഷിക്കുന്നു. ■

നിയമിതനായി



കോട്ടയം ജില്ലാകോടതിയിൽ ഡിസ്ട്രിക്റ്റ് ഗവൺമെന്റ് പ്ലീഡർ ആൻഡ് പബ്ലിക് പ്രോസിക്യൂട്ടർ ആയി സജി കൊടുവത്ത് ചുമതലയേറ്റു. കഴിഞ്ഞ 30 വർഷമായി കോട്ടയം ജില്ലാ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വ. സജി കൊടുവത്ത് 2016-2011 കാലഘട്ടത്തിൽ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു. കോട്ടയം അമയന്നൂർ വടക്കൻമണ്ണൂർ സെ. തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

വാകത്താനം:- പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ 88-ാം ഓർമ്മ ഡിസം 17-ന് വാകത്താനം വള്ളിക്കാട്ടു ദയറായിൽ.

കൊരട്ടി:- യാക്കോബ് മാർ പോളികാർപ്പോസ് തിരുമേനിയുടെ 30-ാം ഓർമ്മ ഡിസം 26-ന് കൊരട്ടി സീയോൻ സെമിനാരിയിൽ.

ദേവലോകം:-പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 53-ാം ഓർമ്മ ജനുവരി 3-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

പത്തനംതിട്ട:-ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ ജനുവരി 22-ന് പത്തനംതിട്ട ബേസിൽ ദയറായിൽ.

For Favours Received



Chachikutty Kurian



Issac Maramon

സുറിയാനി കണക്കും പെരുന്നാൾ തീയതികളും



■ വർഗീസ് ജോൺ തോട്ടപ്പുഴ

മലങ്കരസഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതു (1953) വരെ പെരുന്നാളുകൾ ആഘോഷിച്ചിരുന്നത് സുറിയാനി തീയതിയെ അടിസ്ഥാനമാക്കിയാണ്; മലയാള തീയതിയെ അടിസ്ഥാനമാക്കിയല്ല. സുറിയാനി തീയതിയെ മലയാള തീയതിയെന്നു തെറ്റിദ്ധരിച്ച് ഇംഗ്ലീഷ് തീയതിയാക്കുമ്പോൾ തീയതികൾ തെറ്റിപ്പോകാം.

മലങ്കര സഭ ഡിസംബർ 25ന് ക്രിസ്മസ് ആഘോഷിച്ചു തുടങ്ങിയത് 1953ലാണ്. അതുവരെ സുറിയാനി മാസമായ 'കോനൂൻക്ദീം 25'നായിരുന്നു യൽദോ പെരുന്നാൾ. ഇതിനെ സുറിയാനിക്കണക്കിന് 'ധനു 25' എന്നു പറഞ്ഞിരുന്നു. ഇതു മലയാളമാസമായ ധനു 25 ആകുകയില്ല. ഇന്ന് നാം ഉപയോഗിക്കുന്ന ഗ്രിഗോറിയൻ കലണ്ടറിൽ 1901 – 1953 കാലഘട്ടത്തിൽ 13 ദിവസം വൈകി ജനുവരി ഏഴിന് ക്രിസ്മസ് വരാൻ കാരണം ഇതാണ്. 19-ാം നൂറ്റാണ്ടിൽ ജനുവരി ആറിനും 18-ാം നൂറ്റാണ്ടിൽ ജനുവരി അഞ്ചിനും 17-ാം നൂറ്റാണ്ടിൽ ജനുവരി നാലിനുമാണ് ക്രിസ്മസ് വന്നിരുന്നത്. ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള സുറിയാനി കണക്ക് (പഴയ രീതി/പൗരസ്ത്യ രീതി) പ്രകാരം തീയതി കണക്കാക്കുന്നതാണ് ഗ്രിഗോറിയൻ കലണ്ടറിലെ (പുതിയ രീതി/പാശ്ചാത്യ രീതി) തീയതി വ്യത്യാസത്തിനു കാരണം. അതുപോലെ ഓദോർ (സുറിയാനി കണക്കിന് മീനം) 25 നായിരുന്നു വചനിപ്പു പെരുന്നാൾ. അതുകൊണ്ടാണ് 1900 – 1953 കാലത്ത് ഏപ്രിൽ ഏഴിന് ഈ പെരുന്നാൾ ആചരിച്ചിരുന്നത്.

പുരാതന റോമൻ കലണ്ടറിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി ജൂലിയസ് സീസർ റോമൻ വർഷം (AUC) 709 (45 BC) -ൽ ഏർപ്പെടുത്തിയതാണ് 'ജൂലിയൻ കലണ്ടർ' (Julian Calendar). ജൂലിയൻ കലണ്ടറിലെ പിശകു പരിഹരിച്ച് 1582 ൽ പോപ്പ് ഗ്രിഗറി XIII ഏർപ്പെടുത്തിയതാണ് 'ഗ്രിഗോറിയൻ കലണ്ടർ' (Gregorian Calendar). നിഖ്യാ സുന്നഹദോസ് (325) മുതൽ 1582 വരെ ജൂലിയൻ കലണ്ടറിൽ ഏകദേശം 10 ദിവസത്തിന്റെ പിശകുണ്ടെന്നു കണ്ടെത്തി മാർപാപ്പാ അതു പരിഹരിച്ചു. ജൂലിയൻ കലണ്ടറും ഗ്രിഗോറിയൻ കലണ്ടറും തമ്മിൽ 16, 17 നൂറ്റാണ്ടുകളിൽ (1582 – 1700) പത്തും 18-ാം നൂറ്റാണ്ടിൽ (1700 – 1800) പതിനൊന്നും 19-ാം നൂറ്റാണ്ടിൽ (1800 – 1900) പന്ത്രണ്ടും 20, 21 നൂറ്റാണ്ടുകളിൽ (1900 – 2100) പതിമൂന്നും 22-ാം നൂറ്റാണ്ടിൽ (2100 – 2200) പതിനാലുമാണ് വ്യത്യാസം. പഴയ സഭാ പഞ്ചാംഗങ്ങളിൽ ഇവയെ യഥാക്രമം സുറിയാനി കണക്ക്, ഇംഗ്ലീഷ് കണക്ക് എന്നിങ്ങനെയാണ് വിശേഷിപ്പി ക്കുന്നത്. മലയാള കണക്ക് (കൊല്ല വർഷം) ഇവയിൽ നിന്ന് വ്യത്യസ്ത മാണ്.

മലങ്കര സുറിയാനി സഭയിലെ പാത്രിയർക്കീസ് പക്ഷം (ബാവാകക്ഷി) 1952 ഡിസംബർ 15 ന് യൽദോ നോമ്പാരംഭത്തിനും കാതോലിക്കാപക്ഷം (മെത്രാൻ കക്ഷി) 1953 മേയ് 14ന് സ്വർഗാരോഹണ പെരുന്നാളിനുമാണ് ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചത്. അതു വരെ (1950 വരെയെങ്കിലും) സഭാസംബന്ധമായ തീയതികൾ രേഖപ്പെടുത്തിയിരുന്നത് പ്രത്യേക രീതിയിലാണ്. വർഷം ക്രിസ്ത്വബ്ദത്തിലേതും (ചിലപ്പോൾ മലയാള അബ്ദത്തിലേതുമാകാം) മാസം മലയാള അബ്ദത്തിലേതും തീയതി ജൂലിയൻ കലണ്ടറിലേതുമായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജൂലിയൻ കലണ്ടറിലെ ജനുവരിക്ക് മകരം എന്നും ഫെബ്രുവരിക്ക് കുംഭം എന്നും അങ്ങനെ ഡിസംബറിന് ധനു എന്നും പേരു പറയുന്നു. സുറിയാനി പഞ്ചാംഗത്തിലെ മാസങ്ങളും (കോനൂൻഹ്രോയ് മുതൽ കോനൂൻക്ദീം വരെ) ഇതിനോടു ചേർന്നു വരും. മലയാളക്കണക്കും സുറിയാനിക്കണക്കും തമ്മിൽ മൂന്നു ദിവസം വരെ വ്യത്യാസമുണ്ട്; വിരളമായി മാത്രമേ ഒരുമിച്ചു വരികയുള്ളൂ.

മാർതോമ്മാ സഭ 1952 ഡിസംബറിലും കൽദായ (അസിറിയൻ) സഭയിൽ ഇപ്പോൾ എർബിൽ ആസ്ഥാനമായ വിഭാഗം 1964ലും യോജിച്ച കൽദായ സഭ 1995ലും ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു; ജനുവരി ഏഴിനു പകരം ഡിസംബർ 25ന് ക്രിസ്മസും അതോടെ പുതിയരീതി പ്രകാരം ഈസ്റ്ററും ആഘോഷിച്ചു വരുന്നു. ഓരോ സഭയും ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച വർഷങ്ങളിൽ രണ്ടു പ്രാവശ്യം (ജനുവരി 7, ഡിസംബർ 25) ക്രിസ്മസ് ആഘോഷിച്ചു.

സുറിയാനി കണക്കിൽ 1912 കന്നി 2 എന്നത് സുറിയാനി പഞ്ചാംഗത്തിൽ 1912 ഈലൂൽ 2-ം ജൂലിയൻ കലണ്ടറിൽ 1912 സെപ്റ്റംബർ 2-ം ഗ്രിഗോറിയൻ കലണ്ടറിൽ 1912 സെപ്റ്റംബർ 15-ം ആണ് (13 ദിവസം വ്യത്യാസം). ഇത് മലയാള അബ്ദത്തിൽ 1088 ചിങ്ങം 31 ആണ്. ഇതൊരു ഞായറാഴ്ചയാണ്. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനം നടന്ന തീയതി ഇതാണ്. അന്നൊക്കെ ഞായറാഴ്ചയും മാറാനായപ്പെരുന്നാളിനുമാണ് പട്ടംകൊട ആദിയായ ശുശ്രൂഷകൾ നടന്നിരുന്നത്. ഇവിടെ സുറിയാനി - മലയാളം തീയതികൾ തമ്മിൽ രണ്ടു ദിവസത്തിന്റെ വ്യത്യാസമുണ്ട്. കന്നി 2 എന്നു കാണുന്നത് മലയാള തീയതിയെന്നു കരുതി ഇംഗ്ലീഷ് തീയതിയാക്കിയാൽ 1912 സെപ്റ്റംബർ 17 എന്നു വരും. പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ തീയതി 1912 സെപ്റ്റംബർ 17 എന്നു സഭാചരിത്ര ഗ്രന്ഥങ്ങളിൽ തെറ്റായി രേഖപ്പെടുത്താൻ കാരണമിതാണ്. 1912 സെപ്റ്റംബർ 15 ഞായറാഴ്ചയാണ് പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ സ്ഥാനാരോഹണം ചെയ്തത്. ഈ കാര്യം ലേഖകൻ 1982ൽ തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. ഈ വാദത്തിന് അന്ന് അംഗീകാരം ലഭിച്ചില്ല; ഇപ്പോൾ അംഗീകാരം ലഭിച്ചതിൽ സന്തോഷിക്കുന്നു.

1902 നവംബർ 2 / തുലാം 20 (സുക) / 1078 തുലാം 17 (മക) ഞായറാഴ്ചയാണ് പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തത്. (കാലം ചെയ്ത സമയം പരിഗണിച്ചാൽ 1902 നവംബർ 3 തിങ്കളാഴ്ച വരുമെന്നൊരു വാദമുണ്ടെങ്കിലും അതിലേക്കു കടക്കുന്നില്ല). തുലാം 20 മലയാളത്തീയതിയെന്നു കരുതി ഇംഗ്ലീഷ് തീയതിയാക്കിയാൽ 1902 നവംബർ 5 ആകും. ഇവിടെ സുറിയാനി - മലയാളം തീയതികൾ തമ്മിൽ മൂന്നു ദിവസത്തിന്റെ വ്യത്യാസമുണ്ട്.

1873-ലെ സഭാപഞ്ചാംഗം



ഇടവഴീക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ തയ്യാറാക്കിയ 1873ലെ സഭാപഞ്ചാംഗം (സെന്റ് തോമസ് പ്രസ്, കൊച്ചി). സുറിയാനി കണക്ക് 1873 ധനു (കോനൂൻക്ദീം) മാസമാണ് ചിത്രത്തിൽ കാണുന്നത്. സുറിയാനി, ഇംഗ്ലീഷ്, മലയാളം രീതികളിൽ തീയതികൾ ഇവിടെ കൊടുത്തിരിക്കുന്നു. സുറിയാനി ധനു (കോനൂൻ ക്ദീം) മാസത്തിന് 31 ദിവസവും (ഡിസംബർ 13 - ജനുവരി 12) മലയാളം ധനു മാസത്തിന് 29 ദിവസവും (ഡിസംബർ 14 - ജനുവരി 11) ആണുള്ളത്. സുറിയാനി - ഇംഗ്ലീഷ് തീയതികൾ തമ്മിൽ 12 ദിവസവും സുറിയാനി - മലയാളം തീയതികൾ തമ്മിൽ ഒരു ദിവസവുമാണ് വ്യത്യാസം. 1873 കോനൂൻക്ദീം (സുറിയാനി ധനു) 25 / 1874 ജനുവരി 6 / 1049 ധനു 24 ചൊവ്വാഴ്ചയാണ് ക്രിസ്മസ് (പിറവിയുടെ പെരുനാൾ). പെരുന്നാളുകൾ ആഘോഷിച്ചിരുന്നത് മലയാള തീയതിയെ അടിസ്ഥാനമാക്കിയല്ലെന്നും സുറിയാനി തീയതിയെ അടിസ്ഥാനമാക്കിയാണെന്നും ഇതു പരിശോധിച്ചാൽ വ്യക്തമാകും.

അതുപോലെ 1876 ആഗസ്റ്റ് 27, 1876 ഓബ് 15, 1876 ചിങ്ങം 15 (സുറിയാനി കണക്ക്), 1052 ചിങ്ങം 13 (മലയാള കണക്ക്) എന്നിവ ഒരേ ദിവസമാണ് (ഇവിടെ വ്യത്യാസം 12 ദിവസം). ഈ വാങ്ങിപ്പു പെരുന്നാൾ ദിവസമാണ് മലങ്കരയിലെ പ്രഥമ മൂറോൻ കൂദാശ നടന്നത്. ഇവിടെ സുറിയാനി - മലയാളം തീയതികൾ തമ്മിൽ രണ്ടു ദിവസത്തിന്റെ വ്യത്യാസമുണ്ട്. 1876 ചിങ്ങം 15 മലയാളത്തീയതിയെന്നു കരുതി ഇംഗ്ലീഷ് തീയതിയാക്കിയാൽ 1876 ആഗസ്റ്റ് 29 എന്നു തെറ്റിപ്പോകും.

ചേപ്പാട് ഫീലിപ്പോസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ കാലം ചെയ്തത് 1855 ഒക്ടോബർ 9 / കന്നി 27 (സുക) / 1031 കന്നി 25 (മക) ചൊവ്വാഴ്ചയാണ്. ഒക്ടോബർ 9 അല്ലെങ്കിൽ 10 നു വരേണ്ട ഓർമ്മപ്പെരുന്നാൾ ഇപ്പോൾ ഒക്ടോബർ 12ലേക്ക് മാറിയിരിക്കുന്നു.

ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതോടെ മലങ്കര സഭയിലെ പള്ളികൾ പെരുന്നാൾ തീയതികൾ പുതിയ രീതിയിലേക്ക് മാറ്റിയെങ്കിലും വിശുദ്ധ ഗീവർഗീസ് സഹദായുടേത് ഉൾപ്പെടെയുള്ള ചില പെരുന്നാളുകൾ പഴയ രീതിയിൽ തന്നെ തുടർന്നു. ഏപ്രിൽ

23നു വരേണ്ട പെരുന്നാൾ മേയ് 6, 7, 8 തുടങ്ങിയ തീയതികളി ലേക്കു മാറുന്നു. നീസാൻ 23 അഥവാ സുറിയാനി ക്കണക്ക് മേടം 23 ശരിയായി കണക്കാക്കിയാൽ മേയ് 6 ആണ് വരേണ്ടത്. (13 ദിവസം വ്യത്യാസം). എന്നാൽ ചിലർ മലയാള പഞ്ചാംഗം (കൊല്ല വർഷം) മേടം 23ന് ആഘോഷിക്കുന്നതു കൊണ്ടാണ് തീയതി മേയ് ഏഴോ എട്ടോ ആകുന്നത്.

കോലഞ്ചേരി പള്ളിയിൽ മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ ജൂലൈ 12 ആഘോഷിക്കുന്നു. അന്ന് ജൂലിയൻ കലണ്ടറിലെ ജൂൺ 29 / ഹസിറോൻ 29 / സുറിയാനിക്കണക്ക് മിഥുനം 29 ആയതു കൊണ്ടാണ്.

മാർ സ്തേഫാനോസ് സഹദായുടെ പെരുന്നാൾ ജനുവരി 8നു പകരം ജനുവരി 21നും (കോനൂൻഹ്രോയ് / സുറിയാനിക്കണക്ക് മകരം 8) മാർ ബഹനാം സഹദായുടെ പെരുന്നാൾ ഡിസംബർ 10നു പകരം ഡിസംബർ 23നും (കോനൂൻക്ദീം / സുറിയാനി ധനു 10) 13 ദിവസം വൈകി വരാൻ കാരണവും ഇതുതന്നെ. വി. ദൈവമാതാവിന്റെ ചില പെരുന്നാളുകളും ചില പള്ളികളിൽ 13 ദിവസം വൈകി ആഘോഷിക്കാറുണ്ട്. വിത്തുകൾക്കു വേണ്ടിയുള്ള ദൈവമാതാവിന്റെ പെരുന്നാൾ ജനുവരി 15നു പകരം ജനുവരി 28 (സുറിയാനി മകരം 15)നു വരാം.

മലങ്കരസഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതു (1953) വരെ പെരുന്നാളുകൾ ആഘോഷിച്ചിരുന്നത് സുറിയാനി തീയതിയെ അടിസ്ഥാനമാക്കിയാണ്, മലയാള തീയതിയെ അടിസ്ഥാനമാക്കിയല്ല എന്ന് ചുരുക്കം. സുറിയാനി തീയതിയെ മലയാള തീയതിയെന്നു തെറ്റിദ്ധരിച്ച് ഇംഗ്ലീഷ് തീയതിയാക്കുമ്പോൾ തീയതികൾ തെറ്റിപ്പോകാം. മാർ സ്തേഫാനോസ് സഹദായുടെ പെരുന്നാൾ ചില പള്ളികളിൽ ജനുവരി 21നു പകരം 22, 23 തുടങ്ങിയ തീയതികളിൽ ആഘോഷിക്കാൻ കാരണം ഇതാണ്. 1901 - 1953 കാലഘട്ടത്തിലെ സഭാ പഞ്ചാംഗം പരിശോധിച്ചാൽ ഈ പെരുന്നാൾ ജനുവരി 21 (സുറിയാനി മകരം 8)നാണ് ആഘോഷിച്ചി രുന്നതെന്നു വ്യക്തമാകും. (അതിനു മുമ്പ് ജനുവരി 20). വിശുദ്ധ നാടുകളിൽ അന്ത്യോഖ്യൻ സുറിയാനി സഭ പെരുന്നാളുകൾ ആഘോഷിക്കുന്ന തീയതികൾ പരിശോധിച്ചാലും ഇതു വ്യക്തമാകും.

നമ്മുടെ സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച സ്ഥിതിയ്ക്ക് എല്ലാ പെരുന്നാളുകളും പുതിയ രീതിയിൽ ആഘോഷിക്കുന്നതാണ് യുക്തി. ചില പെരുന്നാളുകൾ പഴയ രീതിയിൽ ആഘോഷിക്കുമ്പോൾ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നതായി കാണാം.

യൽദോപ്പെരുന്നാൾ, ദൈവമാതാവിന്റ പുകഴ്ചപ്പെരുന്നാൾ, ശിശുവധപ്പെരുന്നാൾ എന്നിവ ഡിസംബർ 25, 26, 27 തീയതികളിൽ വരുന്നതുപോലെ ദനഹാപ്പെരുന്നാൾ, മാർ യുഹാനോൻ മാംദാനായുടെ ശിരഛേദം/ പുകഴ്ചപ്പെരുന്നാൾ, മാർ സ്തേഫാനോസ് സഹദായുടെ പെരുന്നാൾ എന്നിവ ജനുവരി 6, 7, 8 തീയതികളിൽ ക്രമീകരിച്ചിരിക്കുന്നതു യുക്തി സഹമാണ്. ജൂൺ 16 – 29 തീയതികളിൽ ശ്ലീഹാനോമ്പ് ആചരി ച്ചിട്ട് മാർ പത്രോസ് പൗലോസ് ശ്ലീഹ ന്മാരുടെ പെരുന്നാൾ ജൂലൈ 12ന് ആഘോഷിക്കുന്ന രീതി ഒഴിവാക്കാ നാകും.

പഴയ പതിവ് നിലനിർത്താനായി പഴയ രീതിയിൽ ആഘോഷിക്കുന്നെങ്കിൽ അതു സുറിയാനിക്കണക്കനുസരിച്ചുള്ള തീയതിയിൽ തന്നെ വേണം ആഘോഷിക്കുന്നത്. പള്ളിയുടെ കല്ലിടീൽ, കൂദാശ തുടങ്ങിയ സംഭവങ്ങളോടനു ബന്ധിച്ചുള്ള പെരുന്നാളുകൾ പുതിയ തീയതിയിലേക്കു മാറ്റാൻ പലർക്കും പ്രയാസം കാണും. അങ്ങനെയെങ്കിൽ മലയാള ത്തീയതിയതിക്കു പകരം സുറിയാനിക്കണക്കിനെ അടിസ്ഥാനമാക്കി 13 ദിവസം കൂട്ടി ഇംഗ്ലീഷ് തീയതി കണ്ടുപിടിച്ചാൽ മതി. 1900 മാർച്ച് (ഓദോർ/മീനം) ഒന്നു മുതൽ 2100 ഫെബ്രുവരി (ശ്ബോത്ത്/കുംഭം) 28 വരെ 13 ദിവസമാണ് കൂട്ടേണ്ടത്. അതിനു മുമ്പ് 12-ം അതു കഴിഞ്ഞാൽ 14-ം ദിവസമാണ് വ്യത്യാസം.

ഇന്നും പത്തോളം സഭകൾ എല്ലാ പെരുന്നാളുകൾക്കും ജൂലിയൻ കലണ്ടർ ഉപയോഗിക്കുന്നതിനാൽ ആ കലണ്ടറിൽ ഡിസംബർ 25 ആയി വരുന്ന ജനുവരി ഏഴിനാണ് ക്രിസ്മസ് ആഘോഷിക്കുന്നത്. ഈസ്റ്റർ തീയതിക്കും ഇതുപോലെ തീയതി വ്യത്യാസമുണ്ട്. മലങ്കര, അർമേനിയൻ, ഫിന്നിഷ് ഒഴികെയുള്ള ഓർത്തഡോക്സ് സഭകൾ മറ്റുള്ളവർ ആഘോഷിച്ച് ഒന്നും നാലും അഞ്ചും ആഴ്ചകൾ കഴിഞ്ഞാണ് മിക്ക വർഷവും ഈസ്റ്റർ ആഘോഷിക്കുന്നത്. ചില വർഷങ്ങളിൽ (ഉദാ: – 2007, 2010, 2011, 2014, 2017, 2025) ഒരുമിച്ചു വരുമെന്നു മാത്രം.

സിറിയക് ഓർത്തഡോക്സ് (അന്ത്യോഖ്യൻ സിറിയൻ) സഭ വിശുദ്ധ നാടുകളിൽ എല്ലാ വിശേഷ ദിവസങ്ങളും ജൂലിയൻ കലണ്ടർ അനുസരിച്ചാണ് ആചരിച്ചിക്കുന്നത്. എന്നാൽ സിറിയ, ജോർദാൻ, ടർക്കി, ഇറാക്ക് തുടങ്ങിയ പശ്ചിമേഷ്യൻ (മദ്ധ്യപൂർവ്വ) രാജ്യങ്ങളിൽ സുറിയാനി സഭ ക്രിസ്മസ്, വചനിപ്പു പെരുന്നാൾ തുടങ്ങി നിശ്ചിത തീയതിയിൽ വരുന്ന വിശേഷ ദിവസങ്ങൾ മാത്രം 1955 മുതൽ ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചും ഈസ്റ്റർ ഉൾപ്പെടെ നിശ്ചിത തീയതിയിൽ വരാത്ത വിശേഷ ദിവസങ്ങൾ നേരത്തെയുള്ളതുപോലെ ജൂലിയൻ കലണ്ടർ അനുസരിച്ചും ആചരിക്കുന്നു. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിലും ഇന്ത്യയിലും സുറിയാനിസഭ എല്ലാ വിശേഷ ദിവസങ്ങളും ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് ആചരിക്കുന്നു. ഒരേ സഭയിൽ തന്നെ രണ്ടു കലണ്ടറുകൾ മൂന്നു രീതികളിൽ പ്രാദേശികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതു കൗതുകകരമായ ഒരു വസ്തുതയാണ്.

മലങ്കര സഭയിൽ (ഇരു കക്ഷികളിലും) സുറിയാനിക്കണക്കിനെ പറ്റി അറിവുള്ളവർ ഈ തലമുറയിൽ വളരെ കുറവാണ്. ഇതിനെ പറ്റി അറിവുള്ളവരും പഠിക്കാനാഗ്രഹിക്കുന്നവരും ലേഖകനുമായി ബന്ധപ്പെടുക. (ഫോൺ – 9446412907)

■

ഒന്നാം ഓർമ്മ
15-12-2016



എം.എം. അലക്സാണ്ടർ
മുണ്ടുകുഴിയിൽ
ഗ്രേസ് വാലി
മാടപ്പള്ളി, ചങ്ങനാശ്ശേരി

സന്തപ്ത കുടുംബാംഗങ്ങൾ

ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് വലിയപള്ളി
(തീർത്ഥാടന കേന്ദ്രം) മെഴുവേലി. ഫോൺ : 0468-2287502
പെരുന്നാളും കൺവൻഷനും
2016 ഡിസംബർ 11 മുതൽ 27 വരെ
സന്താന ഭാഗ്യം ഇല്ലാത്തവർക്ക് അഭയ കേന്ദ്രം
ശിശുക്കളുടെ രോഗശാന്തിക്ക് അനുഗ്രഹീതമായ തീർത്ഥാടന കേന്ദ്രം
നാനാജാതി മതസ്ഥർക്ക് അനുഭവസാക്ഷ്യമായ ദേവാലയം
നമ്മുടെ കർത്താവിനു വേണ്ടി ഹേറോദേസിനാൽ വധിക്കപ്പെട്ട് രക്തസാക്ഷികളായി തീർന്ന നിർമ്മലരായ ശിശുസഹദേന്മാരുടെ നാമത്തിൽ 1861 ൽ മലങ്കരയിൽ സ്ഥാപിതമായ ദേവാലയം.
* തീർത്ഥാടക സംഗമം
* വചന ശുശ്രൂഷ
* ആദ്ധ്യാത്മിക സംഘടനകളുടെ സംഗമം
* കർഷക സംഗമം
* വിമുക്തഭട സംഗമം
* മദ്ധ്യസ്ഥ പ്രാർത്ഥനകൾ
* ഉപവാസ ധ്യാനം
* ക്രിസ്മസ് ശുശ്രൂഷകൾ
* പെരുന്നാൾ രാത്രി റാസ
* പെരുന്നാൾ പകൽ റാസ
* പൊന്നാട അണിയിക്കൽ
* വി. മൂന്നിൻമേൽ കുർബ്ബാന
* ശിശുവധപെരുന്നാൾ
* പാൽപായസ നേർച്ച വിതരണം
എല്ലാ ബുധനാഴ്ചയും രാവിലെ 10.30 മുതൽ 12.30 വരെ രോഗികൾക്കായും വിവിധ ആവശ്യങ്ങൾക്കായും പ്രത്യേക പ്രാർത്ഥന
വെള്ളിയാഴ്ചകളിൽ 5. 00 p.m 6. 00 p.m സന്താനഭാഗ്യം ഇല്ലാത്തവർക്കായി പ്രത്യേക പ്രാർത്ഥനകൾ
FR. MATHAI KUNNIL (Vicar)
PH:+91 9446194885

മലങ്കരസഭ പഞ്ചാംഗം

2017
1192-93

കോനൂൻഹ്രോയ് - ജനുവരി

1. *ദിഗ്ദാത്തോ, ജനനപ്പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച (വർഷാരംഭം) നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുനാൾ, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും സകല വിശുദ്ധ മൽപ്പാന്മാരുടെയും ഓർമ്മ (നിറം 2).
3. മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 53-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന). കുന്നംകുളം സ്ലീബാ ദിനം (മട്ടാഞ്ചേരി സെ. ജോർജ് പള്ളി).
6. *ദനഹാപെരുനാൾ (നമ്മുടെ കർത്താവിന്റെ മാമോദീസാ).
7. മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ചയുടെ പെരുനാൾ.
8. ദനഹായ്ക്കു ശേഷം ഒന്നാം ഞായറാഴ്ച (നിറം 3). മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
15. ദനഹായ്ക്കു ശേഷം രണ്ടാം ഞായറാഴ്ച (നിറം 4).
X വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ. താപസനായ മാർ പൗലോയുടെ ഓർമ്മ.
18. മാർ ശെമുയേലിന്റെയും, മാർ ശെമവൂന്റെയും, മാർ അന്തോനിയോസിന്റെയും ഓർമ്മ.
21. ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന). അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ.
22. ദനഹായ്ക്കു ശേഷം മൂന്നാം ഞായറാഴ്ച (നിറം 5).
23. സന്യാസശ്രേഷ്ഠനായ മാർ ഔഗേന്റെ ഓർമ്മ.
26. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 11-ാം ഓർമ്മ (ശാസ്താംകോട്ട ഹോറേബ് ആശ്രമം). കുറിക്കോട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 63-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി). റിപ്പബ്ലിക് ദിനം.
29. ദനഹായ്ക്കു ശേഷം നാലാം ഞായറാഴ്ച (നിറം 6).

ശ്ബോത്ത് - ഫെബ്രുവരി

2. *മായൽത്തോ പെരുനാൾ (കർത്താവിന്റെ ദേവാലയപ്രവേശനം) (നിറം 2). വന്ദ്യനായ

കുളം ആർത്താറ്റ് പുത്തൻ പള്ളി).

19. വലിയ നോമ്പിലെ നാലാം ഞായറാഴ്ച (ക്നാനൈത്തോ) (നിറം 4)
സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 87-ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).
22. പാതി നോമ്പ് - അബ്ഗാർ രാജാവിന്റെ ഓർമ്മ.
കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 87-ാം ഓർമ്മ. (പാമ്പാക്കുട വലിയ പള്ളി).
25. വി. ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ (സുബോറോ)
നാലാം മാർത്തോമ്മായുടെ 289-ാം ഓർമ്മ (കണ്ടനാട് പള്ളി).
26. വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച (ക്ഫീഫ്ത്തോ ഞായർ) (നിറം 5).

നീസാൻ - ഏപ്രിൽ

2. വലിയ നോമ്പിലെ ആറാം ഞായറാഴ്ച (സമിയോ)
മലങ്കര ഓർത്തഡോക്സ് സഭാ ദിനം - കാതോലിക്കാ ദിനം (നിറം 6).
5. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി) 52-ാം ഓർമ്മ (പാമ്പാടി ദയറാ).
7. നാൽപതാം വെള്ളിയാഴ്ച
വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ)യുടെ 209-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
8. ബഥന്യയിലെ ലാസറിന്റെ ഓർമ്മ (ലാസറിന്റെ ശനി).
9. ഓശാന ഞായറാഴ്ച (നിറം 7).
10. ഹാശാ തിങ്കളാഴ്ച
11. ഹാശാ ചൊവ്വാഴ്ച
12. ഹാശാ ബുധനാഴ്ച
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ (ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ).
13. പെസഹാ വ്യാഴാഴ്ച
14. ദുഃഖവെള്ളിയാഴ്ച (വലിയ വെള്ളി)
15. ദുഃഖശനിയാഴ്ച - അറിയിപ്പിന്റെ ശനി.
16. ക്യംതാ പെരുനാൾ (ഉയിർപ്പ്) (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8, തുടർന്ന് 1). രണ്ടാം മാർത്തോമ്മായുടെ 331-ാം ഓർമ്മ (നിരണം വലിയപള്ളി), എട്ടാം മാർത്തോമ്മായുടെ 201-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).



പരി. ബസ്സേലിയോസ് മാർത്തോമ്മാ
പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ

മെയ് 26-ജൂൺ 3 വരെ കാത്തിരിപ്പ് ദിനങ്ങൾ

28. പുതുഞായറാഴ്ചയ്ക്കു ശേഷം അഞ്ചാം ഞായറാഴ്ച. (നിറം 6). (ക്യംതാ പെരുന്നാളിനുശേഷം ആറാം ഞായറാഴ്ച-പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച) സൺഡേസ്കൂൾ ദിനം.

ഹസീറോൻ - ജൂൺ

1-3. കാത്തിരിപ്പ് ദിനങ്ങൾ.
4. പെന്തിക്കോസ്തി ഞായറാഴ്ച. (നിറം 7).
5. ലോക പരിസ്ഥിതി ദിനം.
6. യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 92-ാം ഓർമ്മ. (പരുമല പള്ളി), ഔഗേൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 10-ാം ഓർമ്മ (വള്ളിക്കാട്ടു ദയറാ).
9. സ്വർണ്ണ വെള്ളിയാഴ്ച.
11. പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞായറാഴ്ച. (നിറം 8).
മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ,

പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ (റാന്നി പെരുനാട് ബഥനി ആശ്രമം).

6. പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായറാഴ്ച (നിറം 8).
*കൂടാരപ്പെരുനാൾ (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ) (നിറം 6).
അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 52-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
7. തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ.
12. മാർ അസസായേൽ സഹദായുടെ ഓർമ്മ.
13. കൂടാരപ്പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച (നിറം 1).
14. മീഖാ നിബിയുടെ ഓർമ്മ.
15. *വി. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) പെരുനാൾ (നിറം 7); പതിനഞ്ചു നോമ്പുവീടൽ; മർത്തമറിയം വനിതാ സമാജ ദിനം; അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 102-ാം ഓർമ്മ (കുർക്കുമാ ദയറാ), കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുനാൾ. സ്വാതന്ത്ര്യദിനം.
16. മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 324-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
19. സകല നിബിയന്മാരുടെയും ഓർമ്മ, മാർ ലാബി ശ്ലീഹായുടെ ഓർമ്മ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ. (മുളക്കുളം കർമ്മേൽകുന്ന് പള്ളി)
20. വാങ്ങിപ്പിനു ശേഷം ഒന്നാം ഞായറാഴ്ച (നിറം 2).
മാർ ശമുവേൽ നിബിയുടെ ഓർമ്മ
24. മാർ മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ.
27. വാങ്ങിപ്പിനു ശേഷം രണ്ടാം ഞായറാഴ്ച(നിറം 3).
29. മാർ യൂഹാനോൻ മംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മ.
31. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 37-ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

ഈലൂൽ - സെപ്റ്റംബർ

29. സ്ലീബാ പെരുനാളിനു ശേഷം ഏഴാം ഞായറാഴ്ച (നിറം 7).

തെശ്രീൻ ഹ്രോയി - നവംബർ

1. സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സഹദേന്മാരുടെയും രക്തസാക്ഷിണികളുടെയും ഓർമ്മ. മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 7-ാം സ്ഥാനാരോഹണ വാർഷികം.
2. പരിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമലതിരുമേനി) 115-ാം ഓർമ്മ (പരുമല പള്ളി),
കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 110-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
5. കൂദോശ് ഈത്തോ ഞായറാഴ്ച
(വി. സഭയുടെ ശുദ്ധീകരണം) (നിറം 1).
സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 10-ാം ഓർമ്മ (ഭിലായി സെ. തോമസ് ആശ്രമം).
6. വയലിപറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 51-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
8. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 21-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
12. ഹൂദോസ് ഈത്തോ ഞായറാഴ്ച (നിറം 2)
13. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.
19. സഖറിയ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച (നിറം 3).
20. ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ (പത്തനാപുരം താബോർ ദയറ).
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുനാൾ.
24. പഴയസെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് II മെത്രാപ്പോലീത്തായുടെ 201-ാം ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ

ഓർമ്മ (വയോധിക ദിനം).
പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 49-ാം ഓർമ്മ (കണ്ടനാട് കർമ്മേൽ ദയറാ).
3. വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ, താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
5. **മൂന്നു നോമ്പിന്റെ പേത്തുർത്താ ഞായറാഴ്ച,** (നിറം 6). സകല വിശുദ്ധ പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മ.
6. നിനുവാ നോമ്പ് (മൂന്ന് നോമ്പ്) ആരംഭം
9. മൂന്നു നോമ്പ് വീടൽ-യോന ദീർഘദർശിയുടെ ഓർമ്മ അന്ത്യോഖ്യയുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ (കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ).
12. **പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച** (കൊഹനേ ഞായർ) (നിറം 7).
13. മാർ അപ്രേം മല്പാന്റെയും, തേവോദോറോസ് സഹദായുടേയും ഓർമ്മ. അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 85-ാം ഓർമ്മ (മഞ്ഞനിക്കര ദയറാ).
16. സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ (മാവേലിക്കര സെന്റ് പോൾസ് ചാപ്പൽ).
19. **സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (ആനിദേ)** (നിറം 8).
23. മലങ്കരസഭാ ഭാസുരൻ വിശുദ്ധ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) 82-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി ചാപ്പൽ). തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ.
24. ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.
26. **കൊത്തിനേ ഞായറാഴ്ച (പേത്തുർത്തോ ഞായർ)** (നിറം 1).
27. വലിയ നോമ്പ് ആരംഭം; ശുബ്ക്കോനോ ശുശ്രൂഷ.

ഓദോർ - മാർച്ച്

4. മാർ അപ്രേം മല്പാന്റെയും, തേവോദോറോസ് സഹദായുടെയും ഓർമ്മ (വലിയ നോമ്പിലെ ആദ്യ ശനി).
5. **വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച** (ഗർബോ ഞായർ) (നിറം 2).
9. സെബസ്ത്യായിലെ നാല്പതു സഹദേന്മാരുടെ ഓർമ്മ. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 126-ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).
12. **വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ച** (മ്ശരിയോ) (നിറം 3).
14. ഉറഹായിലെ അബ്ഗാർ രാജാവിന്റെ ഓർമ്മ.
17. പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 55-ാം ഓർമ്മ (കുന്നം

[...]

പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 66-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
21. സകല മൗദ്യാനന്മാരുടെയും ഓർമ്മ. യൂഹാനോൻ മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ 223-ാം ഓർമ്മ (ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി).
22. മൂന്നാം മാർത്തോമ്മായുടെ 329-ാം ഓർമ്മ (കടമ്പനാട് കത്തീഡ്രൽ).
23. **പുതുഞായറാഴ്ച. (ക്യംതാ പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച)** (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8, തുടർന്ന് 1).
മാർ ഗീവർഗീസ് സഹദായുടെ ഓർമ്മ.
25. ഏവൻഗേലിസ്ഥനായ മാർ മർക്കോസ് ദ്സബ്രോനായുടെ ഓർമ്മ; ഒന്നാം മാർത്തോമ്മായുടെ 347-ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).
27. മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ബാവായുടെ 346-ാം ഓർമ്മ (വടക്കൻ പറവൂർ പള്ളി).
29. മാർ ശാബോർ, മാർ അഫ്രോത്ത് പിതാക്കന്മാരുടെ (കാദീശന്മാരുടെ) ഓർമ്മ.
30. **പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച.** (നിറം 2). (ക്യംതാ പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച).

ഈയോർ - മേയ്

1. സെബദി പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ, **മെയ് ദിനം.**
3. മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവായുടെ 104-ാം ഓർമ്മ (പാമ്പാക്കുട ചെറിയ പള്ളി).
7. **പുതുഞായറാഴ്ചയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച.** (നിറം 3). (ക്യംതാ പെരുന്നാളിനുശേഷം മൂന്നാം ഞായറാഴ്ച).
8. ഏവൻഗേലിസ്ഥനായ മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ.
10. വൈരാഗ്യക്കാരനായ മാർ ശെമവൂൻ ശ്ലീഹായുടെ ഓർമ്മ. അഞ്ചാം മാർത്തോമ്മായുടെ 252-ാം ഓർമ്മ (നിരണം വലിയപള്ളി).
14. **പുതുഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായറാഴ്ച.** (നിറം 4). (ക്യംതാ പെരുന്നാളിനുശേഷം നാലാം ഞായറാഴ്ച)
15. X കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ. മാർ ഇസഹാക്കിന്റെ ഓർമ്മ.
16. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 27-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
19. മാർ ദിവന്നാസ്യോസ് III (പുന്നത്ര) മെത്രാപ്പോലീത്തായുടെ 192-ാം ഓർമ്മ (കോട്ടയം ചെറിയപള്ളി).
20. താപസന്മാരിൽ പ്രധാനിയായ മാർ അഹറോന്റെ ഓർമ്മ. നാല് ഏവൻഗേലിസ്ഥന്മാരുടെയും മൂന്നു പൊതുസുന്നഹദോസുകളിലെ പിതാക്കന്മാരുടെയും ഓർമ്മ.
21. **പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച,** (നിറം 5). (ക്യംതാ പെരുന്നാളിനുശേഷം അഞ്ചാം ഞായറാഴ്ച).
25. *** കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ** (സുലോക്കോ).
26. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 3-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറ).

പുത്തൻപള്ളി).
16. ശ്ലീഹാ (13 നോമ്പ്) നോമ്പാരംഭം.
18. **പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായറാഴ്ച.** (നിറം 1).
19. കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായും ശ്ലീഹായും സഹദായും ആദ്യം വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.
24. മാർ യോഹന്നാൻ മാംദാനായുടെ ജനനത്തിന്റെ ഓർമ്മ.
25. **പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച.** (നിറം 2).
29. ***മാർ പത്രോസ് - മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ, ശ്ലീഹാ നോമ്പ് വീടൽ.**
30. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

തോമുസ് - ജൂലൈ

2. **പെന്തിക്കോസ്തിക്കുശേഷം നാലാം ഞായറാഴ്ച** (നിറം 3).
3. **വി. *മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ.**
5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 208-ാം ഓർമ്മ (കോലഞ്ചേരി പള്ളി).
7. സഖറിയാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 20-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറ).
9. **പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാഴ്ച** (നിറം 4).
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 244-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
12. കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 108-ാം ഓർമ്മ (കോട്ടയം പഴയസെമിനാരി).
15. മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് യൂലീത്തിയുടെയും നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
16. **പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായറാഴ്ച** (നിറം 5).
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. **പെന്തിക്കോസ്തിക്കു 6 ശേഷം ഏഴാം ഞായറാഴ്ച** (നിറം 6). മിഷൻ സൺഡേ. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 18-ാം ഓർമ്മ (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രോസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. മാർ ശെമവൂൻ ദെസ്തൂനോയോയുടെ ഓർമ്മ.
30. **പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായറാഴ്ച** (നിറം 7).
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 730-ാം ഓർമ്മ.

ഓബ് - ഓഗസ്റ്റ്

1. ശൂനോയോ (പതിനഞ്ചു) നോമ്പാരംഭം; രക്തസാക്ഷികളായ മർത്ത്ശ്മൂനിയുടെയും ഏഴുമക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ. പൗലോസ് മാർ

പള്ളി).
3. **വാങ്ങിപ്പിനുശേഷം മൂന്നാം ഞായറാഴ്ച.** (നിറം4)
(മധ്യസ്ഥപ്രാർത്ഥനാ ദിനം)
8. വി. ദൈവമാതാവിന്റെ ജനനപ്പെരുനാൾ.
9. വി. ദൈവമാതാവിന്റെ മാതാപിതാക്കളായ യുയാക്കീമിന്റെയും ഹന്നായുടെയും ഓർമ്മ.
10. **വാങ്ങിപ്പിനുശേഷം നാലാം ഞായറാഴ്ച.** (നിറം 5).
14. ***സ്ലീബാ പെരുനാൾ**
15. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 105-ാം വാർഷികം.
17. **സ്ലീബാ പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച** (നിറം 1).
23. അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 94-ാം ഓർമ്മ. (പഞ്ചിം സെ. മേരീസ് പള്ളി, ഗോവ).
24. **സ്ലീബാ പെരുനാളിനു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 2). അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് III പാത്രിയർക്കീസ് ബാവായുടെ 123-ാം ഓർമ്മ.
28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 20-ാം ഓർമ്മ (ആലുവ തൃക്കുന്നത്തു സെമിനാരി).

തെശ്രീൻകദീം - ഒക്ടോബർ

1. **സ്ലീബാ പെരുനാളിനു ശേഷം മൂന്നാം ഞായറാഴ്ച** (നിറം 3). വൈദിക സെമിനാരി ദിനം. അറിയിപ്പുകാരനായ മാർ ആദായി (ശ്ലീഹായുടെയും മഹിർശ്ശോബോർ എന്ന മാർ അബഹായി സഹദായുടെയും മാർ മൽക്കേയുടെയും ഓർമ്മ.
2. കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 129-ാം ഓർമ്മ (കടുംഗമംഗലം പള്ളി). **ഗാന്ധി ജയന്തി.**
3. വി. ബസേലിയോസ് യൽദോ കാതോലിക്കാ ബാവായുടെ 332-ാം ഓർമ്മ (കോതമംഗലം ചെറിയപള്ളി).
7. മാർ സർഗീസ്, മാർ ബാക്കോസ് സഹദന്മാരുടെ ഓർമ്മ.
8. **സ്ലീബാ പെരുനാളിനുശേഷം നാലാം ഞായറാഴ്ച** (നിറം 4).
12. ഫീലിപ്പോസ് മാർ ദിവന്നാസ്യോസ് IV മെത്രാപ്പോലീത്തായുടെ 162-ാം ഓർമ്മ (ചെപ്പാട് പള്ളി); യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 37-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
14. അലക്സന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ ഓർമ്മ.
15. **സ്ലീബാ പെരുനാളിനു ശേഷം അഞ്ചാം ഞായറാഴ്ച** (നിറം 5). താപസനായ മാർ ഓസിയോയുടെ ഓർമ്മ.
18. മാർ ലൂക്കോസ് ഏവൻഗേലിസ്ഥായുടെ ഓർമ്മ.
22. **സ്ലീബാ പെരുനാളിനു ശേഷം ആറാം ഞായറാഴ്ച** (നിറം 6). മാർ ബസേലിയോസ് ശക്രള്ളാ കാതോലിക്കാബാവായുടെ 253-ാം ഓർമ്മ (കണ്ടനാടു പള്ളി).
23. അല്ഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.

26. **വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച** (നിറം 4)
28. മാർ യാക്കോബ് ബുർദ്ദാന, മാർ ദിവന്നാസ്യോസ് ബർസ്ലീബി എന്നിവരുടെ ഓർമ്മ.
29. സ്രൂഗിലെ മാർ യാക്കോബിന്റെ ഓർമ്മ.
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.

കോനൂൻകദീം - ഡിസംബർ

1. യൽദോ (ഇരുപത്തഞ്ചു) നോമ്പാരംഭം.
3. **ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച** (വനിതാദിനം).
തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 45-ാം ഓർമ്മ (പത്തനാപുരം താബോർ ദയറ). (നിറം 5).
4. സഹദാ സ്ത്രീകളായ മർത്ത് ബർബറായുടെയും, മർത്ത് യൂലിയാനയുടേയും ഓർമ്മ.
6. മൂറായുടെ എപ്പിസ്കോപ്പായായ നിക്കലാവോസ് എന്ന മാർ സോഖെയുടെ ഓർമ്മ.
8. മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 42-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
9. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ. (വളയംചിറങ്ങര സെന്റ്. പീറ്റേഴ്സ്& സെ.പോൾസ് പള്ളി.)
10. **മാർ യൂഹാനോൻ മാംദാനായുടെ ജനനത്തിന്റെ ഞായറാഴ്ച,** ബാലദിനം (നിറം 6).
മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും കൂട്ടു സഹദേന്മാരുടെയും മാബൂഗിലെ മാർ പീലക്സീനോസിന്റെയും ഓർമ്മ.
13. ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 27-ാം ഓർമ്മ (പത്തനംതിട്ട ബെസിൽ അരമന).
17. **മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച** (നിറം 7).
മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 89-ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടുദയറാ).
18. വി. മാർത്തോമ്മാ ശ്ലീഹാ കൂന്തമേറ്റതിന്റെ ഓർമ്മ.
20. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. **വി. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷി മരണം പ്രാപിച്ചതിന്റെ ഓർമ്മ.**
24. **ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ച.** (വംശാവലി ഞായർ) (നിറം 8).
25. ***യെൽദോ-ക്രിസ്മസ് (നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ)** ഇരുപത്തഞ്ചു നോമ്പു വീടൽ.
26. X വി. ദൈവമാതാവിന്റെ പുകഴ്ചപെരുനാൾ. യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 31-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
27. ശിശുവധപ്പെരുനാൾ,
ശിശു സഹദേന്മാരുടെ ഓർമ്മ.
31. **ജനനപ്പെരുന്നാളിന് ശേഷം ഒന്നാം ഞായറാഴ്ച** (നിറം 1).

2ND DEATH ANNIVERSARY
27-12-2016



"I Will Ask Water only for three more days,
Then I will be going back"

MRS. ANNAMMA ALEXANDER

Inserted By

Mathew Alexander Cor-Episcopa, Kuttikandathil
Rev. Fr. Alex K. Mathew-Mini Mathew
Merina Daniel-Regi Daniel
Kevin, Serina, Reeba, Ryan, Ruby

Washington DC., USA



കോട്ടയം പഴയ സെമിനാരിയിലെ വി. മദ്ബഹാ

ത്രോണോസിന്റെ പവിത്രതയും പ്രാധാന്യവും

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വ

ഓർത്തഡോക്സ് ദേവാലയത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം വിശുദ്ധ മദ്ബഹായും, അവിടുത്തെ ഏറ്റവും പവിത്രവുമായ ഘടകം വിശുദ്ധ ത്രോണോസുമാണ്. അവിടേയ്ക്കു പ്രവേശിക്കുന്നത് വൈദികരും പ്രത്യേക കൈവെയ്പുള്ളവരും മാത്രമാണ്. അത് എത്രയും ഭക്ത്യാദരവോടും ആദ്ധ്യാത്മിക ഭാവത്തോടുമാണ് (എന്നാൽ അവകാശം നേടിയെടുക്കുവാനും കയ്യടക്കാനും ഒരുമ്പെടുമ്പോൾ പൗരോഹിത്യ ശ്രേണിയിലുള്ള പലരും അത്തരം വികാരങ്ങൾ ഒക്കെ ഊരി വയ്ക്കും!). ത്രോണോസിനു മുമ്പിലുള്ള പടിമേൽ (ദർഗാമേൽ) പൗരോഹിത്യ സ്ഥാനികൾ മാത്രമേ കാൽ വയ്ക്കുകപോലും ഉള്ളൂ.

എന്തുകൊണ്ട് ത്രോണോസിന് ഇത്ര വലിയ മഹത്വവും പവിത്രയും പ്രാധാന്യവും നാം കൽപ്പിക്കുന്നു? അക്കാര്യത്തെപ്പറ്റി വൈദികരും അവൈദികരും നിശ്ചയമായും ബോധമതികൾ ആകേണ്ടതാണ്. സുപ്രധാനങ്ങളായ പല ആത്മിക യാഥാർത്ഥ്യങ്ങളുടെയും പ്രതീകമാണ് ത്രോണോസ്. പലതിനെയും അതു പ്രതിനിധാനം ചെയ്യുന്നു.

1. ത്രോണോസ്: ഓർത്തഡോക്സ് പാരമ്പര്യത്തിൽ അധികമായി ഉപയോഗിക്കുന്ന പേരാണ്. *ത്രോണോസ്* എന്നത് ഒരു ഗ്രീക്കു പദമാണ്. അർത്ഥം, *സിംഹാസനം.* ഗ്രീക്കിന്റെ തൽഭവം ഇംഗ്ലീഷിൽ throne എന്നാണ്. ദൈവത്തിന്റെ സിംഹാസനമാണ് ത്രോണോസ്. യോഹന്നാൻ ശ്ലീഹാ ദർശനത്തിൽ കണ്ടത് സിംഹാസനത്തിൽ ആരൂഢനായ ദൈവത്തെയാണ്. ഭക്ത്യാദരവിന്റെ വികാരം മനസ്സിൽ അല കൊള്ളുന്നു.

2. അൾത്താര: (Altar) റോമൻ പാരമ്പര്യത്തിൽ ഈ പേരാണ് അധികമായി പ്രയോഗത്തിലുള്ളത്. വാക്കിന്റെ അർത്ഥം *ബലിപീഠം* എന്നാണ്. സുറിയാനിയിൽ ഇതിന് *മദ്ബഹാ* എന്നു പറയും. ത്രോണോസിന് ഉപയോഗിക്കുന്ന പദമാണ് മദ്ബഹാ എങ്കിലും, അതു സ്ഥിതി ചെയ്യുന്ന ചുറ്റുമുള്ള സ്ഥലവും ഉൾപ്പെടുത്തി മദ്ബഹാ എന്ന് അതിവിശുദ്ധ സ്ഥലത്തെ നാം വിശേഷിപ്പിക്കുന്നു. കാൽവറയിലെ ബലിപീഠത്തിന്റെ പതിപ്പാണിത്. ഇതിൽ അനുഷ്ഠിക്കുന്ന കുർബ്ബാന ഒരു ആത്മീയ ബലി ആകുന്നുവല്ലോ. അതു മുടങ്ങാതെ നടത്തുവാൻ കർത്തൃ കല്പന പ്രകാരം നാം ശ്രദ്ധിക്കണം.

ത്രോണോസിൽ മൃഗങ്ങളുടെ തുകൽകൊണ്ടുള്ളത് ഒന്നും വയ്ക്കാറില്ല. കാരണം അതു മൃഗങ്ങളുടെ ബലിയെ അനുസ്മരിപ്പിക്കുന്നതും ചിത്രീകരിക്കുന്നതുമാണ്. ക്രിസ്തുവിന്റെ നിസ്തുല ബലിയുടെ മഹത്വവും ഔന്നത്യവും ഉയർത്തിപ്പിടിക്കുന്ന അനുഭവത്തിലാണ്.

3. ത്രിത്വത്തിന്റെ പ്രതീകം: വിശുദ്ധ ത്രിത്വത്തിന്റെ അടയാളമായി ത്രോണോസിനെ കാണുന്നു. ത്രോണോസിൽ ഇടുന്ന വിരിക്ക് (ചിത്തോല) മൂന്നു കളങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് ത്രിത്വസാന്നിധ്യം സ്വീകരിക്കുവാനാണ്. കുർബാനയുടെ ഒരുക്ക ശുശ്രൂഷയിൽ (തൂയോബോ) കാസായുടെയും പീലാസായുടെയും മേൽ ശോശപ്പാ വിരിച്ചു, അതിന്മേലുള്ള പ്രാർത്ഥനയുടെ സമാപനത്തിൽ ത്രോണോസിന്റെ മധ്യഭാഗത്ത് പിതാവിന്റെ നാമത്തിൽ മൂന്നു പ്രാവശ്യം ധൂപം വീശിക്കൊണ്ട് ചൊല്ലുന്നു: "കാരുണ്യവാനായ പിതാവിനു വന്ദനം ചൊല്ലുന്നു: "കാരുണ്യവാനായ പുത്രനു വന്ദനം". അനന്തരം വിശുദ്ധ റൂഹായുടെ നാമത്തിൽ തെക്കെ കോണിൽ ധൂപം അർപ്പിച്ചുകൊണ്ടും അങ്ങനെ ത്രോണോസിൽ ത്രിത്വസാന്നിധ്യം ഓർത്തുകൊണ്ട് വന്ദനവും ധൂപവും അർപ്പിക്കുന്നു. കുർബാനയിൽ ചൊല്ലുന്ന ഒരു സെദ്റായിൽ ഇപ്രകാരം ചൊല്ലുന്നു: "വിശുദ്ധ ത്രിത്വം ആവസിക്കുകയും ചെയ്യുന്ന ബലിപീഠത്തിൽ മുമ്പാകെ ഈ ബലിയെ ഞങ്ങൾ സമർപ്പിക്കുന്നു."

4. കർത്താവിന്റെ കബറിടത്തിന്റെ പ്രതീകം: ത്രോണോസിന്റെ കിഴക്കു ഭാഗത്ത് കബറിടം സംവിധാനം ചെയ്യുന്നു. അവിടെയാണ് ദുഃഖവെള്ളിയാഴ്ച പ്രതീകാത്മകമായി സ്ലീബാ കബറടക്കുന്നത്. അങ്ങനെ കബറിടമില്ല എങ്കിൽ ത്രോണോസിന്മേൽത്തന്നെ സ്ലീബാ കബറടക്കും. കബറിടത്തിന്റെ പ്രതീകമായതുകൊണ്ട് ത്രോണോസ് ദീർഘചതുരാകൃതിയിലാണ് പണിയുന്നത്. തെക്കു-വടക്കു ആറടി വീതി ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. ത്രോണോസിൽ ആരുടെയും തിരുശേഷിപ്പ് നിക്ഷേപിക്കാറില്ല. ചില പിതാക്കന്മാരെ മദ്ബഹായിൽ കബറടക്കിയതായി കാണുന്നു എങ്കിൽ അതു പൗരോഹിത്യ മേധാവിത്വത്തിന്റെ ഒരു നടപടി ആയി മാത്രമേ കാണാൻ കഴിയൂ. കർത്താവിന്റെ കബറിടത്തിന്റെ അതുല്യതയും പ്രാധാന്യവും നിലനിർത്തേണ്ട കർത്തവ്യം ഓർത്തിരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വിശദീകരണങ്ങളും അർത്ഥവിവക്ഷയും ത്രോണോസിന്റെ മഹത്വവും പവിത്രതയും നിസ്തുല്യതയും വ്യക്തമാക്കുന്നതാണല്ലോ. എന്നാൽ ഇന്ന് വ്യാപകമായി കാണുന്ന ഒരു പ്രവണത ഐക്കണുകളുടെ സ്വാധീനത്താൻ എന്ന തോന്നത്തക്കവണ്ണം ചില സഭാ പിതാക്കന്മാരുടെ ചിത്രം ത്രോണോസിന്മേൽ

വേർപാടിന്റെ 5-ാം വർഷം

25-12-2016



സി. ഇ. ഏബ്രഹാം

(അവറാച്ചൻ)

ചുങ്കത്തിൽപറമ്പിൽ (വാഴൂർ), ചങ്ങനാശേരി

6TH BIRTHDAY IN HEAVEN
20-12-2016



GEORGE KOSHY K. (DAIE)

KALLUNKAL HOUSE

KOTTAYAM

Inserted by

Beena Koshy (Wife)
Nidhi Ann Koshy (Daughter)
Dhanya Mary Koshy (Daughter)

10th Death Anniversary on
24/12/2016

T GEORGE MATHEW

Thanuvelil Aby Bhavan
Koodal

Remembered with prayers by

Moni Mathew (wife)
Children and grandchildren
Deepa & Jijo - Reuben & Aaron
Sobha & Bino - Jovina & Jeneena
Aby & Neethu - Jaiden.

2ND DEATH ANNIVERSARY

02-12-2016

VALSAMMA MATHEW

NARIYAPURAM

(Bible Auntie to the Malankara Sabha Readers)

RESTS IN HEAVENLY ABODE AFTER
A LIFE FULL OF PRAYERS AND SERVICE
TO HER MASTER

Inserted by:
Thamaravelil Family

നിക്ഷേപിച്ചിരിക്കുന്നു. ചില പുരോഹിതന്മാർ, അത്തരം ചിത്രം സ്വന്തം പെട്ടിയിൽ സൂക്ഷിച്ച് കുർബാന അനുഷ്ഠിക്കുമ്പോൾ ത്രോണോസിന്മേൽ നിക്ഷേപിക്കുന്നു. മുമ്പെങ്ങും ഇല്ലാതിരുന്ന ഈ രീതി ഇന്ന് പടർന്നുകൊണ്ടിരിക്കുന്നു. ചില പിതാക്കന്മാരോടുള്ള ബഹുമാനവും ആദരവും നിമിത്തമായിരിക്കാം. അപ്രകാരം ചെയ്യുന്നത്. പക്ഷേ അതു ഹൃദയത്തിൽ ഭദ്രമായി സൂക്ഷിക്കുകയാണാവശ്യം. അവരുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും നിശ്ചയമായും അപേക്ഷിക്കാം. എന്നാൽ അവരുടെ ചിത്രം ത്രോണോസിന്മേൽ പ്രതിഷ്ഠിച്ചുകൊണ്ട് വേണ്ട. അതു നമ്മുടെ പാരമ്പര്യത്തിനു നിരക്കുന്നതല്ല.

ചില ദേവാലയത്തിൽ ത്രോണോസിന്മേൽ ചെറിയ ഫാൻ വച്ചിരിക്കുന്നതു കണ്ടിട്ടുണ്ട്. കാർമ്മികന് കാറ്റു നൽകാനുള്ള നല്ല ലക്ഷ്യത്തോടെ ആയിരിക്കാം. പക്ഷേ അത്തരം സാധനങ്ങൾ വയ്ക്കാനുള്ള "പീഠം" അല്ല ത്രോണോസ് എന്നോർക്കുക. അതുപോലെ പ്ലാസ്റ്റിക്ക് പൂക്കൾ വയ്ക്കുന്നതും ആശാസ്യമല്ല. അതു ചുക്കിലിപിടിച്ച് ഏറെക്കാലം അവിടെ കഴിയുന്ന കാഴ്ച ആരോചകമാണ്.

എനിക്കുണ്ടായ രണ്ട് അനുഭവങ്ങൾ ഇവിടെ പ്രസക്തമായി തോന്നുന്നു. കുറിച്ചി വലിയ പള്ളിയിൽ, കുറിച്ചി ബാവായുടെ (ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ) ഒരു വലിയ ചിത്രം ഹൈക്കലായിൽ വടക്കെ വാതിലിനു മുകളിലത്തെ ഭിത്തിയിൽ തൂക്കിയിരുന്നു. ഇടവക മെത്രാപ്പോലീത്താ ആയരുന്ന പാറേട്ട് മാർ ഈവാനിയോസ് തിരുമേനി ആ പള്ളി സന്ദർശിച്ചപ്പോൾ ആ ചിത്രം കണ്ടു. പള്ളിയുടെ ചുമതലയുള്ള എന്നെ വിളിച്ച്, ഈ ചിത്രം വയ്ക്കുന്നതു ശരിയാണോ? എന്നു ചോദിച്ചു. അല്ല എന്നു തിരുമേനി തന്നെ പറഞ്ഞിട്ട് അതു പള്ളിമുറിയിൽ വച്ചാൽ മതി എന്നു നിർദ്ദേശിച്ചു. രണ്ടാമത്തെ സംഭവം ആർപ്പൂക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിലാണ്. പരുമല തിരുമേനിയുടെ നാമത്തിലുള്ള ആ ചാപ്പലിൽ ഒരു വിശ്വാസി പരുമല തിരുമേനിയുടെ ഒരു വലിയ ചിത്രം സമർപ്പിച്ചു. ആരോ അത് മദ്ബഹായുടെ കിഴക്കേ ഭിത്തിയിൽ, ത്രോണോസിനു മുകളിലായി തൂക്കി. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഒരു മീറ്റിങ്ങിന് പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി അവിടെയെത്തിയപ്പോൾ എന്നോട്, ആ പടം മദ്ബഹായിൽ വച്ച് സൂക്ഷിക്കുന്നതു ശരിയല്ല, മാറ്റി ഹൈക്കലായിൽ വയ്ക്കാമെന്നു പറഞ്ഞു. ആ ചിത്രം ഇന്ന് ഹൈക്കലായിൽ ഉണ്ട്. മദ്ബഹായിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ വലിയ ഒരു ചിത്രം നിക്ഷേപിച്ചിട്ടുണ്ട്. മദ്ബഹായുടെ ഭിത്തിയിൽ പോലും പിതാക്കന്മാരുടെ ചത്രം വേണ്ടാ എന്നു പറഞ്ഞെങ്കിലും ഇന്ന് ഐക്കൺ ചിത്രം എന്ന പേരിൽ ചില പള്ളികളിൽ ചില പിതാക്കന്മാരുടെ ചിത്രം സ്ഥാനം നേടിയിട്ടുണ്ട്.

ത്രോണോസിനെപ്പറ്റിയും അതിന്റെ പവിത്രതയും നിസ്തുല്യതയും സംരക്ഷിക്കുന്നതിനെപ്പറ്റിയുമാണല്ലോ ഈക്കുറിപ്പിൽ പരാമർശിച്ചത്. പുരാതന കാലത്ത് ഒരു പള്ളിക്ക് ഒരു മദ്ബഹായും ഒരു ബലി പീഠവും മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനോടുയോജിച്ചു പോന്ന ആരാധനയുമേ അന്നുണ്ടായിരുന്നുള്ളു. ഇന്ന് പള്ളി പണിയിക്കുമ്പോൾ ഒരു മദ്ബഹായേ ഉള്ളു എങ്കിലും മൂന്നും അഞ്ചും ഒക്കെ ബലിപീഠങ്ങൾ നിർമ്മിക്കുന്ന രീതി വ്യാപകമാണ്. ഈ ഒരു മാറ്റം എന്നുണ്ടായി, എങ്ങനെ ഉണ്ടായി, എന്തിനു വേണ്ടി ഉണ്ടായി എന്നും മറ്റുമുള്ള വിഷയം പഠനവിധേയമാക്കേണ്ടതാണ്. ■

നിയമിതനായി



റാന്നി ഹോളി ട്രിനിറ്റി ആശ്രമ സുപ്പീരിയറായി നിയമിതനായ റവ. ഔഗേൻ റമ്പാൻ.

DOCTORATE

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ നിന്നും ഹിസ്റ്ററിയിൽ പി. എച്ച്.ഡി. നേടിയ ഡോ. ആൻസി ജെയിംസ്. ആലപ്പുഴ വഴിച്ചേരി സെ. തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. പൂപ്പള്ളിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ജോർജ് തോമസിന്റെ ഭാര്യയും, കോതമംഗലം കോട്ടപ്പടി മഞ്ഞുമേൽകുടിയിൽ എം. ജെയിംസ് ജോണിന്റെയും വൽസയുടെയും മകളുമാണ്. ഏക മകൻ ജോഷ്വ തോമസ് ജോർജ്.

മലങ്കരസഭ മാസികയുടെ പ്രതിനിധികളുടെ പ്രത്യേക സമ്മേളനം പരുമലയിൽ നടന്നപ്പോൾ. മുഖ്യാതിഥികളായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഡോ. മധു ഇറവങ്കര എന്നിവരോടൊപ്പം.

കെസിയ തങ്കം മാത്യു, അടുതല

(02-02-1993 - 10-12-2002)



ക്രിസ്തുവിൽ ജീവിക്കുന്നു

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

പ്രാർത്ഥനയോടെ,

കുടുംബാംഗങ്ങൾ,

IN EVERLOVING MEMORY OF



T.K. MATHEW

8th year of Demise, 11-12-2016

തെക്കേമെണ്ണിൽ, ഉളനാട്

B-2 Ganga Gayam, Ghorpuri, Pune-1

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Inserted By:

Mrs. Kuttyamma Mathew
Children and Grand Children

In Everloving Memory of



Rev. Fr Samuel Mattathil

(22-01-1892 to 05-01-1960)
(S/o Sri. Varghese Kurien,
(Former Managing Committe Member from
Cheriapalli, Kottayam) &
Smt. Annamma, Pothanickal, Manarcaud
Mattathil, Thazhathangadi, Kottayam,
Founder Vicar of Orthodox Syrian Church, Calicut

A dedicated missionary priest who was instrumental in establishing several Churches in Malabar and Wynad regions, and who also served as Vicar at different Churches at Pathanapuram, Vadasserikkara and Kottayam. a scholar of Syriac and Church Sacraments and who was well versed in 13 other languages including.
English, French, Latin Greek, Hebrew and Arabic Former faculty member at Old Seminary. Kottayam. Translated Hudaya Canon into Malayalam and several other Theological books from Syriac to Malayalam.



Mrs. Mariamma Samuel

(17-11-1909 to 25-04-1990)
D/o Sri. Pavoonni Master, Chowalloor House
& Kunnamkulam Panakkal Smt. Achamma,
(Maliekkal), Thozhiyur, Kunnamkulam

Inserted By:

Children, Grand Children and
Great Grand Children, Mattathil
Family, a branch of
Adangappuram, Kallooppara
Mob. 9447456938, 0481-2570759

ഒന്നാം സ്ഥാനം

പന്തളം: സംസ്ഥാന സി.ബി.എസ്.ഇ. കലോൽസവത്തിൽ മലയാളം ഉപന്യാസ രചനയിൽ ഒന്നാം സ്ഥാനം നേടിയ ആശിഷ മറിയം വിൽസൺ. പുത്തൻ കാവ് സെ. മേരീസ് കത്തീഡ്രൽ വികാരി ഫാ. വിൽസൺ ശങ്കരത്തിലിന്റെയും തിരുവല്ല എം.ജി.എം.എച്ച്.എസ്.എസ്. അധ്യാപിക അജിതാ വിൽസന്റെയും മകൾ.

ചികിത്സാ സഹായം

കാൻസർ, കിഡ്നി എന്നീ രോഗ ചികിത്സയ്ക്ക് രോഗികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും അടുത്തുള്ള ഓർത്തോഡക്സ് വൈദികന്റെ ശുപാർശയും ഉണ്ടായിരിക്ണം. അപേക്ഷകൾ 2017 മാർച്ചുവരെ സ്വീകരിക്കുന്നു.

Vicar
St. Gregorious Indian
Orthodox Church
P.B. No. 244, Suwanee,
Atlanta-GA-30024
USA

DOCTORATE



ലൈബ്രറി & ഇൻഫർമേഷൻ സയൻസിൽ തിരുനൽവേലി എം.എസ്. സർവകലശാലയിൽ നിന്നും ഡോക്ട്രേറ്റ് നേടിയ ജെയ്സൺ തോമസ് ശൂരനാട്. കല്ലിരിക്കും വിളനൈർമ്മല്യത്തിൽ തോമസിന്റേയും മറിയാമ്മയുടെയും മകനാണ്. ശൂരനാട് സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗം. തേവലക്കര കഞ്ചവനയിൽ സുധാ കോശിയാണ് ഭാര്യ. മക്കൾ: ചെറിയാൻ, ഏശായ്യാ.

പ്രസംഗ പരിശീലന ശില്പശാല

മലങ്കരസഭാ മാസികയുടെ സപ്തതിയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി പ്രസംഗ പരിശീലന ശില്പശാല ഡിസംബർ 18 ഞായറാഴ്ച രാവിലെ 10 മുതൽ കുറിച്ചി സെ. പീറ്റേഴ്സ് & സെ. പോൾസ് വലിയ പള്ളിയിൽ വെച്ച് നടത്തും.

മലങ്കരസഭാ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വാ പ്രസംഗ പരിശീലനത്തിന് മുഖ്യ നേതൃത്വം നൽകും. ഉച്ചയ്ക്ക് രണ്ട് മുതൽ അഖില മലങ്കര പ്രസംഗ മത്സരവും നടത്തും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി ഡിസം. 16-ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

ഫോൺ: 9446384402, 9447141639

അഭിനന്ദനങ്ങൾ

മലങ്കരസഭ മാസികയുടെ സപ്തതിയോടനുബന്ധിച്ച് 500-ൽ അധികം വരിക്കാരെ ചേർത്ത സർക്കുലേഷൻ പ്രൊമോട്ടർ സജി രാജൻ. പത്തനാപുരം മാലൂർ സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ രാജൻ ജോർജിന്റെയും കുഞ്ഞമ്മ രാജന്റെയും മകൻ. മുത്തൂറ്റ് ഫിനാൻസ് പത്തനാപുരം ബ്രാഞ്ച് മാനേജർ.

5th Death Anniversary
Tuesday, 27th Dec. 2016



In Ever Loving Memory of :
ANNIE MONCY GEORGE
Fondly Remembered by :
**Budhanikunnil Moncy George,
Boney Moncy, Bini Moncy,
Budhanikunnil, Kannelil
Families & Relatives**

Annies' & Georgees, Pune - 17.
7-Dhanashree, Pimpri, Pune-17

ഉപന്യാസ മത്സരം

കാരയ്ക്കൽ: സെന്റ് ജോർജ് പള്ളിയുടെ ശതോത്തര സുവർണ്ണ ജൂബിലിയുടെ ഭാഗമായി അഖില മലങ്കരാടിസ്ഥാനത്തിൽ ഉപന്യാസ മത്സരം നടത്തുന്നു. എന്റെ കാഴ്ചപ്പാടിലുള്ള മലങ്കര ഓർത്തഡോക്സ് സഭ എന്ന വിഷയത്തെ ആസ്പദമാക്കി 15 പേജിൽ ഉപന്യാസം 2016 ഡിസംബർ 31-ന് മുമ്പ് വികാരിയുടെ സാക്ഷ്യത്തോടെ അയയ്ക്കണം.

ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 1000 രൂപാ വീതം നൽകും.

വിലാസം:
വി.വി. വർഗീസ്,
സെ. ജോർജ് ഓർത്തഡോക്സ്
ചർച്ച്, കാരയ്ക്കൽ പി.ഒ.,
തിരുവല്ല, പിൻ-689108,
ഫോൺ: 9446286858

മലങ്കരസഭ മാസിക

മലങ്കര സഭാ മാസിക സപ്തതി പ്രമാണിച്ച് 70 ലധികം വരിക്കാരെ ചേർത്ത കവിയൂർ സ്ലീബാ പള്ളിയിലെ വികാരിമാരോടും ഇടവകാംഗങ്ങളോടുമുള്ള നന്ദി...





ദേവലോകത്തെ പിതാക്കന്മാർ

■ ഫാ. എം. കെ. കുര്യൻ
(മാനേജർ, കാതോലിക്കേറ്റ് അരമന)

ആധുനിക മലങ്കരസഭയുടെ ചരിത്രഗതിയെ പുരോഗതിയുടെ പാതയിലേക്കു നയിച്ച മൂന്ന് പിതാക്കന്മാരുടെ ഓർമ്മ സംയുക്തമായി ആചരിക്കുന്നു. അവരിൽ പ്രധാനിയായ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ ദിനങ്ങളായ ജനുവരി 2, 3 അദ്ദേഹത്തിന്റെ പിൻഗാമികളായ പ. ബസേലിയോസ് ഔഗേൻ പ്രഥമൻ, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നീ പിതാക്കന്മാരുടെയും ഓർമ്മയും സംയുക്തമായി നടത്തുന്നു.

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്ന 'വലിയ ബാവാ' ജീവിച്ചിരുന്ന കാലത്തുതന്നെ മനുഷ്യഹൃദയങ്ങളിൽ പരിശുദ്ധനും, ദൈവതുല്യനുമായിരുന്നു. സഭാമക്കൾക്കു മാത്രമല്ല മറ്റു മതസ്ഥർക്കും, സാമൂഹ്യനേതാക്കന്മാർക്കും അദ്ദേഹം ഒരു നല്ല ഗുരുവും, പ്രതിസന്ധിഘട്ടങ്ങളിൽ തളർന്നു പോകാത്ത വിശ്വാസവും, നിഷ്ഠയോടുകൂടിയ ജീവിതചര്യകളും അദ്ദേഹത്തിന്റെ ആദ്ധ്യാത്മീക ജീവിതത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചിരുന്നു. ഉദിച്ചുയരുന്ന സൂര്യകാന്തിയോടെ പരിലസിച്ച ഈ മഹാത്മാവ് പ. സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ അതിനൊരു പോറൽ പോലുമേൽക്കാതെ നിരന്തരമായ ദൈവാശ്രയത്തിൽ ധീരമായി നയിച്ചു. തന്റെ ഗുരുവായ പ. പരുമല തിരുമേനിയിൽ നിന്നു ലഭിച്ച ആദ്ധ്യാത്മീക ശിക്ഷണവും, പ. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നും പഠിച്ച സഭാഭരണ പാടവവും അണുവിട വ്യത്യാസമില്ലാതെ പാലിച്ച് പ. സഭയെ നയിച്ചു. ആരും സമീപിക്കുവാൻ ഭയക്കുന്ന വ്യക്തിത്വമാണെങ്കിലും ശിശുസഹജമായ നിർമ്മലതയോടും, വിശുദ്ധ ഹൃദയത്തോടും ജീവിച്ച ഈ പുണ്യപിതാവ് ദീർഘകാലം സഭയുടെ സാരഥിയായി പ. സഭയെ നയിച്ച് സഭയുടെ സ്വാതന്ത്ര്യവും അഖണ്ഡതയും ഊട്ടിയുറപ്പിച്ച് ദൈവസന്നിധിയിലേക്ക് യാത്രയായി ഇന്നും ഈ സഭയ്ക്കുവേണ്ടി മധ്യസ്ഥത അർപ്പിക്കുന്നു.

പ്രഥമദൃഷ്ട്യാ ശാന്തനും, സൗമ്യനും എന്നാൽ ആവശ്യഘട്ടങ്ങളിൽ പാറപോലെ ഉറച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് പ. ഔഗേൻ പ്രഥമൻ ബാവാ. സത്യത്തിനുവേണ്ടി നിലകൊണ്ടതിനാൽ ശാരീരികവും, മാനസികവുമായി ഇത്രയും പീഡകൾ സഹിച്ച മറ്റൊരു പിതാവ് ആധുനിക സഭയുടെ ചരിത്രത്തിൽ ഇല്ല എന്നു തന്നെ പറയാം. അദ്ദേഹത്തോട് അടുത്ത് നിന്ന് ശുശ്രൂഷിച്ച ആളുകൾ പറയും ഒരു കഷ്ടാനുഭവ ആഴ്ചയിൽ പിറവത്തുവെച്ച് മറുഭാഗം ആൾക്കാരുടെ കാപ്പിവടികൊണ്ടുള്ള അടിയുടെ പാടുകൾ വാർദ്ധക്യത്തിലും ശരീരത്തിൽ കാണാമായിരുന്നു എന്ന്. സംഭാഷണത്തിൽ ശാന്തനെങ്കിലും പ. സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ അദ്ദേഹം ഗർജ്ജിക്കുന്ന സിംഹമായിരുന്നു. സുറിയാനി പണ്ഡിതനായ പ. പിതാവ് ആരാധനാ ക്രമങ്ങൾ മൂലഭാഷയായ സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ഇന്ന് നമുക്ക് തദ്ദേശീയ ഭാഷയിൽ ആരാധിക്കുന്നതിനുള്ള സൗകര്യങ്ങൾ ക്രമപ്പെടുത്തി തന്നു. പിൻഗാമിയുടെ കാലത്തുണ്ടായ സഭാ സമാധാനം ഏകദേശം ഈ പിതാവിന്റെ അവസാന കാലം വരെ നിലനിർത്തികൊണ്ടുപോരുവാൻ സാധിച്ചു.

അനുഭവം | 1964

മലങ്കരയുടെ വലിയ ബാവയായ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയെ പല പ്രാവശ്യം നേരിൽ കണ്ടിട്ടുള്ളത് എന്റെ മാതൃസഹോദരനായ പാത്താമുട്ടം വന്ദ്യ എം.സി. കുറിയാക്കോസ് റമ്പാച്ചനോടൊപ്പമാണ്. എന്നാൽ ജീവിതത്തിൽ അവിസ്മരണീയ കാഴ്ചയാണ് 1964 ജനുവരി 3-ന് എനിക്ക് അനുഭവപ്പെട്ടത്. അന്ന് ഞാൻ കോട്ടയം മെഡിക്കൽ കോളജിലെ വിദ്യാർത്ഥിയായിരുന്നു.

അന്ന് അതിരാവിലെ ദേവലോകം അരമനയിൽ നിന്നും ലഭിച്ച ഫോൺ സന്ദേശം പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഭൗതിക ശരീരം എംബാം ചെയ്യുന്നതിനെക്കുറിച്ചായിരുന്നു.

ഞങ്ങളുടെ അനാട്ടമി പ്രൊഫസർ ഒറിസ്സാക്കാരനായ ഡോ. മോഹന്തി എന്നേയും സഹപാഠി റോയി തോമസിനേയും ചുമതല ഏല്പിച്ചു. അദ്ദേഹത്തോടൊപ്പം ദേവലോകത്തേക്ക് യാത്ര ചെയ്യണമെന്ന് ആവശ്യപ്പെട്ടു. വലിയ മൂന്ന് ബോട്ടിലുകളിലായി ഫോർമലിൻ, ഗ്ലിസറിൻ, സ്പിരിറ്റ് എന്നിവയും ഒരു വലിയ സോസ്പാനും, ധാരാളം സിറിഞ്ചുകളും എടുത്തു കൊണ്ടു പോകുകയായിരുന്നു പ്രഥമ കർത്തവ്യം.

ഞങ്ങൾ ദേവലോകം അരമനയിൽ എത്തുമ്പോൾ പ. ബാവാ തിരുമേനിയുടെ ഭൗതിക ശരീരം ചാപ്പലിന്റെ ഉള്ളിലായിരുന്നു. അനവധി വൈദികരും അത്മായക്കാരും അവിടെ ഉണ്ടായിരുന്നു. എല്ലാവരേയും ചാപ്പലിൽ നിന്നും പുറത്തേക്ക് ഇറക്കി വാതിലുകളും ജനലുകളും അടച്ചു. മാത്യൂസ് മാർ കൂറിലോസ് തിരുമേനി മാത്രം (പിന്നീട് പ. മാത്യൂസ് ദ്വിതീയൻ ബാവ) അകത്ത് നിൽക്കുവാൻ അനുവദിച്ചു. ഭൗതിക ശരീരത്തിൽ ധരിപ്പിക്കുവാനുള്ള അംശവസ്ത്രങ്ങളുമായി മാത്യൂസ് മാർ കൂറിലോസ് തിരുമേനി അടുത്ത് നിന്നിരുന്നു.

ഞങ്ങൾ കൊണ്ടുവന്ന പാത്രത്തിലേക്ക് ഫോർമലിൽ, സ്പിരിറ്റ്, ഗ്ലിസ്സറിൻ എന്നിവ തുല്യമായി യോജിപ്പിക്കുവാൻ ഡോ. മൊഹന്തി ആവശ്യപ്പെട്ടു. ഉടനെ അപ്രകാരം ഞങ്ങൾ ചെയ്തു. അവ ഞങ്ങൾ കരുതിയ

കാഴ്ചയുടെ അവിസ്മരണീയത

■ ഡോ. എം. എസ്. അലക്സാണ്ടർ മാളികയിൽ, ലണ്ടൻ

വലിയ സിറിഞ്ചിലേക്ക് നിറച്ചു. എന്റെ സുഹൃത്ത് റോയി തോമസിന് തുടയുടെ താഴ്വശം എംബാം ചെയ്യുവാനും എന്നെ തുടയുടെ മുകൾ ഭാഗം എംബാം ചെയ്യുവാനും ഏല്പിച്ചു. ഡോക്ടർ മൊഹന്തി വയറും നെഞ്ചും എംബാം ചെയ്യുവാൻ നിശ്ചയിച്ചു. പ. ബാവാ തിരുമേനിയുടെ ഭൗതിക ശരീരം പ്രൊഫസറായ ഡോക്ടറുടെ നേതൃത്വത്തിൽ എംബാം ചെയ്യുവാൻ ആരംഭിച്ചു. പ. ബാവായെ അംശവസ്ത്രങ്ങളോട് മാത്രം കണ്ടിരുന്ന ഞാൻ വളരെ ഭയത്തോടും വിറയലോടുമാണ് എംബാം ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചത്. ആദ്യം ഭൗതിക ശരീരം മുഴുവൻ ശുദ്ധ ജലത്തിൽ കഴുകി വൃത്തിയാക്കിയ ശേഷം തുടച്ച് ഉണക്കി. പ. പിതാവിന്റെ മുഖവും തലയും കഴുകിയത് ഞാനായിരുന്നു. ഭൗതിക ശരീരം കഴുകിയശേഷം യോജിപ്പിച്ച ദ്രാവകം ഭൗതിക ശരീരത്തിലേക്ക് ഇൻജെക്ട് ചെയ്തു.

ഡോ. മൊഹന്തി നോർത്ത് ഇന്ത്യനായ ഹിന്ദുവാണ്. പ. ബാവാ തിരുമേനിയെ ഇതിനു മുമ്പ് കണ്ടിട്ടില്ല. അദ്ദേഹത്തിന് ഇത് ഒരു നിത്യ കർമ്മം മാത്രമായിരുന്നു. എന്നാൽ എനിക്ക് പ. വലിയ ബാവാ തിരുമേനി ദൈവതുല്യമായിരുന്നു. എന്റെ സഭയുടെ പരമാദ്ധ്യക്ഷൻ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ പിതാവ്. വളരെ ഭയവും അത്ഭുതവും നേരിട്ട ഞാൻ സങ്കടത്തോടെ എന്നെ ഏല്പിച്ച എംബാം കർമ്മങ്ങൾ ഭംഗിയായി ചെയ്തു തീർത്തു. ഇനിയും മുഖവും ശിരസ്സും മാത്രമേ എംബാം ചെയ്യുവാനുള്ളു.

ഞാൻ തിരുമേനിയുടെ മുഖത്തേക്ക് നോക്കിയപ്പോൾ അതിശയിപ്പിക്കും വിധമുള്ള തേജസ്സാണ് പ. വലിയ ബാവായുടെ മുഖത്ത് ഞങ്ങൾ കണ്ടത്. ആ ദിവ്യമായ തേജസ്സ് കണ്ടപ്പോൾ ഡോ. മൊഹന്തിയോട് അപേക്ഷിച്ചു ദയവായി മുഖത്ത് എംബാം ചെയ്യരുതെന്ന്. ദൈവം ഇത് നോക്കി കൊള്ളും എന്ന് പറഞ്ഞു. എന്നാൽ പ്രൊഫസർ അതിന് സമ്മതിച്ചില്ല. തലയും മുഖവും എംബാം ചെയ്തില്ലെങ്കിൽ നമ്മുടെ ഉത്തരവാദിത്വം പൂർണ്ണമാകുകയില്ല എന്ന് ഉപദേശിച്ചു.

പ. ബാവാ തിരുമേനിയുടെ മുഖവും ശിരസ്സും എംബാം ചെയ്യരുതെന്ന് വീണ്ടും അപേക്ഷിക്കുകയും ഞാൻ അതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു കൊള്ളാം എന്ന് പറയുകയും ചെയ്തു. എന്തെങ്കിലും അത്യാവശ്യ സാഹചര്യം ഉണ്ടായാൽ വേണ്ടതു ചെയ്തു കൊള്ളാമെന്നും കബറടക്കത്തിന്റെ സമാപനം വരെ ഭൗതിക ശരീരത്തെ അനുഗമിക്കാം എന്നും പറഞ്ഞു.

പലപ്രാവശ്യം ഞാനിത് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അതിന് വഴങ്ങിയില്ല. എന്നാൽ സമയം കഴിയുന്തോറും പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മുഖശോഭ വർദ്ധിച്ചുകൊണ്ടിരുന്നു. ഇത് മനസിലാക്കിയ പ്രൊഫസർ അവസാനം അത് സമ്മതിക്കുകയും എല്ലാ ഉത്തരവാദിത്വങ്ങളും എന്നെ ഏല്പിക്കുകയും ചെയ്തു. എന്തെങ്കിലും സംഭവിച്ചാൽ ആവശ്യത്തിനുള്ള പഞ്ഞിയും ഇഞ്ചെക്ഷന് ആവശ്യമുള്ള ദ്രാവകങ്ങളും ഏല്പിച്ചു. ഈ സമയം അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനി മദ്ബഹായിൽ പ്രാർത്ഥിക്കുകയും കരഞ്ഞ് നിലവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.

എംബാം പൂർണ്ണമായി കഴിഞ്ഞ് ഭൗതിക ശരീരത്തിൽ അംശവസ്ത്രങ്ങൾ അണിയിച്ചശേഷം പള്ളിയുടെ കതകുകൾ എല്ലാം തുറന്നു. വിവിരം അറിഞ്ഞ് എത്തിയ മെത്രാപ്പോലീത്തന്മാരേയും പ്രമുഖ വൈദികരേയും പള്ളിക്കുള്ളിലേക്ക് കയറ്റി. പ്രാർത്ഥനകൾക്ക് നിയുക്ത കാതോലിക്കാ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി നേതൃത്വം നൽകി. തുടർന്ന് കാതോലിക്കാ സ്ഥാനത്തിന്റെ ചിഹ്നങ്ങളും വസ്ത്രങ്ങളും കൂടി അണിയിച്ചു.

പരുമലയിൽ റമ്പാനായി സേവനം ചെയ്ത കാലത്ത് പരിശുദ്ധ പരുമല തിരുമേനി സമ്മാനിച്ച കാപ്പയാണ് പ. ബാവായുടെ ഭൗതിക ശരീരത്തിൽ അണിയിച്ചത്. എല്ലാവിധമായ അംശവസ്ത്രങ്ങളും ഭൗതിക ശരീരത്തിൽ അണിയിച്ചു കഴിഞ്ഞപ്പോൾ അത് കൂടുതൽ പ്രശോഭിതമായിതീർന്നു. പരിശുദ്ധാത്മാവിന്റെ ചൈതന്യവും തേജസ്സും ആ മുഖത്ത് ആത്യധികം പ്രഭ പരത്തി. ഇത്രയും തേജസ്സുറ്റ മുഖം ഇതുവരെ ഞാൻ കണ്ടിട്ടില്ല. അത്ര പ്രകാശ വലയം പ. ബാവായുടെ ഭൗതിക ശരീരത്തിൽ ഉണ്ടായി.

കബറടക്കം കഴിയുന്നതുവരെ ഭൗതിക ശരീരത്തിൽ നിന്ന് ദ്രാവകമോ മറ്റെന്തെങ്കിലുമോ ഉണ്ടായില്ല. കരുതിയ മരുന്നും പഞ്ഞിയും ഒന്നും തന്നെ ആവശ്യമായി വന്നുമില്ല. മുഖത്തു കണ്ട ആ ശോഭ അന്ത്യയാത്രയുടെ അവസാനം വരെ പ്രശോഭിതമായി നിന്നു. വാക്കുകൾ കൊണ്ട് വിവരിച്ച് അറിയിക്കുവാൻ കഴിയാത്ത വിധം ചൈതന്യവും ശോഭയും മലങ്കരസഭയുടെ വലിയ ബാവ എന്നറിയപ്പെട്ട പ. ഗീവർഗീസ് ദ്വിതീയൻ ബാവായിലുണ്ടായി എന്നത് ഒരു പരമയാഥാർത്ഥ്യമാണ്. വി. സ്തേഫാനോസിന്റെ മരണ സമയത്ത്, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു. (അപ്പോ. 7:56) എന്ന ഭാഗത്തെ അനുഭവം പോലെ എനിക്കും ഉണ്ടായി.

പ. ബാവ കാലം ചെയ്തിട്ട് അര നൂറ്റാണ്ട് കഴിഞ്ഞെങ്കിലും ഇന്നും അതിശയിപ്പിക്കുന്ന കാഴ്ചയായി ഇത് എന്നോടൊപ്പം നിലനിൽക്കുന്നത് അവിസ്മരണീയമാണ്. ■

പിൻഗാമിയായ രണ്ടു പിതാക്കന്മാരിൽ നിന്നും ആർജ്ജിച്ച പരിശീലനങ്ങളും, ആത്മീയതയും കൊണ്ട് തൊട്ടതെല്ലാം പൊന്നാക്കിയ പ. പിതാവാണ് 'വട്ടക്കുന്നേൽ ബാവാ' എന്നറിയപ്പെടുന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ. സഭയുടെ നേതൃത്വ നിരയിൽ അൽമായക്കാരനായി, വൈദികനായി, മെത്രാപ്പോലീത്തായായി പിന്നീട് പ. സഭയുടെ പ്രധാന സാരഥിയായി വിരാജിച്ച മറ്റൊരു പിതാവുണ്ടോ എന്നു സംശയമാണ്. ഇന്നത്തെ പരിശുദ്ധ സഭയുടെ ഭരണക്രമം, ആരാധന ഇവയൊക്കെ ചിട്ടപ്പെടുത്തുവാൻ കഴിഞ്ഞത് ഈ പിതാവിന്റെ നേതൃത്വപാടവാണ്. ഇച്ഛാശക്തിയോടും, ദീർഘ വീക്ഷണ

ശേഷം 49-ാം പേജിൽ



പുസ്തകശാല

കുടിയേറ്റം
ബെന്യാമിൻ

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഉപജീവനത്തിനായി മലയാളി നടത്തിയ കുടിയേറ്റത്തിന്റെ ചരിത്രവും സംസ്കാരവും അടയാളപ്പെടുത്തുന്നു.ഹൃദ്യമായ ഭാഷയും അവതരണവും.
ഡിസി ബുക്സ്, കോട്ടയം
പേജ് 112, വില:100.

വാക്കുകളുടെ വെളിപാടുകൾ
ഡോ. മാത്യു ഡാനിയേൽ

മലയാള സാഹിത്യ വിമർശനത്തേയും നോവൽ സാഹിത്യത്തേയും പഠന വിധേയമാക്കുന്നു. മലയാള വിമർശന സാഹിത്യത്തിലെ അപൂർവ്വ വായനാനുഭവം. അവതാരിക: ഡോ. കെ.എസ്. രവികുമാർ. നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, പേജ് 128, വില–100

മാധ്യമ വിചാരങ്ങൾ
ഡോ. പോൾ മണലിൽ



മാധ്യമങ്ങളുടെ വർത്തമാന പ്രസക്തി വിശകലനം ചെയ്യുന്ന പ്രൗഢ രചനകൾ. മാധ്യമങ്ങളെ സമീപിക്കുന്ന പ്രമുഖ പത്ര പ്രവർത്തകന്റെ അറിവും അനുഭവവും എഴുത്തിൽ സമന്വയിക്കുന്നു. വായന: റവ.ഡോ. മാത്യു ഡാനിയേൽ. സിഎസ്.എസ്. തിരുവല്ല. പേജ്. 88, വില–90.

IN HIS MASTER'S PATH
John D. Kunnathu



This book argues that the vision and mission of Metropolitan Paulos Mar Gregorios in the past century was a successful adaptation of the vision and mission of Jesus Christ in the first century. It clarifies the fundamentals of Christian faith to the modern world.
Sophia Books, Kottayam. Page 160. Price Rs.150.

അത്യുന്നതന്റെ മഹാപുരോഹിതൻ

■ ഡോ. എം. കുര്യൻ തോമസ്

മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന വട്ടക്കുന്നേൽ ബാവായുടെ സമഗ്ര സംഭാവനകളെ ശാശ്വതമായി പരിചയപ്പെടുത്തുക എന്ന ലക്ഷ്യപൂർത്തീകരണമാണ് *വട്ടക്കുന്നേൽ മാത്യൂസ് റാബോ കാതോലിക്ക* എന്ന ഈ ഗ്രന്ഥപരമ്പരയിലൂടെ സാധിതമാകുന്നത്. അക്ഷരങ്ങളെ പ്രണയിച്ച ആ പുണ്യപിതാവിനു തലമുറകളുടെ ഉപഹാരം.

കാനോൻ വിദഗ്ദൻ, കൂദാശാ പ്രവീണൻ, ഭരണ തന്ത്രജ്ഞൻ, പ്രചോദകൻ, ഗുരു, എഴുത്തുകാരൻ, പരിഭാഷകൻ തുടങ്ങിയ നിലകളിലെല്ലാം മികവു തെളിയിച്ച മഹദ് വ്യക്തിത്വമായിരുന്നു പ. വട്ടക്കുന്നേൽ ബാവ. അദ്ദേഹത്തിന്റെ ജീവിതം, സംഭാവനകൾ, രചനകൾ ഇവയിലേയ്ക്കുള്ള എത്തിനോട്ടമാണ് ഈ ഗ്രന്ഥപരമ്പര.

വായിക്കുക, എഴുതുക, പ്രസിദ്ധീകരിക്കുക എന്നു യഥാക്രമം മൂന്നുപ്രാവശ്യമായി കല്പിച്ച്, അനുഗ്രഹിച്ച് ഈ ലേഖകനെ ഈ പന്ഥാവിലേയ്ക്കു വഴിതിരിച്ചുവിട്ട വട്ടക്കുന്നേൽ ബാവാ എന്ന രാജകീയ മഹാപുരോഹിതനുള്ള ഗുരുദക്ഷിണയാണ് ഈ ഗ്രന്ഥപരമ്പര. ഈ പരമ്പര ഇവിടെ അവസാനിക്കുന്നില്ല. പ. പിതാവിന്റെ അനേകം രചനകൾ ഇനിയും വെളിച്ചം കാണാനുണ്ട്.

അത്യുന്നതന്റെ മഹാപുരോഹിതൻ എന്ന നിലയിൽ തന്നെ ഭരമേല്പിച്ച അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സ്ഥാനമഹിമ

പഴയ സെമിനാരി ചരിത്രവും സാക്ഷ്യവും
ഫാ.ഡോ.ഒ.തോമസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ-സാമൂഹിക ചരിത്രത്തിൽ കോട്ടയം കോളജ് എന്ന പഴയ സെമിനാരിയുടെ 200 വർഷത്തെ ചരിത്രവും സാക്ഷ്യവും അവതരിപ്പിക്കുന്നു. ചരിത്രം, സാക്ഷ്യം, ദർശനം, ദ്വിശതാബ്ദി എന്നീ ഭാഗങ്ങളിലായി 40 പ്രൗഢ ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. സഭാ ചരിത്രം അന്വേഷിക്കുന്ന ഗവേഷകർക്ക് ഇത് ഒരു റഫറൻസ് ഗ്രന്ഥമാണ്.

ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ എഡിറ്റു ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം എം.ഒ.സി. യുടെ കോട്ടയം, പരുമല സെന്ററുകളിൽ നിന്നും സെമിനാരി ബുക്ക് സ്റ്റോളിൽ നിന്നും ലഭിക്കും. അവതാരിക: പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പേജ് 512, വില: 500 രൂപ.

ഡോ. എം. കുര്യൻ തോമസ് പരിശുദ്ധ വട്ടക്കുന്നേൽ ബാവായെക്കുറിച്ച് ഇത്തരത്തിൽ ബൃഹത്തായ ഒരു ഗ്രന്ഥം രചിക്കുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. തിരുമേനിയെക്കുറിച്ചുള്ള ചരിത്ര വസ്തുതകൾ രേഖപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആ മഹാത്മാവിന്റെ ജീവിതവും മാതൃകയും അക്ഷരങ്ങളിലൂടെ അനന്തര തലമുറയ്ക്ക് കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അത് കുര്യൻ തോമസ് ഭംഗിയായി നിർവ്വഹിക്കുന്നതിലുള്ള എന്റെ സന്തോഷം രേഖപ്പെടുത്തുന്നു.

– പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

യ്ക്കനുസൃതമായി ഭംഗിയായി നിർവഹിച്ച ശേഷമാണ് വട്ടക്കുന്നേൽ ബാവാ *തന്റെ ജനത്തോടു ചേർന്നത്.* തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അപ്പോസ്തോലിക അധികാരത്തേയും താൻ ഇരിക്കുന്ന സിഹാസനത്തേയും പറ്റി തികഞ്ഞ ആത്മാഭിമാനമുണ്ടായിരുന്ന യഥാർത്ഥ നസ്രാണി ജാതിക്കു തലവനായിരുന്നു അദ്ദേഹം. തന്റെ മുൻഗാമിയായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയന്റെ ആഗ്രഹപൂർത്തിക്കായി ദേവലോകം അരമനയുടെ പണി പൂർത്തീ കരിച്ചു. തന്റെ മുൻഗാമികളോടൊപ്പം തനിക്കും തന്റെ പിൻഗാമികൾക്കും വിശ്രമിക്കാനുള്ള *ബസ്കാദീശ*യും തയാറാക്കി. പക്ഷേ ഭാവിയിലെ മലങ്കര സഭയെ താങ്ങിനിർ ത്താനുള്ള ശാശ്വത അടിസ്ഥാനങ്ങൾ ഉറപ്പിച്ചശേഷമാണ് അദ്ദേഹം കടന്നു പോയത്.

ഇന്ത്യയിലെ പൗരസ്ത്യ കാതോലിക്കാമാരിൽ *മഹാൻ* എന്ന വിശേഷണത്തിന് മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തികച്ചും യോഗ്യനാണെന്നു കാലം തെളിയിച്ചു കൊണ്ടേയിരിക്കുന്നു. ആ കാലപ്രവാഹത്തിലെ ഒരു ചെറിയ കണ്ണിമാത്രമാണ് *വട്ടക്കുന്നേൽ മാത്യൂസ് റാബോ കാതോലിക്ക* എന്ന ഈ ഗ്രന്ഥപരമ്പര.

പ. പിതാവിന്റെ ഭൗമീകജീവിതം അവസാനിച്ച് രണ്ടു ദശാബ്ദം പിന്നീടുമ്പോൾ നടത്തുന്ന തിരിഞ്ഞു നോട്ടമാണ് *2016 – അനന്തരം* എന്ന ഭാഗം. അദ്ദേഹവുമായി വ്യക്തിബന്ധമു ള്ളരുടേയും വിഷയത്തിൽ അവഗാഹമുള്ളവരുടേയും ലേഖനങ്ങൾ മാത്രമാണ് ഈ ഭാഗത്ത് ചേർത്തിരിക്കുന്നത്.

വട്ടക്കുന്നേൽ മാത്യൂസ് റാബോ കാതോലിക്കാ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം. 5 വാല്യങ്ങൾ, 1600 പേജുകൾ, 40 ചിത്രങ്ങൾ, വില: 750 രൂപ, ഇപ്പോൾ 600 രൂപ. ■



NEWS

പരി. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 53–ാം ഓർമ്മപ്പെരുന്നാൾ കുറിച്ചി വലിയ പള്ളിയിൽ ജനുവരി 1, 2 തീയതികളിൽ

പൗരസ്ത്യ കാതോലിക്കയായി 1929 മുതൽ ദീർഘമായ 35 വർഷം മലങ്കരസഭ മുഴുവന്റെയും പരമാദ്ധ്യക്ഷനായും 1934 മുതൽ മലങ്കര മെത്രാപ്പോലീത്തായായും പ്രശസ്ത ശുശ്രൂഷ അനുഷ്ഠിക്കുവാൻ പ. വലിയ ബാവായ്ക്കു സാധിച്ചു. മലങ്കരയിൽ ആദ്യമായി വിശുദ്ധ മൂറോൻ കൂദാശ നടത്തുകയും, മേല്പട്ടക്കാർ വിരളമായിരുന്ന അക്കാലത്ത് പതിനൊന്നു മെത്രാപ്പോലീത്താമാരെ വാഴിക്കുകയും, നൂറു കണക്കിനു വൈദികരെ അവരോധിക്കുകയും ചെയ്തു.

സൺഡേസ്ക്കൂൾ, മർത്ത്മറിയം വനിതാ സമാജം, യുവജനപ്രസ്ഥാനം, ബാഹ്യകേരള ഭദ്രാസനം എന്നിവയുടെ രൂപീകരണവും, കാതോലിക്കാ നിധി ശേഖരണം, ഭരണഘടന പാസാക്കൽ, ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കൽ, സഭയുടെ ആദ്യത്തെ കോളജ് (പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്) എന്നീ സംരംഭങ്ങൾ ഈ രാജർഷിയുടെ കാലത്തെ പ്രധാന ഭരണ നേട്ടങ്ങളാണ്.

സഭാന്തരീക്ഷം സങ്കീർണ്ണവും സംഘർഷ പൂരിതവുമായിരിക്കുമ്പോഴാണ് അദ്ദേഹം സഭയുടെ സാരഥ്യം ഏറ്റെടുത്തത്. വ്യവഹാരങ്ങളും തർക്കങ്ങളും, കോടതി ഇടപെടലുകളും, മാത്രമല്ല പ്രാർത്ഥനയിലൂടെ സമാധാന സാക്ഷാത്ക്കാരത്തിനുള്ള തീവ്രശ്രമങ്ങളിലൂടെയും കോടതിയിൽ നിന്നുള്ള അനുകൂല വിധിത്തീർപ്പിനെ തുടർന്നും സമാധാനത്തിന്റെ തീരത്ത് സഭാനൗകയെ എത്തിക്കാനുള്ള മഹാഭാഗ്യം അന്നു പ. ബാവായ്ക്കുണ്ടായി. നോമ്പനുഷ്ഠാനങ്ങളാലും പ്രാർത്ഥനയാലും പ. പിതാവ് ആർജ്ജിച്ച 'സഹനശക്തി'യാണ് യഥാർത്ഥത്തിൽ, മലങ്കരസഭയുടെ വിജയത്തിന് കാരണമായത്. ഒരു ഡസനിലധികം പള്ളികളും കുരിശടികളും ഇന്ന് പ. പിതാവിന്റെ നാമത്തിലുണ്ട്.

ജനു. 1 ഞായർ, 6–ന് കുറിച്ചി ചെറിയ പള്ളിയിൽ സന്ധ്യാനമസ്ക്കാരവും തുടർന്ന് വലിയ പള്ളിയിലേക്ക് ഭക്തി നിർഭരമായ പ്രദക്ഷിണവും, പള്ളിമേടയിൽ ശ്ലൈഹിക വാഴ്വും, തുടർന്ന് ശ്രാദ്ധ സദ്യയും ഉണ്ടായിരിക്കുന്നതാണ്.

ജനു. 2 തിങ്കൾ, 7.30–ന് പ്രഭാത നമസ്ക്കാരവും, 8.30–ന് അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന. 11.00–ന് പ. ഗീവർഗീസ് ദ്വിതീയൻ അനുസ്മരണ സമ്മേളനം. അഖില മലങ്കര പ്രസംഗ മത്സരത്തിൽ വിജയികളാകുന്നവർക്കുള്ള ക്യാഷ് അവാർഡ് എന്നിവയും സമ്മേളനത്തിൽ വിതരണം ചെയ്യും. തുടർന്ന് ശ്രാദ്ധസദ്യയും 2.00–ന് ദേവലോകം അരമനയിലെ പരിശുദ്ധന്റെ കബറിങ്കലേക്ക് തീർത്ഥയാത്ര.

പരിശുദ്ധ വലിയ ബാവായുടെ മാതൃദേവാലയമായ കുറിച്ചി വലിയ പള്ളി പൗരാണികതയിലും പ്രകൃതിരമണീയതയിലും ഏറെ മുന്നിലാണ്. ബാവായുടെ നാമത്തിലുള്ള സ്മൃതിമണ്ഡപവും, മ്യൂസിയവും ഇന്ന് സഭാമക്കളെ ഏറെ ആകർഷിക്കുന്നു. ആദ്യവെള്ളിയാഴ്ചകളിൽ നടക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയിലും നേർച്ച സദ്യയിലും അനേക ഭക്തർ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നു. സൺഡേസ്ക്കൂൾ, ഒ.വി.ബി.എസ്. കുട്ടികളെ നന്നായി ആകർഷിക്കുന്ന ഒരിടം കൂടിയാണ് ഇന്ന് കുറിച്ചി വലിയ പള്ളി. പള്ളി മേടയിൽ പ്രദർശിപ്പിച്ചിരിക്കുന്ന സംഗീത മണികൾ മുഴക്കുന്നതിനും, പള്ളിവക മീൻ കുളത്തിൽ ചൂണ്ടയിടുന്നതിനും, നെൽപാടങ്ങളുടെ ഓരത്ത് പട്ടം പറപ്പിക്കുന്നതിനും സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. എം.സി. റോഡിലൂടെ യാത്ര ചെയ്യുന്ന സഭാ മക്കൾക്ക് കുറിച്ചി വലിയ പള്ളി ഒരു വിശ്രമത്തിനും ധ്യാനത്തിനുമുള്ള സ്ഥലമായും കരുതാവുന്നാണ്. പരിശുദ്ധ പിതാവിന്റെ ആത്മീയ സാന്നിദ്ധ്യം അനുഭവിക്കുവൻ ഏവരേയും ക്ഷണിക്കുന്നു.

വിശുദ്ധിയുടെ പരിമളം ലോകമെങ്ങും പരിലസിക്കുന്ന ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം. എല്ലാ വിശ്വാസികളും ഓർമ്മപ്പെരുന്നാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണം.

ഫാ. വി.എം. ഏബ്രഹാം വാഴയ്ക്കൽ (വികാരി) **Ph: 9446384402**

9947124980 or kurichybava@yahoo.com

വേദവിചാരം

ഫാ. ഡോ. റെജി ഗീവർഗ്ഗീസ്, മുട്ടം



2016 *ഡിസംബർ 18*

ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായർ

വി: മത്തായി. 1:1 – 18

ക്രിസ്തു എന്നു പേരുള്ള യേശുവിന്റെ വംശപാരമ്പര്യം വെളിപ്പെടുത്തുകയാണ് സുവിശേഷകൻ. യഹൂദ പശ്ചാത്തലമുള്ള ഒരു സമൂഹത്തിനുവേണ്ടി രചിച്ചതുകൊണ്ടാകാം അബ്രഹാമിൽ നിന്നു തുടങ്ങി യേശുവരെ എത്തുന്ന തലമുറകളുടെ പട്ടിക നിരത്തിയിരിക്കുന്നത്. യേശുവിന്റെ ജനനം വ്യത്യസ്തമായ ഒന്നാകയാൽ അവന്റെ ചരിത്രത്തിന് വംശപാരമ്പര്യം പിൻബലമേകുന്നത്. പതിനാല് സംഖ്യകളുള്ള മൂന്ന് ഘട്ടമായി തരം തിരിച്ചിരിക്കുന്ന വംശാവലി ക്രിസ്തുവിനെ ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കുന്നതിന് അനിവാര്യമാണ്.

1. രക്ഷാചരിത്രത്തിലെ വിലപ്പെട്ട ഏടുകൾ

യേശുവിന്റെ വംശാവലി രക്ഷാചരിത്രത്തിലെ വിലപ്പെട്ട ചരിത്രരേഖയാണ്. ക്രിസ്തുവിന്റെ ജീവചരിത്രാംശങ്ങൾ സുവിശേഷത്തിന്റെ ഭാഗമാക്കിയിരിക്കുന്നതു തന്നെ മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ചരിത്രനിയോഗം എപ്രകാരമായിരുന്നു എന്ന് സാക്ഷിക്കുവാനാണ്. മനുഷ്യാവതാരത്തെ മാനവചരിത്രവുമായും മനുഷ്യജീവിതങ്ങളുമായും ബന്ധിപ്പിച്ച് മാത്രമേ മനസ്സിലാക്കാവൂ എന്ന തിരിച്ചറിവാണ് വംശാവലിക്കു പിന്നിലുള്ളത്. ഏതെങ്കിലും കെട്ടുകഥകളോ, ഐതിഹ്യങ്ങളോ ചമച്ചുവിട്ട ഐതിഹ്യ പുരുഷനല്ല ക്രിസ്തു. മറിച്ച്, തിരഞ്ഞെടുക്കപ്പെട്ട മനുഷ്യരിലൂടെ പൂർത്തീകരിച്ചുകൊണ്ടിരുന്ന ചരിത്രത്തിന്റെ പൂർത്തീകരണമാണ് യേശുക്രിസ്തു. പുനരുത്ഥാനത്തിനുശേഷം രൂപംകൊണ്ട സഭ എന്ന വിശ്വാസ സമൂഹത്തിന്റെ അടിസ്ഥാനം വിശ്വാസത്തിലുരിത്തിരിഞ്ഞ യേശു (Jesus of faith), മാത്രമല്ല, അവൻ ചരിത്രത്തിലവതരിച്ച യേശു (Jesus of history) കൂടിയാണ്. ആദിമ സഭയുടെ ദൃഢവിശ്വാസം (2 പത്രോസ് 1:16–21; 1 യോഹന്നാൻ 1:1–2) മാനവ ചരിത്രത്തെ പാവനമാക്കിയ ചരിത്ര നിയോഗത്തിൽ നിന്നുടലെടുത്തതാണ്. ആ ചരിത്ര സത്യം വരുംതലമുറയ്ക്കും മാർഗ്ഗദീപമാകണമെന്ന മനനവിചാരമാണ് വംശാവലിയിലൂടെ അനാവൃതമാകുന്നത്.

മനുഷ്യാവതാരത്തിന്റെ ചരിത്രതലത്തെ വ്യക്തമാക്കുന്നതിന് വംശാവലി സഹായിക്കുന്നതുപോലെതന്നെ അതിന്റെ ചരിത്രാതീത തലവും അത് വെളിപ്പെടുത്തുന്നു. 'വംശാവലി' എന്നു വിളിക്കുന്ന സുവിശേഷത്തിന്റെ ആരംഭം (1:1), മൂലഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 'തലമുറകളുടെ പുസ്തകം' എന്നാണ് (ബിബ്ലോസ് ജെനസിയുസ്) തലമുറകളുടെ വിവരണമാണതിലുള്ളത്. ചരിത്രത്തിൽ ജീവിച്ചിരുന്ന മനുഷ്യരുടെ ജീവിതത്തിലൂടെ പ്രവർത്തിച്ച് ക്രിസ്തുവിന്റെ ജനനത്തോളമെത്തുന്ന രക്ഷാചരിത്രമാണ് അവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഈ വിവരണത്തിൽ യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും ശക്തനായ രാജാവായ ദാവീദിന് പ്രമുഖമായ സ്ഥാനമുണ്ട്. സുവിശേഷകൻ തലമുറകളെ തരംതിരിക്കുന്നത് പതിനാല് തലമുറകൾ വീതമുള്ള മൂന്ന് ഗണങ്ങളായിട്ടാണ്. ഇത് തിരഞ്ഞെടുത്ത വ്യക്തികളുടെ ചരിത്രം മാത്രമാണ്. ദാവീദ് എന്ന എബ്രായ പേരിന്റെ അക്ഷരങ്ങളുടെ സംഖ്യകൾ (ദ=4, വ=6; 4+6+4=14) ഒത്തുചേരുമ്പോൾ കിട്ടുന്നതും പതിനാലു തന്നെയാണ്. സുവിശേഷം ആരംഭിക്കുന്നതുതന്നെ, "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ" എന്നാണ്.

അബ്രഹാം രക്ഷാചരിത്രത്തിൽ ഇടംനേടിയത് ചരിത്രപുരുഷനായതുകൊണ്ട് മാത്രമല്ല, വിശ്വാസത്തിന്റെ അർത്ഥം നിർവ്വചിച്ചുതന്ന പിതാവായതുകൊണ്ടുകൂടിയാണ്. അബ്രഹാമിന്റെ ജീവിതം ചരിത്രത്തിൽ മാത്രമുള്ളതല്ല, അത് ചരിത്രാതീതവുമാണ്. കാണുന്നത് താൽക്കാലികവും കാണാത്തത് അനശ്വരവുമെന്ന് (2 കൊരിന്ത്യർ 4:17) തിരിച്ചറിഞ്ഞ വ്യക്തിയായിരുന്നു അബ്രഹാം. അവൻ ചരിത്രത്തിൽ ഇടപെടുന്നവനെങ്കിലും ചരിത്രാതീതനായ (ദ്രേമിലൊേ്യമഹ മിറ ദ്രേമിെമ ശേമഹ) ദൈവത്തിൽ വിശ്വാസമർപ്പിച്ചു. അബ്രഹാം വിശ്വാസികളായ നമ്മുടെയും പിതാവുമാണ്. ദൈവത്തെ ചരിത്രത്തിനുള്ളിൽ മാത്രം തളച്ചിടുവാൻ കഴിയില്ല. ചരിത്രത്തിന് പ്രാധാന്യം നൽകുമ്പോൾ പോലും ചരിത്രാതീതമായ തലത്തെക്കുറിച്ച് ഉത്തമമായ ബോധ്യമുള്ളവനായിരിക്കണം വിശ്വാസി. ലോകത്തിന്റെ നാനാഭാഗങ്ങളിൽ തലയുയർത്തി നിൽക്കുന്ന ചരിത്രസ്മാരകങ്ങളോ, അംബരചുംബികളായ തിളക്കമേറിയ ദേവാലയങ്ങളോ അല്ല ക്രിസ്തുവിലേക്ക് നമ്മെ നയിക്കേണ്ടത്. അതിന്റെ അടിസ്ഥാനം വിശ്വാസമായിരിക്കണം. ചരിത്രത്തിന്റെ ഇപ്രകാരമുള്ള 'ചരിത്രമില്ലായ്മ'–ക്രിസ്തുവിന്റെ വംശാവലിയിൽ വ്യക്തമാക്കുന്നുണ്ട്. മത്തായി 1:16, "മത്ഥാൻ യാക്കോബിനെ ജനിപ്പിച്ചു. യാക്കോബ് മറിയയുടെ ഭർത്താവായ യോസഫിനെ ജനിപ്പിച്ചു. അവളിൽ നിന്നു ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു". ഇവിടെ ചരിത്രത്തിന്റെ ഒഴുക്ക് വഴിമാറുന്നു. മറിയാമിൽ നിന്ന് യേശു ജനിച്ചു എന്ന പ്രസ്താവനയിലൂടെ ചരിത്രാതീതനായ ദൈവത്തിന്റെ ചരിത്ര പ്രവേശനം വ്യക്തമാക്കുമ്പോൾ യേശുവിന്റെ പിതൃവംശാവലി (paternal pedigree) അപൂർണ്ണമാകുന്നു. എന്നാൽ ഇതിന്റെ പൂർണ്ണതയ്ക്ക് നാം ചരിത്രാതീതമായ തലത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു.

അവിടെ ചരിത്രമല്ല നിത്യതയാണ് ഉള്ളത്. വിശ്വാസികളെ 'കാണിപ്പാനിരിക്കുന്ന ദേശത്തേക്ക്' നയിക്കുന്നത് പരിമിതിക്കുള്ളിലേക്കു വരാത്ത ഈ തലമാണ്. നമ്മുടെ ജീവിതം സഫലമാകുന്നത് ഈ ചരിത്രാതീത തലത്തിലേക്ക് നാം എത്തിച്ചേരുമ്പോഴാണ്. പിന്നെ ഞാനില്ല "ഒശലീ്യൈ" മാത്രമേയുള്ളൂ. ചരിത്രത്തിന്റെ ദിമാനതലങ്ങളുടെ കർത്താവാണ് പിന്നെ എല്ലാം നിയന്ത്രിക്കുന്നത്.

2017 ജനുവരി 1

യൽദോയ്ക്ക് ശേഷമുള്ള ഞായർ

വി: ലൂക്കോ. 2 : 40 – 52

ദൈവകൃപയിൽ വളർന്നുവന്ന യേശു ജ്ഞാനത്തിലും ആത്മാവിലും നിറഞ്ഞ് ബലപ്പെട്ടു. പന്ത്രണ്ട് വയസ്സായ യേശു മാതാപിതാക്കളോടൊപ്പം യെരുശലേം ദൈവാലയത്തിൽ പെസ്സഹാ പെരുന്നാളിനുപോയി. മടക്കയാത്രയിൽ യേശു അവരോടൊപ്പമില്ലെന്ന് മനസ്സിലാക്കി അവന്റെ മാതാപിതാക്കൾ തിരികെ യെരുശലേമിലെത്തി. മൂന്നാം ദിവസം അവനെ ദൈവാലയത്തിൽ കണ്ടെത്തി. തന്റെ പിതാവിന്റെ ആലയത്തിൽ താൻ ഇരിക്കണമെന്ന യേശുവിന്റെ മറുപടി മാതാപിതാക്കൾക്കു മനസ്സിലായില്ല. എങ്കിലും യേശു അവരോടൊപ്പം നസറെത്തിലെത്തി അവർക്ക് കീഴടങ്ങിപ്പാർത്തു.

1. സമഗ്രവളർച്ച നേടുന്ന യേശു

സകലവും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ പുത്രൻ മനുഷ്യാവതാരമെടുത്ത് മാതാപിതാക്കളുടെ സ്നേഹലാളനയിൽ വളർന്നുവന്നു എന്നത് ഒരു വൈരുദ്ധ്യമായി തോന്നാം. എന്നാൽ മനുഷ്യനായി അവതരിച്ച ദൈവം മനുഷ്യവർഗ്ഗത്തോട് താതാത്മ്യം പ്രാപിച്ചവനാണ്. മനുഷ്യാവതാരത്തിന്റെ അനിവാര്യതയായ വളർച്ച ശാരീരികവും വിജ്ഞാനപരവും കൃപാപരവുമായിരുന്നു. പന്ത്രണ്ടു വയസ്സായശേഷമാണ് യേശു മാതാപിതാക്കളോടൊപ്പം യെരുശലേം ദൈവാലയത്തിലെത്തുന്നത്. അതുവരെയും നസറെത്തിലെ ഭവനത്തിലായിരുന്നു അവൻ വളർന്നത്. പന്ത്രണ്ടാം വയസ്സിൽ ഒരു യഹൂദ ബാലൻ ഒരു പുരുഷനെന്ന നിലയിലേക്ക് ഉയരും. ശാരീരികമായ വളർച്ചയാണ് ഇതിൽ നിന്ന് നാം മനസ്സിലാക്കുന്നത് (2:42). ബാല്യത്തിൽ നിന്നുള്ള അവന്റെ വളർച്ചയെക്കുറിച്ച് സുവിശേഷകൻ പ്രത്യേകം എടുത്തു പറയുന്നുണ്ട് (2:40). മൂന്നു തരത്തിലുള്ള വളർച്ചയാണ് പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നത്. ഒന്ന്, വിജ്ഞാനപരം (ശിലേഹഹലരഭൗമഹ ഴൃീംവേ). രണ്ട്, ആത്മീയ വളർച്ച (ുെശൃശൗേമഹ ഴൃീംവേ), മൂന്ന്, കൃപാപരമായ വളർച്ച (ഴൃമരലളൗഹ ഴൃീംവേ). ഒരു വ്യക്തിയുടെ വളർച്ചയിലെ നിർണ്ണായകമായ കാലഘട്ടമാണ് ശൈശവം. ഈ ഘട്ടത്തിൽ വിജ്ഞാനപരമായ വളർച്ചയും ശാരീരികമായ വളർച്ചയുമാണ് പലരും തങ്ങളുടെ മക്കൾക്കു നല്കുവാൻ ശ്രദ്ധിക്കുന്നത്. എന്നാൽ അത് വളർച്ചയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. ശരീരവളർച്ചയും (ുവ്യശെരമഹ ഴൃീംവേ) വൈജ്ഞാനികമായ വളർച്ചയും മാത്രമല്ലായിരുന്നു യേശുവിന് ഉണ്ടായിരുന്നത് (2:52). ഈ ഘടകങ്ങളെ പരിപുഷ്ടിപ്പെടുത്തുന്നതും വ്യക്തിത്വത്തിന്റെ പൂർണ്ണത പ്രാപിക്കുന്നതിനുള്ള ആത്മീയ വളർച്ചയും ദൈവീക പരിപാലനവും അവന് ലഭിച്ചിരുന്നു. ആത്മാവിനാൽ ജനിച്ച് ദൈവപുത്രനായ യേശുവും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നുവന്നുകൊണ്ടിരുന്നു (2:52). കൃപാവരങ്ങൾ പ്രാപിക്കുന്നതിനും അതുവഴി ദൈവപദ്ധതിയുടെ ഭാഗമായിത്തീർന്ന യേശുവിന്റെ മാതാപിതാക്കൾ മകന്റെ സമഗ്ര വളർച്ചയിൽ പങ്കാളികളായി. നിന്റെ ഹൃദയത്തിൽകൂടിയും ഒരു വാൾ കടക്കുമെന്ന ശിമ്യോന്റെ പ്രവചനവും ഹൃദയത്തിൽ വഹിക്കുന്ന മറിയാമിന്റെ മാതൃത്വം യേശുവിന് അനുഗ്രഹപൂർണ്ണമായ വളർച്ച പ്രദാനം ചെയ്തു. അരുളപ്പാടനുസരിച്ച് മറിയാമിനെ ഭാര്യയായി സ്വീകരിച്ച യോസഫ് മകന്റെ വളർച്ചയിൽ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ മാതാപിതാക്കളിൽ നിന്ന് ഒറ്റപ്പെട്ട യേശു ദൈവാലയത്തിൽ ആയിരുന്നു (2:46). പിതാവിന്റെ ഭവനത്തിലായിരിക്കേണ്ടവൻ (2:49), വീണ്ടും നസറെത്തിലെത്തി മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നു (2:51). ദൈവാലയത്തിൽ വേദപണ്ഡിതരോട് പഠിച്ചും സംവദിച്ചുമിരുന്നവൻ താഴേക്കിറങ്ങി അവർക്ക് വിധേയപ്പെട്ടിരുന്നു. സമഗ്രമായ വ്യക്തിത്വ വളർച്ചയുടെ ഉദാത്തമായ മാതൃകയാണ് യേശുവിൽ നാം കാണുന്നത്. സമകാലിക സമൂഹത്തിൽ മക്കൾക്കു നൽകേണ്ട സമഗ്ര വളർച്ചയുടെ മാതൃക യേശുവിൽ നാം കണ്ടെത്തുന്നു.

2017 ജനുവരി 8

ദനഹായ്ക്കു ശേഷം ഒന്നാം ഞായർ

വി: മത്തായി 4 : 12 – 22

യേശുവിന്റെ മുന്നോടിയായ സ്നാപക യോഹന്നാൻ തടവിലായത് യേശുവിന്റെ പരസ്യ ശുശ്രൂഷയ്ക്ക് വേദി ഒരുങ്ങി. സെബൂലൂൻ, നഫ്താലി പ്രദേശങ്ങളും ഗലീലിയും തന്റെ പ്രവർത്തന മണ്ഡലമായി തിരഞ്ഞെടുക്കുന്ന യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ച് സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പ്രസംഗിച്ചു. സ്വർഗ്ഗരാജ്യ പ്രവേശനത്തിന് മാനസാന്തരം ആവശ്യമാണെന്ന് പ്രബോധിപ്പിച്ചും, പത്രോസ് സഹോദരനായ അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ ശിഷ്യൻമാരായി തിരഞ്ഞെടുക്കുന്നു. അവർ അവനെ അനുഗമിച്ചു.

3. പരിത്യജിച്ചു പിൻഗമിക്കേണ്ട ശിഷ്യത്വം.

യേശു സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പ്രസംഗിച്ചു തുടങ്ങിയിട്ടേയുള്ളൂ (4:17). സ്വർഗ്ഗരാജ്യത്തിെ സന്ദേശം എല്ലായിടത്തുമെത്തിക്കുവാൻ അവന് ആളുകളെ ആവശ്യമാണ്. അവൻ ഗലീലക്കടൽ തീരത്തുകൂടി നടക്കുമ്പോൾ രണ്ട് വ്യക്തികളെ കണ്ടുമുട്ടി, പത്രോസും സഹോദരൻ അന്ത്രയോസും. അവർ മത്സ്യം പിടിക്കുന്നവരായിരുന്നു. യേശു അവരുടെ സമീപത്തെത്തിയപ്പോൾ അവർ വല വീശുകയമായിരുന്നു. ഇത് മത്സ്യബന്ധനത്തിന്റെ ഒരു രീതിയായിരുന്നു. മനുഷ്യരെ പിടിക്കുന്നവരെ തേടി നടന്ന യേശു അവരോട്, "എന്റെ പിന്നാലെ വരുവീൻ" എന്ന് ആഹ്വാനം ചെയ്തു. ഉടനെ അവർ വല വിട്ടേച്ച് അവനെ അനുഗമിച്ചു. സഹോദരന്മാരായ യാക്കോബിനെയും, യോഹന്നാനെയും വല നന്നാക്കുന്നവരായി കണ്ടിട്ട് അവരെയും അവൻ വിളിച്ചു. അവരും പടകിനെയും, അപ്പനെയും വിട്ട് അവനെ അനുഗമിച്ചു (4:22).

മനുഷ്യരെ പിടിക്കുന്നവരെ അന്വേഷിച്ചു നടന്ന

യേശു മത്സ്യം പിടിക്കുന്നവരെ വിളിച്ചതിന്റെ സാംഗത്യം വളരെ കൗതുകമുണർത്തുന്നതാണ്. എന്നാൽ മനുഷ്യരെ പിടിക്കുന്നതിലും മീൻ പിടിക്കുന്നതിലും പല സാധർമ്മ്യങ്ങളും നമുക്ക് കാണാം. നല്ല കായിക അദ്ധ്വാനികളായിരിക്കണമവർ. മത്സ്യബന്ധന സമയത്തുതന്നെയാണ് ആദ്യ ശിഷ്യൻമാരെ കർത്താവ് വിളിച്ചത്. കർത്താവിന് മൽസ്യമല്ല ആവശ്യം. മൽസ്യം പിടിക്കുന്നവരെയാണ്. വളരെ ക്ഷമയും, സഹിഷ്ണുതയും, ഊഴം കാത്ത് നിൽക്കുവാനുള്ള സൻമനസ്സും, പ്രത്യാശ നിറഞ്ഞവരും, ധൈര്യശാലികളും, ഒന്നിച്ച് പ്രവർത്തിക്കുവാൻ തൽപരരുമായിരിക്കണം മുക്കുവൻമാർ. പത്രോസും, അന്ത്രയോസും ഈ ഗണത്തിൽ പെട്ടവരായിരുന്നു. യാക്കോബും, യോഹന്നാനും മൽസ്യബന്ധനത്തിനുശേഷവും മൽസ്യബന്ധനത്തിനുള്ള മുൻ ഒരുക്കുങ്ങളിൽ വ്യാപൃതരായിരുന്നു. വലയുടെ കേടുപാടുകൾ തീർത്ത് ഊഴം കാത്തിരിക്കുന്നവർ സമർപ്പിതരും വീണ്ടുവിചാരമുള്ളവരുമായിരുന്നു. ആ പ്രത്യേകതകൾ മനുഷ്യരെ പിടിക്കുന്നതിനും ഏറ്റം ആവശ്യമാണ്.

യേശുവിന്റെ ആഹ്വാനം അവർ സ്വീകരിച്ചപ്പോൾ സർവ്വവും ഉപേക്ഷിച്ചിട്ട് അവർ അവനെ പിൻതുടർന്നു. കടലും, പടകും, വലയും, പിതാവും ഒന്നുമവർക്ക് അപ്പോൾ വിലയുള്ളതായി തോന്നിയില്ല. ശീമോൻ പത്രോസിനും സഹോദരൻ അന്ത്രയോസിനും എന്താണ് ഉപേക്ഷിക്കുവാനുള്ളത് എന്ന് ചിലപ്പോൾ ചോദിച്ചേക്കാം. വലിയ മാർ ഗ്രീഗോറിയോസ് പറയുന്നു, "അവരുടെ സമ്പത്തല്ല മറിച്ച് ഒരുവന്റെ ഉദ്ദേശ്യമാണ് ഉപേക്ഷിക്കുന്നത്." മൽസ്യബന്ധനമെന്ന അവരുടെ ഉദ്ദേശ്യത്തിന്റെ അനുബന്ധ കാര്യങ്ങളാണ് പടകും, വലയും, കടലുമെല്ലാം. എന്നാൽ ജീവിത ലക്ഷ്യം മറ്റൊന്നായി തോന്നിയപ്പോൾ അവ ഉപേക്ഷിക്കുവാനും യേശുവിനെ നിരന്തരം അനുഗമിക്കുവാനും അവർ തയ്യാറായി. ശിഷ്യത്വം എന്നാൽ അനുഗമനം എന്നർത്ഥം. ശിഷ്യത്വത്തിന്റെ ഉന്നത തലങ്ങളിലേക്കുള്ള ഓരോ ചുവടുവയ്പ്പും അതുവരെ നേടുന്നത് ഉപേക്ഷിക്കലാണ്. സോക്രട്ടീസിന്റെ ശിഷ്യനായ സെനോഫോൻ ആദ്യമായി അദ്ദേഹത്തെ കണ്ടുമുട്ടിയ സംഭവം ഗ്രീക്കുകാരുടെ ഇടയിൽ ഒരു സംസാരവിഷയമാണ്. സോക്രട്ടീസ് അദ്ദേഹത്തെ ഒരു ഇടുങ്ങിയ പാതയിൽ വെച്ചാണ് ആദ്യം കണ്ടുമുട്ടുന്നത്. തന്റെ കൈയ്യിലുള്ള വടി കൊണ്ട് അദ്ദേഹം സെനോഫോനിനെ തടഞ്ഞുനിർത്തി. പലതും വാങ്ങുന്നതിനെക്കുറിച്ച് ആദ്യം സോക്രട്ടീസ് ചോദിച്ചു. പിന്നെ അവ എവിടെ കിട്ടുമെന്ന് തിരക്കി. സേനോഫോൻ അതിനെല്ലാം മറുപടി നൽകി. ഉടൻ സോക്രട്ടീസ് ചോദിച്ചു, "മനുഷ്യരെ നല്ലവരും സൽഗുണസമ്പന്നരുമാക്കുന്ന ഇടം താങ്കൾക്ക് അറിയാമോ." അദ്ദേഹം മറുപടി പറഞ്ഞു, "അറിയില്ല." "എങ്കിൽ എന്റെ പിന്നാലെ വന്ന് പഠിക്കുക" സോക്രട്ടീസ് മറുപടി നൽകി. ശിഷ്യൻ പരിത്യജിക്കുന്നതിനനുസരിച്ചാണ് ജീവിതപാഠങ്ങൾ പഠിക്കുന്നത്.

മൂന്നാം ചരമ വർഷികം, 11-12-2016

ചക്കാലയിൽ
ഷിജോ നിവാസ്
കോട്ടൂർ-കവിയൂർ

സന്തപ്ത കുടുംബാംഗങ്ങൾ

മറിയാമ്മ ജോസഫ്

2017 ജനുവരി 15
ദനഹായ്ക്കു ശേഷം രണ്ടാം ഞായർ
വി: മത്തായി 1 : 43 - 51

യേശുവിനെക്കുറിച്ച് യോഹന്നാൻ സാക്ഷ്യം നൽകുന്നതോടുകൂടി യേശുവിന് ശിഷ്യന്മാരായിത്തുടങ്ങി. അന്ത്രയോസിനും പത്രോസിനും ശേഷം ഫിലിപ്പോസും അവനിലൂടെ നഥനയേലും യേശുവിന്റെ ശിഷ്യന്മാരാകുന്നു. നഥനയേലിനെ ആദ്യംതന്നെ അറിയാമെന്ന യേശുവിന്റെ വെളിപ്പെടുത്തൽ അവന്റെ തിരിച്ചറിവിന്റെ പ്രഖ്യാപനത്തിനു കാരണമായി. യേശു ദൈവപുത്രനാണെന്നും ഇസ്രായേലിന്റെ രാജാവാകുന്നുമെന്നായിരുന്നു അത്. അതിലും വലിയ വെളിപ്പെടുത്തലുകൾക്ക് സാക്ഷികളാകുവാനാണ് ശിഷ്യത്വത്തിലേക്കുള്ള വിളി എന്ന് യേശു വെളിപ്പെടുത്തി.

ശിഷ്യത്വത്തിന്റെ ഉത്തുംഗശൃംഗം

യേശുവിന്റെ ശിഷ്യനാകുക എന്നത് ഒരു മഹത്തായ പദവിയാണ്. തന്നെ അനുഗമിച്ചും, തന്റെകൂടെ വസിച്ചും, തിരുവെഴുത്തുകളുടെ അകപ്പൊരുളറിഞ്ഞും ശിഷ്യരായവർക്ക് ആഴമേറിയ അനുഭവങ്ങളാണ് ഗുരു ഒരുക്കുന്നത്. ക്രിസ്തു അരുളിച്ചെയ്തു "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും" (1:51). ഗുരുസന്നിധിയിലുള്ള ആത്മസമർപ്പണത്തിന്റെ അനന്തരഫലമാണിത്. ശിഷ്യത്വം ദൈവത്തോടുകൂടി വസിക്കുന്ന അനുഭവമാണ്. ക്രിസ്തുവുമായുള്ള ബന്ധത്തിൽ ശിഷ്യന്മാർ പടവുകൾ കയറുന്ന ചിത്രമാണ് യോഹന്നാൻ നൽകുന്നത്. യേശുവിൽനിന്ന് തുടങ്ങുന്ന അനുഗമിക്കുക എന്ന ആഹ്വാനം അനേക തിരിച്ചറിവുകളിലേക്ക് അവരെ നയിച്ചു. ഇടയന്റെ സ്വരംകേട്ട് ആടുകൾ അവനെ അനുഗമിക്കുംപോലെ (10:27), ശിഷ്യന്മാർ യേശുവിന്റെ കാലടികൾ പിൻതുടർന്നു. ക്രിസ്തുവിനെ ഗുരുവായും(1:38) മശിഹായായും (1:41) വാഗ്ദാനപൂർത്തീകരണമായും (1:45) തിരിച്ചറിഞ്ഞ ശിഷ്യന്മാർ അവനെ ദൈവപുത്രനായും യിസ്രായേലിന്റെ രാജാവായും അംഗീകരിച്ചു (1:49). എന്നാൽ ഗുരു ശിഷ്യന്മാർക്കു നൽകുന്ന ഉദാത്തമായ വാഗ്ദാനം ദിവ്യാനുഭൂതിയുടെ ഉത്തുംഗശൃംഗം തന്നെയാണ്. മനുഷ്യപുത്രനായ തന്നിലൂടെ സ്വർഗ്ഗത്തിലേക്ക് ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ച. ക്രിസ്തുവാണ് സ്വർഗ്ഗത്തേയും ഭൂമിയെയും ബന്ധിപ്പിക്കുന്ന ഗോവണി. സ്വർഗ്ഗവും-ഭൂമിയും, ദൈവവും-മനുഷ്യനും, താൽക്കാലികവും-നിത്യവുമായതിനെ ബന്ധിപ്പിക്കുന്നത് മനുഷ്യപുത്രനാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ലഭിക്കുന്ന സ്വർഗ്ഗീയാനുഭൂതി അവനെ അനുഗമിക്കുന്ന വിശ്വാസികൾക്കും അവൻ വാഗ്ദാനം നൽകിയിട്ടുണ്ട്. ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കുമെന്ന ക്രിസ്തുവിന്റെ പ്രഖ്യാപനം അവന്റെ ശിഷ്യഗണങ്ങൾക്കും വിശ്വാസികൾക്കും ആശ്വാസം പകരുന്നതാണ്. "ഇതിനെക്കാൾ വലിയതു കാണുമെന്ന" ക്രിസ്തുവിന്റെ വെളിപ്പെടുത്തൽ ശിഷ്യന്മാരെപ്പോലെ നമുക്കും പ്രത്യാശ നൽകുന്നതാണ്. ■



സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം



ഒരിക്കൽ ഇരുട്ട് ഭഗവാന്റെ അടുത്ത് ചെന്ന് പ്രാർത്ഥിച്ചു. "ഈ സൂര്യൻ എന്റെ പിറകിൽ കൂടിയിരിക്കുകയാണ്. ഞാൻ വളരെയധികം തളർന്നു കഴിഞ്ഞു. പ്രഭാതമാകുമ്പോഴേക്കും എന്നെ വരിഞ്ഞ് മുറുക്കുന്നു. സന്ധ്യയായിക്കഴിഞ്ഞാൽ വളരെ പ്രയാസത്തോടെയാണ് വിടുന്നത്." ഞാൻ എന്ത് തെറ്റ് ചെയ്തു. ഈ ശത്രുത എന്ത് കൊണ്ടാണ്? എന്നെ ബുദ്ധിമുട്ടിക്കുവാൻ വേണ്ടി രാത്രിയും പകലും വലയം സൃഷ്ടിക്കുന്നു. പകൽ ക്ഷീണം മാറ്റാൻ രാത്രിയിലെ എന്റെ വിശ്രമം മാറുന്നതിന് മുമ്പേ തന്നെ സൂര്യൻ വീണ്ടും പ്രത്യക്ഷപ്പെടുന്നു. രക്ഷപെടാൻ മാർഗ്ഗമില്ല. വീണ്ടും ഓടുക തന്നെ. അനന്തകാലമായി ഇതാണ് സംഭവിക്കുന്നത്. എന്റെ ധൈര്യം ഇല്ലാതാകുന്നു. ഞാൻ അപേക്ഷിക്കുകയാണ്. ഈ സൂര്യനെ ഒന്നു പറഞ്ഞ് മനസ്സിലാക്കൂ.

ഭഗവാൻ സൂര്യനെ വിളിച്ച് പറഞ്ഞു. "നീ എന്തിനാണ് ഇരുട്ടിനെ ശല്ല്യപ്പെടുത്തുന്നത്? നിനക്ക് എന്ത് നഷ്ടമാണ് ഇരുട്ട് മൂലം സംഭവിച്ചത്. എന്തെങ്കിലും ശത്രുതയുണ്ടോ? അതോ ഏതെങ്കിലും തെറ്റ്?"

സൂര്യൻ പറഞ്ഞു "ഇരുട്ടോ! ഞാൻ ലോകമൊട്ടാകെ ഭ്രമണം ചെയ്യാൻ തുടങ്ങിയിട്ട് അനന്തകാലങ്ങളായി. പക്ഷെ ഇതുവരെ ഇരുട്ടിനെ കണ്ടിട്ടില്ല. ഇരുട്ടിനെ ഞാൻ അറിയുക പോലുമില്ല. എവിടെയാണ് ഇരുട്ട്? എന്റെ മുന്നിലേക്ക് വിളിക്കൂ. ഞാൻ ക്ഷമ ചോദിക്കാം അന്യായമായി പെരുമാറാതിരിക്കുവാനും, മറക്കാതിരിക്കാനും വേണ്ടി എനിക്കവരെ നേരിൽ കാണുകയും ചെയ്യാമല്ലോ. ഈ സംഭവം നടന്നിട്ട് യുഗങ്ങളായിട്ടും ഈ പ്രശ്നത്തിന് പരിഹാരമില്ലാതെ അത് ഇന്നും അങ്ങനെ തന്നെ തുടരുകയാണ്. ആ സമാഗമം സാധ്യമാകാതെയിരിക്കുകയാണ്.

ഇരുട്ടിനെ ഇത് വരെയും സൂര്യന് മുമ്പിൽ വിളിക്കാൻ സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല. സൂര്യന് മുമ്പിൽ എങ്ങനെയാണ് ഇരുട്ടിനെ വിളിക്കാൻ സാധിക്കുക? ഇരുട്ടിന് പൂർണ്ണതയില്ല. അസ്ഥിത്വവുമില്ല. സ്ഥിരമായ ഒരു അവസ്ഥയുമില്ല. പ്രകാശത്തിന്റെ അഭാവത്തിലാണ് ഇരുട്ടിന്റെ പ്രസക്തി തന്നെയുള്ളത്. പ്രകാശം ഇല്ലാത്ത ഒരു അവസ്ഥ മാത്രമാണതിനുള്ളത്. സൂര്യന്റെ മുമ്പിൽ സൂര്യന്റെ തന്നെ അഭാവത്തെ എങ്ങനെയാണ് ഹാജരാക്കാൻ കഴിയുക? അന്ധകാരത്തെ സൂര്യന് മുമ്പിൽ കൊണ്ട് വന്ന് അവതരിപ്പിക്കാൻ ആർക്കാണ് കഴിയുക?

ഒരു ചെറിയ ചിമ്മിനി വെളിച്ചത്തിന്റെ മുമ്പിൽ പോലും ഇരുട്ടിന് അൽപ്പം പോലും പ്രവേശനമില്ല. ചെറിയ വെളിച്ചത്തിൽ മുതൽ വലിയ വെളിച്ചങ്ങൾക്ക് മുമ്പിൽ വരെ ഇരുട്ടുകൾ തകർന്ന് വീഴുകയാണ് ചെയ്യുക. എവിടെയാണ് പ്രകാശമുള്ളത് അവിടെയെങ്ങനെയാണ് ഇരുട്ടിന് പ്രവേശിക്കാൻ കഴിയുന്നത്?

വെളിച്ചം ഇരുട്ട് തേടിനടക്കുന്നു. എന്തൊരു വിരോധാഭാസമാണത്? വെളിച്ചത്തിന് ഒരിക്കലും ഇരുട്ടിനെ കണ്ടെത്താനായില്ല. വെളിച്ചങ്ങൾ ഒരിക്കലും ഇരുട്ടിലകപ്പെടുകയില്ല. വെളിച്ചങ്ങൾക്ക് ഒരിക്കലും ഇരുട്ടാകാനും കഴിയില്ല. ഇരുട്ടിടങ്ങളെല്ലാം വെളിച്ചമുള്ളയിടങ്ങളാവാനാണ് വിളക്ക് എല്ലായ്പ്പോഴും തണ്ടിൽ മേൽത്തന്നെയായിരിക്കണമെന്ന് ഉപദേശിക്കുന്നത് ഇരുട്ടനുഭവങ്ങൾകൊണ്ട്, ജീവിതം കൊണ്ടു ജീവിത വെളിച്ചങ്ങളെ മൂടിക്കളയരുത് എന്ന് ഓർമ്മിപ്പിക്കുക കൂടെയാണ് അവിടെ തണ്ടിൻമേൽ ശോഭിക്കേണ്ടതെല്ലാം നിറഞ്ഞ ജീവിതത്തിന്റെ വർത്തമാനകാലമാണ് എന്ന് കൂടെയാണ്. കഴിഞ്ഞ കാലത്തിന്റെ ചവറ്റുകുട്ടയിൽ ചുരുങ്ങിക്കൂടി നിന്റെ ജീവിതവെളിച്ചങ്ങളെ അന്ധകാരപ്പെടുത്തരുത് എന്ന് കൂടെ ഓർമ്മിപ്പിക്കുകയാണ്.

മഞ്ഞുറഞ്ഞ് തണുത്ത് കനപ്പെട്ട ഒരു രാത്രിയിലാണ് നേരുള്ളവരുടെ വെളിച്ചമായിട്ടാണ് അവൻ പിറന്ന് വീണത്. എല്ലാ ഇരുട്ടുകളെയും ഭേദിക്കുന്ന വെളിച്ചവുമായി. അവൻ വെളിച്ചമല്ലാതെ മറ്റെന്താണ് നമുക്കായിട്ട് പകുത്ത് തന്നത്. അവൻ പകുത്ത് തന്നത് പോലെ ഈ ലോകത്തിൽ ആരാണ് നമ്മോട് ഇത്രയും കാരുണ്യം കാട്ടിയിട്ടുള്ളത്. നാം ഇരുളുകളോടൊപ്പം യാത്രയാകുമ്പോഴും അവൻ നമ്മെത്തേടി വെളിച്ചമായിട്ടാണ് വന്നിരിക്കുന്നത്.

വെളിച്ചം ഇരുട്ടിനെ തേടിയാത്രയായിട്ടും ഇരുളിലകപ്പെട്ട ചിലർ മാത്രമേ വെളിച്ചത്തെ കണ്ടെത്തിയുള്ളു എന്നതാണ് ചില രാത്രികൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. യാത്ര വഴിയിൽ അവസാനിപ്പിച്ചവരും, വെളിച്ചം മാറിപ്പോയവരും ഒക്കെ കാണും ഈ യാത്രയിൽ. യാത്രയ്ക്ക് സാവകാശം എടുത്തവരും ഒക്കെ കാണും ആ രാത്രികളിൽ.

> നമ്മുടെ കനപ്പെട്ട രാത്രികളിൽ ഒരു ചെറിയ റാന്തൽ പോലും നമ്മോടൊവ്വപ്പെടുക യാത്രയാവുക വെളിച്ചങ്ങളിലേക്ക്... വെളിച്ചങ്ങളുടെ ഉറവകളിലേക്ക്... അന്തിത്തിരി താഴ്ത്തുന്നതിന് മുമ്പ് അതിനോടൊപ്പം ചേർന്നെരിയുക... വീണ്ടും വീണ്ടും പകർന്നെരിയുക... ഇരുട്ടറിയാത്ത ഒരു സൂര്യൻ പോലെ.

E-mail: fr.thirumangalam@gmail.com

8TH DEATH ANNIVERSARY
17-11-2016

4TH DEATH ANNIVERSARY
14-12-2016



K. J. KURIAN (SYRIAC)

PENNAMMA KURIAN

Kuruppancheril (Palathinkal)
Chozhiyacadu, Channanicadu p.o.
Kottayam

By Sorrowing family

6th Death Anniversary

In Everloving Memory of

ABRAHAM T. T.

WANOWRIE, PUNE

DOB: 25 May 1960 DOD-31 Dec 2010

"I have fought the good fight
I have finished the race
and kept the faith" (2 Tim. 4,7)

Jancy Abraham
Kochurani Abraham
Jeevan Abraham
Benny Jose

സ്വത്തും വസ്തു സംരക്ഷണവും

■ എ. കെ. ജോസഫ്

(സഭാ മാനേജിംഗ് കമ്മറ്റി അംഗം)

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ തിരുമേനി 125 വർഷങ്ങൾക്ക് മുമ്പ് മലങ്കര സഭക്ക് നേടിയ സ്വത്താണ് ഇന്ന് കോടികൾ വിലമതിക്കുന്നതും കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നതുമായ എം.ഡി. സെമിനാരി പുരയിടം. ഇവിടെ ഹയർ സെക്കണ്ടറി സ്ക്കൂൾ, ബസേലിയോസ് കോളജ്, മാർ ഏലിയാ കത്തീഡ്രൽ, കോട്ടയം ഭദ്രാസന ഓഫീസ്, വിവിധ സ്റ്റുഡന്റ്സ് ഹോസ്റ്റലുകൾ എന്നിവ സ്ഥിതി ചെയ്യുന്നു. ഇപ്പോഴത്തെ എം.ഡി. ചർച്ച് സെന്റർ മുതൽ കളക്ട്രേറ്റ് വരെയുള്ള ഭാഗത്ത് ചെറിയ കടമുറികളിൽ കച്ചവടം നടത്തിയിരുന്നവർ കാലക്രമത്തിൽ പുറകിലുള്ള സ്ഥലങ്ങൾ കൈവശപ്പെടുത്തി. കച്ചവടം നടത്താൻ വന്നവർ താമസക്കാരായി. താല്ക്കാലിക ഷെഡ് ആയിരുന്നത് കെട്ടിടങ്ങൾ ആയി. താമസിക്കുന്നവരിൽ ചിലർക്ക് കുടികിടപ്പ് അവകാശവും പട്ടയവും ലഭിച്ചു. ഇവരെ ഒഴിപ്പിക്കുന്നതിനുള്ള വ്യവഹാരം 1957-ൽ ആരംഭിച്ചു. മജിസ്ട്രേറ്റ് കോടതി മുതൽ ഹൈക്കോടതി വരെ കേസുകൾ നീണ്ടു.

പ. ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ സ്ഥാനം ഏറ്റെടുത്തതിനെ തുടർന്ന് ഇത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തി. കേസുകൾ വിധിയാകുന്നതിനോടൊപ്പം ഓരോരുത്തരുമായുള്ള ചർച്ചകളും തുടർന്നു. നിരന്തരമായി നടത്തിയ ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി എല്ലാവരെയും ഒഴിപ്പിച്ച് ഈ സ്ഥലം മുഴുവൻ സഭയുടെ അധീനതയിൽ ആക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തു. മൂന്ന് ഏക്കറോളം വരുന്ന ഈ സ്ഥലത്ത് നടത്തേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധച്ചുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ഇതേ സ്ഥിതിയായിരുന്നു കോട്ടയത്തെ മനോരമതോപ്പ് എന്നറിയപ്പെടുന്ന സ്ഥലത്തിന്റേതും. ഇവിടെയുണ്ടായിരുന്ന 11 സെന്റ് സ്ഥലം സഭയ്ക്ക വേണ്ടി തിരിച്ച് എടുക്കാൻ സാധിച്ചു. പരിശുദ്ധ ബാവ തിരുമേനിയുടെ നിർദേശ പ്രകാരം പ്ലാൻ വരച്ച് നഗര സഭയുടെ അനുവാദം വാങ്ങി നിർമ്മാണ പ്രവർത്തനങ്ങൾ നവം. 10-ന് പ. കാതോലിക്കാ ബാവാ ശിലാസ്ഥാപനം നടത്തി ആരംഭിച്ചു. ഈ കെട്ടിട സമുച്ചയത്തിൽ മൂന്ന് നിലകളിലായി നാല് അപാർട്ടുമെന്റുകൾ ഉൾക്കൊള്ളും.



പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമന്റെ നാമത്തിൽ കോട്ടയത്ത് നിർമ്മിക്കുന്ന സ്മൃതി മന്ദിരത്തിന്റെ ശിലാസ്ഥാപനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു.

എം.ഡി. സെമിനാരിയുടെ സ്ഥലത്ത് ഒരു വലിയ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് വർഷങ്ങളേറെയായി. എന്നാൽ ഇപ്പോൾ അത് യാഥാർത്ഥ്യത്തോട് അടുക്കുന്നു. ഏതാനും മാസങ്ങൾക്ക് ഉള്ളിൽ അനുവാദം ലഭിക്കും.

മലങ്കരസഭയുടെ പ്രവർത്തനത്തിനുള്ള നിത്യ വരുമാന സ്രോതസ്സ് ആയി നിലകൊള്ളുന്ന എം.ഡി. ചർച്ച് സെന്ററിന്റെ മുകളിൽ ഒരു നിലകൂടി പണിയുക എന്നത് എക്കാലത്തെയും ഒരു ആഗ്രഹമായിരുന്നു. ഇതിനുള്ള അനുവാദവും ഉടനെ ലഭിക്കുവാൻ തക്കവണ്ണമുള്ള നടപടികൾ പൂർത്തിയായി. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ വാങ്ങിയ എം.ഡി. സെമിനാരിയുടെ സ്ഥലം പലപ്പോഴായി നഷ്ടപ്പെട്ടതല്ലാതെ ഇതിനോട് ചേർന്ന് ഒരു സെന്റ് സ്ഥലം പോലും പുതുതായി വാങ്ങുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ പ. ബാവാ തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം എം.ഡി. സെമിനാരിയോട് ചേർന്ന് 79 സെന്റ് സ്ഥലം പുതുതായി വാങ്ങി.

കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് കാരാപ്പുഴയിലും ദേവാലോകത്തുമായി 30 ഏക്കറോളം വരുന്ന സ്ഥലം സഭയ്ക്കായി പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ വാങ്ങി. ദേവലോകത്തെ സ്ഥലത്താണ് മാർ ബസേലിയോസ് പബ്ലിക് സ്ക്കൂൾ. കാരാപ്പുഴയിൽ വാങ്ങിയ 14 ഏക്കർ സ്ഥലത്തിന് ചുറ്റുമതിൽ ഇല്ലാതെ വർഷങ്ങളോളം കിടന്നതിന്റെ ഫലമായി ചിലർ കൈയ്യേറുവാൻ തുടങ്ങി. ഈ സ്ഥലം സംരക്ഷിക്കുന്നിനുള്ള ശ്രമം പ. കാതോലിക്കാബാവായുടെ നിർദ്ദേശപ്രകാരം ഈ കാലയളവിൽ നടപ്പിലാക്കുവാൻ സാധിച്ചു. ഇവിടെയുള്ള കയ്യേറ്റങ്ങൾ എല്ലാം ഒഴിപ്പിച്ച് ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തു. പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്ത് ഈ സ്ഥാപനങ്ങൾ തുടങ്ങാനുണ്ടായ തടസം റോഡിന് വീതി കുറവായിരുന്നു. എന്നാൽ ഇപ്പോൾ ഒരു പുതിയ റോഡിന്റെ സൗകര്യം കൂടി ലഭിക്കുവാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തിയുടെ റോഡ് ഉപയോഗിക്കുവാൻ അനുമതി ലഭിച്ചു. ഇപ്പോൾ ഈ സ്ഥലത്തേക്ക് രണ്ട് റോഡുകളുടെ സൗകര്യം ലഭിക്കുകയും അതിനായി രണ്ട് ഗയിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സഭയ്ക്ക് വസ്തു സംരക്ഷണത്തിൽ ഉണ്ടായ നേട്ടം വിശദീകരിച്ചു സഭാ മാനേജിംഗ് കമ്മറ്റിയിൽ പ. കാതോലിക്കാ ബാവയുടെ നിർദേശത്തെ തുടർന്ന് എ.കെ. ജോസഫ് നടത്തിയ പ്രസംഗത്തിൽ നിന്ന്).

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444, Res. 2724224, 2727788 (Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു



കാരുണ്യ സ്പർശത്തിന്റെ രജത ശോഭ

പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക രജത ജൂബിലി ആഘോഷം ഡിസംബർ 18-ന് ഞായറാഴ്ച മൂന്നു മണിക്ക് കോലഞ്ചേരി പ്രസാദം സെന്ററിൽ നടത്തും.

മാനവ സേവ മാധവ സേവയാണെന്നുള്ള യാഥാർത്ഥ്യ ബോധത്തോടെ, സമൂഹത്തിലെ പാർശ്വവല്ക്കരിക്കപ്പെട്ടവരേയും, അനാഥരേയും, രോഗികളേയും, ആലംബഹീനരേയും, നിരാശ്രയ രേയും മാനസിക സംഘർഷമനുഭവിക്കുന്നവരേയും സഹായിക്കുവാനും സംരക്ഷിക്കുവാനുമുള്ള പരിശ്രമത്തിലാണ് മലങ്കര ഓർത്ത ഡോക്സ് സഭയുടെ പുരാതന ഭദ്രാസനങ്ങളിൽ പ്രമുഖവും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുൻപന്തിയിലുമായ കണ്ടനാട് വെസ്റ്റ് ഭദ്രാസനം. ഈ ഭദ്രാസന ത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി ഇവയെല്ലാം യാഥാർത്ഥ്യമാക്കിക്കൊണ്ടി രിക്കുകയാണ്.

കാരുണ്യ സ്പർശവുമായി കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയേറ്റ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ ദർശനവും കർമ്മപഥവുമാണ് മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി. ദുരിതമനുഭവിക്കുന്നവരെ കൈവിടാതെ പരിരക്ഷിക്കുവാൻ രൂപീകരിച്ച മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി 595/94 നമ്പർ ആയി ഗവൺമെന്റ് സൊസൈറ്റി ആക്ട് അനുസരിച്ച് 1994 ൽ രജിസ്റ്റർ ചെയ്ത് ജീവകാരുണ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഇടയ ശുശ്രൂഷയിൽ പണിതുയർത്തിയത് കാരുണ്യസ്പർശത്തിന്റെ വിവിധ പദ്ധതികളാണ്.

1. പ്രതീക്ഷ ഭവൻ

കണ്ടനാട് ഭദ്രാസനത്തെ ഒന്നര ദശാബ്ദക്കാലം നയിച്ച ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണാർത്ഥം കൂത്താട്ടുകുളത്തിനടുത്ത് പാലക്കുഴയിൽ എം. സി. റോഡിനരികിലായി സ്ഥാപിതമായിരിക്കുന്ന പ്രതീക്ഷാ ഭവൻ, പ്രഥമ സംരംഭമാണ്. 1996-ൽ പ്രവർത്തന സജ്ജമായ ഇവിടെ ബുദ്ധിമാന്ദ്യമുള്ളവരും വികലാംഗരുമായ 35 സ്ത്രീകൾ കിഴക്കമ്പലം ബേത്‌ലഹേം ദയറാ യിലെ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലും പരിചരണത്തിലുമായി കഴിയുന്നു.

2. പ്രശാന്തി ഭവൻ

വാർദ്ധക്യ സഹജമായ പ്രയാസത്താലും കഠിന രോഗങ്ങളാലും ക്ലേശിക്കുന്നവർക്കായുള്ള ആജീവനാന്ത സംരക്ഷണകേന്ദ്രമായ പ്രശാന്തി ഭവൻ സ്ഥിതിചെയ്യുന്നത് കോലഞ്ചേരിയ്ക്കടുത്ത് കടയിരുപ്പിലാണ്. ഇരുപത്തി ഒന്ന് അന്തേവാസികളുള്ള ഇവിടെ വിദഗ്ധ ഡോക്ടറന്മാരുടെ സേവനം സ്ഥിരമായി രോഗികൾക്ക് ലഭിക്കുന്നു.

3. പ്രത്യാശ ഭവൻ

ബുദ്ധിമാന്ദ്യം സംഭവിച്ചവരും വികലാംഗരുമായ നിർദ്ധനരായ പുരുഷന്മാർക്കുള്ള സംരക്ഷണ കേന്ദ്രമായ പ്രത്യാശ ഭവൻ 2001-ൽ ഏഴ് അന്തേവാസികളുമായി തുടങ്ങി. 2003 മുതൽ പാമ്പാക്കുടയ്ക്ക് സമീപം തെക്കൻ പിറമാടത്ത് പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ 30 പേരെ സംരക്ഷിക്കുന്നു.

4. പ്രദാനം ചികിൽസാ പദ്ധതി

കണ്ടനാട് ഭദ്രാസനം രൂപീകൃതമായ തിന്റെ 125-ാം വാർഷിക സ്മാരകമായി ആരംഭിച്ച പ്രദാനം ചികിൽസാ സഹായ പദ്ധതിയിലൂടെ നിർദ്ധനരായ രോഗികൾക്ക് സൗജന്യ ചികിൽസാ സഹായം നല്കിവരുന്നു. അനവധി രോഗികൾക്ക് ഭദ്രാസന ഭരണ കേന്ദ്രമായ പ്രസാദം സെന്ററിൽ പ്രവർത്തിക്കുന്ന പ്രയോജന മെഡിക്കൽ സെന്ററിൽ നിന്ന് സൗജന്യമായി മരുന്നുകളും എല്ലാമാസവും സ്ഥിരമായി നല്കിവരുന്നു.

5. പ്രമോദം അന്നദാന പദ്ധതി

വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുകയെന്നത് കാരുണ്യ പ്രവർത്തികളിൽ പ്രഥമ സ്ഥാനത്തുള്ളതാണ്. അതിന്റെ പ്രായോഗീകരണമാണ് പ്രമോദം. സർക്കാർ ആശുപത്രികളിൽ ചികിൽസയിൽ കഴിയുന്ന രോഗികൾക്ക് ദിനംപ്രതി മുടങ്ങാതെ ഭക്ഷണം നല്കിവരുന്നു. 15 ഗവണ്മെന്റ് ആശുപത്രികളിലായി ദിവസവും ആയിരത്തി ഇരുന്നൂറോളം പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

6. പ്രപാലനം

അസംഘടിത മേഖലയിലും കാർഷിക മേഖലയിലും പണിയെടുത്തിരുന്ന നിർദ്ധനരും അറുപതു വയസ്സിനുമേൽ പ്രായമുള്ളവരും നിരാലംബരുമായ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയാണിത്. 2010 ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ജാതിമത ഭേദമെന്യേ 110 ത്തോളം പേർക്ക് മാസം തോറും മുടങ്ങാതെ ഇരുനൂറ്റമ്പത് രൂപവീതം നൽകിവരുന്നു.

7. പ്രഭാതം കംപ്യൂട്ടർ സെന്റർ

സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി ജോലി ചെയ്ത് ജീവിക്കുവാൻ പ്രാപ്തരാക്കുവാനുള്ള പരിപാടിയുടെ ഭാഗമാണിത്. ജാതിമത ഭേദമെന്യേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി കംപ്യൂട്ടർ പരിശീലനം നൽകുന്നു. 2011-ൽ ആരംഭിച്ചതാണ് ഈ സ്ഥാപനം.

8. പ്രബോധനം റഫറൻസ് ലൈബ്രറി

ജാതിമത ഭേദമെന്യേ എല്ലാവർക്കും വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ സൗജന്യമായിരുന്ന് വായിക്കുവാനും, പഠിക്കുവാനും അറിവുനേടുവാനും ഉള്ള ഒരു റഫറൻസ് ഗ്രന്ഥശാലയാണിത്. ഇന്റർനെറ്റിന്റെ പ്രയോജനം

ലഭ്യമാകത്തക്കവിധത്തിലുള്ള ക്രമീകരണങ്ങൾ ഉണ്ട്.

9. പ്രാപ്തി

നിത്യവൃത്തിക്കായി കഷ്ടപ്പെടുന്ന സാധാരണക്കാരായ മനുഷ്യർക്ക് പലപ്പോഴും തങ്ങളുടെ പ്രാപ്തിക്കപ്പുറമായ കാര്യങ്ങളെ നേരിടേണ്ടതായി വരാറുണ്ട്. അങ്ങിനെയുള്ളവരെ പ്രാപ്തരാക്കുവാൻ 2014-ൽ ആരംഭിച്ച പദ്ധതിയാണ് പ്രാപ്തി. ഭവന നിർമ്മാണം, വിദ്യാഭ്യാസം, വിവാഹം എന്നിവക്കായി പ്രതിവർഷം 15 ലക്ഷം രൂപയോളം ജാതി മത ഭേദമെന്യേ പലർക്കായി ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു.

10. പ്രവാഹം

വൃക്ക രോഗത്താൽ അവശതയനുഭവിക്കുന്നവരെ പരിധിവരെ സഹായിക്കുന്നത് ഡയാലിസിസിലൂടെയാണ്. ഒരു ഡയാലിസിസിന് 750 രൂപ വീതം പ്രതിവർഷം 2000 ഡയാലിസിസിനുള്ള തുക ജാതിമത ഭേദമെന്യേ നല്കുന്ന പദ്ധതിയാണിത്.

11. പ്രസന്നം മാനസികാരോഗ്യ കേന്ദ്രം

മാനസിക രോഗികളായതിനാൽ സമൂഹത്തിൽ യാതൊരു സ്ഥാനവുമില്ലാതെ ജീവിക്കുവാൻ വിധിക്കപ്പെട്ടവരുടെ സ്ഥിതി ദയനീയമാണ്. ആലംബഹീനരും നിർദ്ധനരുമായ ഇവരെ പുനരധിവസിപ്പിച്ച് ആജീവനാന്തം സംരക്ഷണം നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ സ്ഥാപനം.

12. പ്രശാന്തം

കാൻസർ മൂലം വലയുന്നവർക്കൊരു ആശ്വാസഭവനമാണ് പ്രശാന്തം. ഇപ്രകാരമുള്ള 100 രോഗികളെ ആജീവനാന്തം സംരക്ഷിക്കുവാനുള്ള ക്രമീകരണമാണ് ഈ സ്ഥാപനത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്.

13. പ്രതിഭ

മലയാളികളുടെ രുചിക്കൂട്ടിന് പുത്തൻ അനുഭവമാണ് പ്രതിഭ കറി പൗഡർ. ശുദ്ധമായ കറിപൗഡറുകൾ വേറിട്ട രുചിയുടെ അനുഭവമാണ്.

14. പ്രയോജന

നിർധന രോഗികൾക്ക് മരുന്നുകൾ സൗജന്യമായി പ്രയോജന മെഡിക്കൽ ഷോപ്പു വഴി നൽകുന്നു. പാവപ്പെട്ടവർക്ക് പ്രതിദിനം 5000 രൂപായുടെ മരുന്നുകൾ കൊടുക്കുന്നു.

15. പ്രീതി

ഡിസംബർ 18-ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത് ആരംഭിക്കുന്ന പദ്ധതിയാണ് പ്രീതി ഫ്രീ ക്ലിനിക്ക് ആൻഡ് ലാബ്. പ്രാഥമികമായ പരിശോധനയും ചികിൽസയും മരുന്നും നിർധന രോഗികൾക്ക് സൗജന്യമായി നൽകും.

കണ്ടനാട് വെസ്റ്റ് ഭദ്രാസനം ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഇങ്ങനെ വിവിധ കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. വിലാസം: പ്രസാദം സെന്റർ, കോലഞ്ചേരി-682311, എറണാകുളം.

ഫാ. ജോസ് തോമസ്, പൂവത്തുങ്കൽ

CONGRATULATIONS

Dr. Abraham Varughese has been granted a patent by the Govt. of India for an invention titled "FLOATING RECORDER AND TRANSMITTER (FRAT)" for underwater vehicles.

He is a member of St.Stephen's Orthodox Church, Visakhap atnam and is currently working as a Scientist in Naval Science and Technological Laboratory, DRDO.

He is the son of Mr. M A Varghese and Mrs. Aleyamma Varghese who are members of St. George Orthodox Church, Karakkal, Thiruvalla.

നിയമിതനായി

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അഖില മലങ്കര ജനറൽ സെക്രട്ടറിയായി ഫാ. അജി കെ. തോമസ് നിയമിതനായി. ചെങ്ങന്നൂർ ഇടവങ്കാട് സെ. മേരീസ് ഇടവക അംഗവും മാവേലിക്കര വഴുവാടി മാർ ബസേലിയോസ് ഇടവക വികാരിയുമാണ്.

MGOCSM

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം 108-ാമത് വാർഷിക ക്യാമ്പ് 2016 ഡിസം. 26 മുതൽ 29 വരെ കോട്ടയം ബസേലിയോസ് കോളജിൽ നടത്തും. "By my God I can face All" (സങ്കീ. 18:29, ഫിലിപ്യർ 4:13) എന്ന വിഷയത്തിൽ അധിഷ്ഠിതമായി വിവിധ പഠന ക്ലാസുകളും ചർച്ചകളും സെമിനാറുകളും നടത്തും. രജിസ്ട്രേഷൻ www.mgocsm.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ക്യാമ്പ് ഫീ 100 രൂപ. പ്രസിഡന്റ്, ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഫാ. ഫിലൻ പി. മാത്യു, ഫാ. മോഹൻ ജോസഫ്, പ്രൊഫ. അലക്സാണ്ടർ വി. ജോർജ് എന്നിവർ മുഖ്യ നേതൃത്വം നൽകും. വിവരങ്ങൾക്ക്: 04812567338, 9947455184.

ആചാര്യ അവാർഡ്

മലങ്കര ഓർത്തഡോക്സ് സഭാ കവി സി.പി. ചാണ്ടിയുടെ സ്മരണയ്ക്കായി മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ മികച്ച അദ്ധ്യാപകർക്കുള്ള ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പതിനഞ്ചു വർഷം തുടർച്ചയായി അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ ഇരിക്കുന്നവരുമായ ഗവ. എയ്ഡഡ് എൽപി/യു.പി. ഹൈസ്ക്കൂൾ അദ്ധ്യാപകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്.

2017 മെയ് 4-ന് പത്തനംതിട്ടയിൽ വച്ച് അവാർഡ് സമ്മാനിക്കും. സെക്രട്ടറി, ആചാര്യ അവാർഡ് കമ്മറ്റി, ബേസിൽ അരമന, പത്തനംതിട്ട-689645 എന്ന വിലാസത്തിൽ 2017 ജനുവരി 31-ന് മുമ്പായി അപേക്ഷ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9447593058 എന്ന നമ്പറിൽ ബന്ധപ്പെടുക.

BRIDE WANTED

കോട്ടയത്തെ പുരാതന ഓർത്തഡോക്സ് കുടുംബത്തിലെ യുവാവ് 31/175 c.m., M.Com., Govt Aided Higher Secondary School -ൽ ലാബ് അസിസ്റ്റന്റ്. ഇടത്തരം സാമ്പത്തികം ദൈവഭയമുള്ള സാധാരണ കുടുംബത്തിലെ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9567135246
M4 marry: 4119421

BRIDE GROOM WANTED

Inviting marriage proposal for our daughter 25/165cm MSc. B.Ed. (Maths) SET qualified presently working as teacher in a government aided higher secondary school. seeking suitable alliance from grooms of God fearing families.

Mob: 0469 2665882
9495185055

BRIDE WANTED

ഓർത്തഡോക്സ് യുവാവ് 33/172, സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. സ്വകാര്യ സ്ഥാപനത്തിൽ ജോലി സാധാരണ കുടുംബം. ദൈവഭയവും ബിരുദവുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ഡിമാൻഡുകളില്ല.

Contact : 9605689689
M4 marry: 2769441

BRIDE GROOM WANTED

സൗദി മിനിസ്ട്രി നഴ്സ്, ഓർത്തഡോക്സ് 29/155. വിദേശത്തു ജോലിയുള്ള ഓർത്തഡോക്സ്, യാക്കോബായ യുവാക്കൾക്കു മുൻഗണന.

M4 marry: 4058829
Contact no:
9656254198
8606620115, 7561061827

BRIDE GROOM WANTED

Orthodox Priest hailing from Pathanamthitta currently in Bangalore, invites proposals for their daughter B.E (24yrs, 154cm) working for MNC Bangalore, from professionally qualified Orthodox boys preferably working in Bangalore.

Contact: 09448017360
LL No : 080-25586656
Mail ID : frjpeter@gmail.com

For Favours Received



ഒരു വിശ്വാസി
ഭോപ്പാൽ

Aswin Reji

CHURCHGOLD - CHURCH MANAGEMENT SOFTWARE

പ്രത്യേകതകൾ

- ✷ അക്കൗണ്ടിംഗ് പരിജ്ഞാനം ആവശ്യമില്ല
- ✷ ലളിതമായ ഉപയോഗ രീതി
- ✷ ഓർത്തഡോക്സ് സഭ നിർദേശിക്കുന്ന വരവ് ചിലവ് ഇനങ്ങൾ അക്കൗണ്ട് കോഡ് ഉൾപ്പടെ ലഭ്യമാണ്
- ✷ എസ് എം എസ്, ഡയറക്ടറി മുതലായ നൂതന സവിശേഷതകൾ
- ✷ എല്ലാ റിപ്പോർട്ടുകളും മലയാളം / ഇംഗ്ലീഷ് ഭാഷകളിൽ
- ✷ കുടിശ്ശിക, ബഡ്ജറ്റ്, പ്രാർത്ഥനാ യോഗം, വാർഡ് ഇടവക, മാമോദീസ, വിവാഹ, മരണ രജിസ്റ്ററുകൾ
- ✷ കേരളത്തിലുടനീളം പള്ളികളിൽ ഉപയോഗിക്കുന്നു
- ✷ പ്രൊഫഷണൽ സർട്ടിഫിക്കറ്റുകൾ
- ✷ ഡേറ്റാ സെക്യൂരിറ്റി സംവിധാനങ്ങൾ



CALL : 9447270101 / BENISON GEORGE VARUGHESE (CMD)

Bensoft

BENSOFT SYSTEMS (P) LIMITED

NEAR STADIUM JUNCTION, PATHANAMTHITTA P O, KERALA
Phone : 0468-2270101, 2270102 E-Mail : info@bensoftsystems.com

തടാകം ക്രിസ്തു ശിഷ്യാശ്രമം എൺപതിന്റെ നിറവിൽ



■ കെ. വി. മാമ്മൻ കോട്ടയ്ക്കൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ ബാഹ്യകേരള സുവിശേഷ പ്രവർത്തന കേന്ദ്രമായ കോയമ്പത്തൂർ തടാകം ക്രിസ്തു ശിഷ്യാശ്രമത്തിന്റെ എൺപതാം വാർഷികം ഡിസംബർ മൂന്നാം വാരത്തിൽ ആഘോഷിക്കുമ്പോൾ, ഒരു ആശ്രമത്തിന്റെ യഥാർത്ഥ ക്രിസ്തീയ സാക്ഷ്യത്തിന് വേദിയാകുന്നു.

അയർലണ്ടിലെ ഒരു കുലീന കുടുംബത്തിൽ ഒരു ബിഷപ്പിന്റെ പുത്രനായി ജനിച്ച ഹേർബർട്ട് പാക്കൻഹാം വാൽഷ് എന്ന മിഷനറി ഇന്ത്യയിൽ എത്തി ആസ്സാം ബിഷപ്പായും പ്രസ്തമായ കൽക്കട്ടയിലെ ബിഷപ്പ്സ് കോളജ് പ്രിൻസിപ്പലായും വിശിഷ്ട സേവനങ്ങൾ അനുഷ്ഠിച്ചു. റിട്ടയർ ചെയ്ത് പ്രിയപ്പെട്ട മലയാളി ശിഷ്യന്മാരുമൊത്ത് ഒരവികസിത കുഗ്രാമമായിരുന്ന തടാകം പ്രദേശത്തു 1936-ൽ ക്രിസ്തുശിഷ്യാശ്രമം സ്ഥാപിച്ചു മലങ്കരസഭയുടെ യഥാർത്ഥ ബന്ധുവായി ത്തീർന്നു.

മലങ്കരസഭയിൽ ഇരുവിഭാഗങ്ങൾ തമ്മിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ചില നിസ്സാര പ്രശ്നങ്ങളുടെ പേരിൽ നടത്തി വന്ന തർക്കവിതർക്കങ്ങളും കേസുകളും ഒഴിവാക്കി യോജിപ്പിൽ എത്തിക്കുന്നതിനും അവരെ സഭയുടെ മുഖ്യ ദൗത്യമായ സുവിശേഷ-സേവന പ്രവർത്തനങ്ങളിലേക്കു തിരിച്ചു വിടുന്നതിനും വേണ്ടി ആരംഭിച്ച ഒരു എളിയ സംരംഭമാണു സഭയേയും തടാകം പ്രദേശത്തെയും വലിയ അളവിൽ പ്രകാശമയമാക്കിയതെന്നു ആശ്രമത്തിന്റെ എൺപതു വർഷത്തെ ചരിത്രം സാക്ഷിക്കുന്നു.

സഭയിലെ ഭിന്നതകൾ പറഞ്ഞു തീർക്കുന്നിനു ബിഷപ്പ് വാൽഷ് 1935-ൽ പാത്രിയർക്കീസിനെ നേരിട്ടുകണ്ടു സംഭാഷണം നടത്തിയെങ്കിലും സമാധാന വ്യവസ്ഥകൾ പാത്രിയർക്കീസിനു സ്വീകാര്യമായി തോന്നിയില്ല. നേരത്തെ ബിഷപ്പ് മഞ്ഞനിക്കരയിൽ എത്തി യൂലിയോസ് മെത്രാപ്പോലീത്തായേയും സന്ദർശിച്ചു സംഭാഷണം നടത്തിയെങ്കിലും പ്രയോജനം ഉണ്ടായില്ല.

ഈ പശ്ചാത്തലത്തിലാണ് ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി ആശ്രമം പ്രവർത്തനങ്ങൾ നടത്തിയത്. സഭയിൽ സമാധാനം ഉണ്ടായില്ലെങ്കിലും 1959 ജനുവരി 9-ന് ബിഷപ്പു കാലം ചെയ്യുന്നതിനു മുമ്പ് 1958 ഡിസംബറിൽ സഭയിൽ സമ്പൂർണ്ണ സമാധാനം ഉണ്ടായി എന്ന സന്തോഷ വാർത്ത കേട്ട ശേഷമാണ് അദ്ദേഹം ദിവംഗതനായത്.

ബിഷപ്സ് കോളജിൽ നിന്നു റിട്ടയർ ചെയ്യുമ്പോൾ ലഭിച്ച പാരിതോഷികം കൊണ്ടാണു ആശ്രമത്തിനു വേണ്ടി നാലേക്കർ സ്ഥലം തടാകം ഗ്രാമത്തിൽ വാങ്ങിയത്. പിന്നീട് അയർലണ്ടിൽ പോയി കുടുംബ സ്വത്തും വിറ്റ് ആ പണവും ആശ്രമത്തിനുവേണ്ടി വിനിയോഗിച്ചു. അങ്ങനെ ഉന്നതദർശനങ്ങളോടെ തങ്ങളുടെ ലളിത ജീവിത മാതൃകകളും സ്വത്തുക്കളും മലങ്കരസഭക്കുവേണ്ടി ഒരു പലിശ രഹിത നിത്യനിധിയായി ബിഷപ്പ് വാൽഷും പത്നി ക്ലാറയും നിക്ഷേപിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിൽ നിന്നു വന്ന മിഷണറിമാർ പഴയ സെമിനാരിയിൽ നടത്തിയ മഹത്തായ സഹായ സേവന പ്രവർത്തനങ്ങൾ തുടരവേ ഉണ്ടായ ഭിന്നിപ്പുകൾ സഭയ്ക്കു വരുത്തി വച്ച ദോഷങ്ങൾ ഒരു പരിധിവരെ ബിഷപ്പ് വാൽഷ് ദമ്പതികളുടെ ഉൽകൃഷ്ടമായ രണ്ടാം സഹായ പദ്ധതിയിലെ സേവനങ്ങൾ മൂലം പരിഹരിക്കാനായി എന്നും ചൂണ്ടിക്കാട്ടാനാവും.

തന്റെ ശിഷ്യപ്രമുഖരിൽ ചിലരായ മലയാളി യുവാക്കളുമൊന്നിച്ചു തടാകത്തിൽ സുവിശേഷ സേവനപ്രവർത്തനങ്ങൾ ആരംഭിക്കാൻ ബിഷപ്പു ദമ്പതികൾ തീരുമാനിച്ചപ്പോൾ അതു മലങ്കര സഭയുടെ ചരിത്രത്തിലെ ഒരു നവയുഗം ആരംഭിച്ചു എന്നു പറയാം. ശിഷ്യപ്രമുഖരിൽ പ. മാത്യൂസ് പ്രഥമൻ ബാവായും ആശ്രമത്തിന്റെ പ്രഥമ ആചാര്യ ഫാ. കെ. സി. വറുഗീസും ഫാ. സി. വി. യോന, ടി.ഒ. മാത്യു മുതലയാവരും ഉൾപ്പെടുന്നു.

സിറിയൻ സ്റ്റുഡന്റ്സ് കോൺഫറൻസിലേയും (ഇന്നു വിദ്യാർത്ഥിപ്രസ്ഥാനം) പുതുപ്പള്ളി നിലയ്ക്കൽ കൺവൻഷനിലേയും മറ്റും മുഖ്യ പ്രസംഗകനായി കേരളത്തിൽ വന്നിട്ടുള്ള ബിഷപ്പ് വാൽഷ് മലയാളികൾക്കു അന്യനല്ലായിരുന്നു. മലങ്കര സഭയുടെ അന്യൂനമായ വിശ്വാസത്തെപ്പറ്റി ആഴത്തിൽ പഠിച്ചു അദ്ദേഹം പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. ആശ്രമം സ്ഥാപിച്ച ശേഷം കാന്തത്തെ ഇരുമ്പാകർഷിക്കുന്നുപോലെ ഒട്ടധികം യുവാക്കൾ ആശ്രമത്തിൽ എത്തുകയും സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഏതാനും പേർ വൈദികരായി സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

ആരംഭം മുതലേ ആശ്രമത്തിന്റെ ചുമതല ഒരു ഗവേണിംഗ് ബോർഡിലും സഭ നിയോഗിക്കുന്ന വിസിറ്റർ ബിഷ

എട്ട് പ്രധാന പുസ്തകങ്ങൾ

1.	മലങ്കരസഭയുടെ സമുന്നത സാരഥികൾ	-	700 രൂപ
2.	സഭാ കേസുകളുടെ സമഗ്ര സമാഹാരം	-	600
3.	പുത്തൻകാവു മാർ പീലക്സിനോസ് തിരുമേനി	-	200
4.	പ. വട്ടശ്ശേരിൽ തിരുമേനി	-	175
5.	പ. ഔഗേൻ ബാവാ	-	80
6.	സഭയുടെ മിഷൻ രംഗം	-	200
7.	സഭാ ചരിത്രം	-	500
8.	പ. ഗീവർഗീസ് ദ്വിതീയൻ ബാവാ	-	200

ആവശ്യപ്പെടുക: കെ.വി. മാമ്മൻ, കോട്ടയ്ക്കൽ,
മാങ്ങാനം, കോട്ടയം-686018, ഫോൺ: 0481-2578936

പ്പിലും നിക്ഷിപ്തമാണ്. ഇപ്പോൾ ഡോ. സഖറിയാസ് മാർ തെയോഫിലോസാണു വിസിറ്റർ ബിഷപ്പ്.

അശീതി സ്മാരകമായി എൺപതു ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ചിരിക്കുന്ന ധ്യാനമന്ദിരത്തിന്റെ ഉദ്ഘാടനവും ഈ മാസം നടത്തും. തടാകം ഗ്രാമം വെള്ളമില്ലാത്ത സ്ഥലമാണ്. ആശ്രമം മുഖേന അവിടുത്തെ ജനങ്ങൾക്കു ആധ്യാത്മികവും ഭൗതികവുമായ രംഗങ്ങളിൽ വൻ പുരോഗതി ഉണ്ടായി. മതപരിവർത്തനം ആശ്രമത്തിന്റെ ലക്ഷ്യമല്ല. ക്രിസ്തീയ സാക്ഷ്യത്തിലൂടെയുള്ള മനപരിവർത്തനവും സാംസ്ക്കാരിക ജീവിത വളർച്ചയും സ്നേഹാധിഷ്ഠിത ജീവിതവുമാണു മുഖ്യ ലക്ഷ്യം. ആദ്യകാലം മുതലേ ആശ്രമം ജനങ്ങളുടെ ആരോഗ്യ-ശുചീകരണ-പ്രസവ ശുശ്രൂഷാ സേവന രംഗങ്ങളിലും ചെറിയ തോതിലുള്ള ഡിസ്പൻസറി പ്രവർത്തനത്തിലും ശ്രദ്ധിച്ചതിനാൽ തടാകത്തിന്റെ മുഖഛായ അക്ഷരാർത്ഥത്തിൽ മാറ്റാൻ സാധിച്ചു.

ബിഷപ്പ് വാൽഷ് രോഗശാന്തിവരമുള്ള ഒരാളായിരുന്നതിനാൽ രോഗികളെ എണ്ണപൂശി പ്രാർത്ഥിച്ചു സുഖപ്പെടുത്തിയിരുന്നു. ജവിത സായാഹ്നത്തിൽ അനേക ശതം രോഗികൾക്കു കത്തുകളിലൂടെ ആശ്വാസം പകരുകയും പ്രാർത്ഥിക്കുകയും ചെയ്തു. ബിഷപ്പിന്റെ മരണശേഷം ബിഷപ്പു വാൽഷ് സ്മാരക ആശുപത്രിയാണ് ഇന്നു ബിഷപ്പിന്റെ ഹീലിംഗ് മിഷൻ അന്യൂനം തുടരുന്നത്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ആശുപത്രി പ്രതിഫലം പറ്റാത്ത, വെല്ലൂരിൽ നിന്നു റിട്ടയർ ചെയ്ത ഒരു സംഘം വിദഗ്ധ ഡോക്ടർമാരുടെ ചികിത്സ മൂലം തടാകത്തിന് ചുറ്റുമുള്ള പതിനഞ്ചോളം ഗ്രാമങ്ങളുടെ ആശാകേന്ദ്രമായ ആതുരാലയമാണ്. ആശുപത്രിക്കു പുറമേ സ്ക്കൂളും, ബാലഭവനും, അട്ടപ്പാടിയിലെ ആശ്രമ ബ്രാഞ്ചായ തെങ്കര ആശ്രമവും എല്ലാം ആശ്രമത്തിന്റെ സേവനരംഗത്തെ കെടാത്ത ദീപസ്തംഭങ്ങളാണ്. ■

മനോഹരമായ ഭൂമിയ്ക്കും, ആകാശത്തിനും മധ്യേ,
നല്ലവരായ ജനങ്ങൾക്കുമൊപ്പം ദൈവകൃപയാൽ
ഞങ്ങൾ ഒരുമിച്ച 25 വർഷം

മുന്തിരി വള്ളിയും ഒലിവുതൈകളും

ഭാര്യ ഭവനത്തിലെ മുന്തിരിവള്ളിയും മക്കൾ മേശയ്ക്കുചുറ്റും ഒലിവുതൈകളും ആയിരിക്കും എന്ന ദൈവവചനം ഞങ്ങൾക്കും നിങ്ങൾക്കും ഭവിക്കട്ടെ എന്ന പ്രാർത്ഥനയോടെ...

SHAJI PANAVILA & LALY PANAVILA

PANAVILA ADVTG. R O Jn., Anchal, Kollam, kerala. 0475 2270700, 94467 96699

Dr. Lovely Panavila (Pharm-D, Navodaya Medical College, Raichur, Karnataka)
Lesly Panavila (4th year LLB, Madras Law College, Chennai)
Blesly Panavila (1st year Chemical Engg. with MBA, Lovely University, Punjab)

25th Wedding Anniversary Function
at YMCA Hall, Anchal On 1st Jan. 2017 between 4 pm-6 pm

പനവിള കുടുംബയോഗം - 2017 Function at YMCA Hall, Anchal On 1st Jan. 2017 at 4pm-6pm

A User-Friendly Church Operations and Accounting Suite

HA MANAHEL

CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities.

A Few Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Receipts & Payments ■ Financial Statements / Quarterly ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, First Communion, Premarital Counseling ■ Certificates ■ Special Receipt for Qurbana Panam, ... ■ Income & Expenditure A/c (Malankara Orthodox Suriyani Sabha) ■ ...

☎ 09446431460 / 09447046957 / 09495673797 / 9400580620
bilumathew@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

Software available for all denominations

Installed Orthodox churches including :

Niranom, Mallappally Kaipatta, Kaviyoor Sleeba, Panayampala, Naganchery, Thiruvalla—Kattappuram, Kolencherry, Mulamthuruthy, Trichur St Ignatius Cathedral, Anaprampal, Australia / Brisbane St George (Indian), New Delhi St. Stephen's, Chengaroor, Kuttapuzha (Tiruvalla), Ichilampadi (Mangalapuram), Chennithala,, & other denomations - Maramon, , Eraviperoor, Pandanad, Kollam, Saudi, Muscat, Qatar, Chicago, Bomaby, Bangalore, Delhi, Ernakulam, Trichur, Alapuzha, Ranny, Karavaloor, Chathannur, Kundara, Trivandrum, Chungathara, Ayroor, Perumbavoor, Kottarakkara, Valakom, Panavely, ... (More than 150 installations till September 2016)

Annual Income & Expenditure as per Malankara Orthodox Sabha Audit Requirement

35-ാം പേജിൽ നിന്നും...

ത്തോടും കൂടി കാലത്തിനനുസരണമായി വരുത്തേണ്ടുന്ന മാറ്റങ്ങൾ വരുത്തി പ. സഭയെ ഇന്നു നാം കാണുന്ന പുരോഗതിയുടെ പാതയിലേക്ക് ഈ പിതാവ് നയിച്ചു. തനിക്കെതിരായുള്ള വിമർശനങ്ങളെ പുച്ഛിച്ചു തള്ളുവാനല്ല മറിച്ച് ഉൾക്കൊള്ളേണ്ട കാര്യങ്ങൾ ഉൾക്കൊണ്ട് മുമ്പോട്ടു പോകുവാൻ ഈ പിതാവിനുള്ള മനസ്സ് എതിരാളികൾ പോലും അഭിനന്ദിക്കുന്നതാണ്. സ്വഭാവത്തിൽ പരുക്കനായി തോന്നാമെങ്കിലും അടുക്കും തോറും അദ്ദേഹം കാട്ടുന്ന വാത്സല്യവും കരുതലും ആർക്കും ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. തെക്കും വടക്കുമുള്ള വ്യത്യാസമില്ലാതെ മിക്കവരെയും വ്യക്തിപരമായി അറിയാവുന്ന തിരുമേനിയുടെ ബന്ധം പിതാവിന്റെ ഇടയത്വ ശുശ്രൂഷയ്ക്ക് വളരെയേറെ വിജയകരമായിരുന്നു. ശാസിക്കുവാനും, ശിക്ഷിക്കുവാനും, കരുതുവാനും, വാത്സല്ലിക്കുവാനുമുള്ള തിരുമേനിയുടെ മനസ്സ് ദൈവതുല്യമാണ്.

കേരള ക്രൈസ്തവ സമൂഹത്തിൽ സംപൂജ്യരായി വിരാജിച്ച ഈ പിതാക്കന്മാരുടെ സ്ഥാനം മറ്റു സഭാതലവന്മാരിൽ പ്രഥമ ഗണ്യരായി കണക്കാക്കാമായിരുന്നു. ഇവർ തങ്ങളുടെ സ്ഥാന മഹിമയ്ക്ക് കോട്ടം വരാതെ ജീവിച്ചവരും, തങ്ങൾ വസിച്ച സ്ഥലത്തിന്റെ നാമമായ ദേവലോകത്ത് ദേവന്മാരായി സമൂഹം ആദരിക്കുകയും, അംഗീകരിക്കുകയും ചെയ്തവരാണെന്ന് തർക്കമില്ലാത്ത സംഗതിയാണ്. ഈ മൂന്ന് പിതാക്കന്മാരും മലങ്കരസഭയുടെ അമൂല്യ രത്നങ്ങളാണ്, സഭയുടെ ആവശ്യഘട്ടങ്ങളിൽ ദൈവം കൈപിടിച്ച് എഴുന്നേൽപ്പിച്ച് ഈ സഭയ്ക്ക് നേതൃത്വം നൽകുവാൻ നിയോഗിച്ച പ്രധാന ഇടയന്മാരാണ്. അവരുടെ പ്രാർത്ഥന പ. സഭയ്ക്കെന്നും കോട്ടയായിരിക്കട്ടെ. ■

അഭ്യർത്ഥന

പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവായുടെ കൃതികൾ *വട്ടക്കുന്നേൽ മാത്യൂസ് റാബോ കാതോലിക്കാ* എന്ന പേരിൽ അഞ്ചു വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. ഇനി രണ്ട് വാല്യങ്ങൾ കൂടി ഉടനെ പ്രസിദ്ധീകരിക്കും. അതിലേക്ക് പ. ബാവായുടെ സ്വകാര്യ കല്പനകൾ, ഫോട്ടോകൾ, ഡയറികൾ, പ്രസംഗങ്ങൾ, പൊതുകല്പനകൾ, എന്നിവ കൈവശമുള്ളവർ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഡോ. എം. കുര്യൻ തോമസ്, 9447055585

In Everloving Memory of

CHINNAMMA VARGHESE	O.V. VARGHESE
(05-07-2000)	(30-12-1982)

Olickel, Vayalathala

Inserted By:
Annamma George & Family; O.V. Thomas & Family,
Aleyamma George & Family; O.V. John & Family,
Annamma Samuel & Family; O.V. Mathew & Family,
Omana Varghese, E.V. Varghese, Vinod Varghese, Blessy, Janis,
Mariyam, Iona, & Adv. Vivek Varghese, Neenu Vivek
Edamurickel, Noorommave, Mallappally.

സെന്റ് തോമസ് സ്കൂൾ
സാഹിബാബാദ്, ഗാസിയാബാദ്
ST. THOMAS SCHOOL SAHIBABAD
PEARL JUBILEE YEAR 2016
പേൾ ജൂബിലി സമാപന സമ്മേളനം
2016, ഡിസംബർ 18 ഞായർ വൈകിട്ട് 5 മണിക്ക്
സഭാപിതാക്കന്മാർ, കേന്ദ്ര, സംസ്ഥാന മന്ത്രിമാർ, സാംസ്കാരിക നായകന്മാർ
രാഷ്ട്രീയ നേതാക്കൾ, പൗരപ്രമുഖർ, മുതലായവർ പങ്കെടുക്കുന്നു.
സാംസ്കാരിക ഘോഷയാത്ര, കലാപരിപാടികൾ,
30 പെൺകുട്ടികൾക്ക് 30,000 രൂപ വീതമുള്ള വിദ്യാഭാസ സ്കോളർഷിപ്
സുവനീർ പ്രകാശനം, പൂർവ്വ വിദ്യാർത്ഥി സംഗമം
PRESIDENT
H. H. Baselios Marthoma Paulose II
Catholicos of The East &
Malankara Metropolitan
VICE PRESIDENT
H. G. Dr. Youhanon Mar Demetrios
Metropolitan, Delhi Diocese.
ഡൽഹി ഭദ്രാസനത്തിൽപ്പെട്ട ഗാസിയാബാദ്
സെ. തോമസ് ഓർത്തഡോക്സ് പള്ളിയുടെ ചുമതലയിൽ
പ്രവർത്തിക്കുന്ന സെ. തോമസ് സ്കൂൾ 30 വർഷം പിന്നിടുന്ന
ഈ ധന്യ നിമിഷത്തിൽ അഭ്യുദയകാംക്ഷികളായ എവർക്കും
പ്രാർത്ഥനാപൂർവ്വം നന്ദി കരേറ്റുന്നു.
പേൾ ജൂബിലി സമാപന സമ്മേളനത്തിൽ നിങ്ങളേവരേയും
സഹർഷം ക്ഷണിക്കുന്നു.
വിശ്വസ്തതയോടെ
ഫാ. സജി യോഹന്നാൻ
ചെയർമാൻ
ഫാ. ലെനി ചാക്കോ
മാനേജർ
St. Thomas School,
Indirapuram, GZB.
St. Thomas School,
Indraprasta, Loni, GZB.
St. Thomas Clinic,
Lajpat Nagar, GZB.

St. STEPHEN'S ORTHODOX SYRIAN CHURCH, VISAKHAPATNAM

BANGALORE DIOCESE

2017 ജനുവരി മാസം 7, 8 (ശനി, ഞായർ) തീയതികളിൽ
ഇടവകയുടെ പെരുന്നാളും കൺവൻഷനും
ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ വാർഷികസമ്മേളനവും,
അഹമ്മദാബാദ് ഭദ്രാസനാധിപൻ
അഭി. ഡോ: ഗീവർഗ്ഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ
ഭക്തിനിർഭരം കൊണ്ടാടുന്നു.
ഏവരേയും പ്രാർത്ഥനാപൂർവ്വം സ്വാഗതം ചെയ്തുകൊള്ളുന്നു.



ഏവർക്കും വിശാഖപട്ടണം
സെൻറ് സ്ലീഫൻസ് ഇടവകയുടെ
ക്രിസ്തുമസ്
പുതുവത്സര
ആശംസകൾ

HG Dr. Abraham Mar Seraphim
Metropolitan
Bangalore Diocese

HG Dr. Geevarghese Mar Yulios
Metropolitan
Ahmedabad Diocese

Rev.Fr. Cyril Varghese Vadakkadath
Vicar

T.Y. Varghese
Hon. Trustee



C. Daniel Ponnachan
Hon. Secretary

Church Managing Committee Members:

Dr. Abraham Varghese | Dr. Manu Korulla | Mr. John George | Mr. Johnson K George
Mr. K K Mathew | Mr. Binu J George | Mrs. Leena Binu Joshua | Mr. Binu Immanuel
Mrs. Gracykutty | Mr. E J Jose | Mrs. Joice Thomas | Mr.David John
Mr. Sunny Abraham | Mr. Jaymon P Cherian (Internal Auditor)

11-4-4, Rockdale Layout, Visakhapatnam - 530 002, A.P. Ph: 0891-2562046 Cell: 096630 17919

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/December/2016

RNI No. 3076/57, Registered No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

ഫാ. മത്തായി നൂറനാൽ

14 –ാം ചരമവാർഷികം

29 നവംബർ 2016

മതമതിലുകൾക്കപ്പുറം അരനൂറ്റാണ്ടിലേറെ
ജനനന്മയ്ക്കായി പ്രവർത്തിച്ച കർമ്മയോഗി

മലങ്കര സഭയുടെ ഏക എ ഗ്രേഡ് ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ ബത്തേരി സെന്റ് മേരീസ് കോളേജിന്റെ സ്ഥാപകൻ; സംസ്ഥാനത്തെ ഏറ്റവും മികച്ച സഹകരണ ബാങ്കിനുള്ള അവാർഡ് നേടിയ ബത്തേരി സഹകരണ ബാങ്കിന്റെ ശില്പി; ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ പ്രഥമ മലയാളി ഡയറക്ടർ; വയനാട് ജില്ലാ രൂപീകരണത്തിനു വഴിതെളിച്ച പുനരേകീകരണ-വികസന സമിതിയുടെ പ്രഥമ പ്രസിഡന്റ്; ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റി; ബത്തേരി കത്തീഡ്രൽ സ്ഥാപകൻ; കേരളത്തിലെ റൂറൽ വൈ.എം.സി.എ. വ്യാപനത്തിൽ മുഖ്യപങ്കാളി; കുടിയേറ്റ ജനതയുടെ ആദ്യകാല നേതാവ്...

തന്റെ കർമ്മഫലങ്ങളിലൂടെ അദ്ദേഹം
ഇന്നും ജീവിക്കുന്നു!

Dr. Mathai's
International Holistic Health Centre Banglore

SOUKYA™

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-